# തിരുഹൃദയ മാസിക
(Sacred Heart Monthly)

**Vol. 86**
**2021 April - June 6**

86
Years of
Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press Building
K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  ബൈബിൾ കമ്മീഷൻ
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
  മീഡിയ കമ്മീഷൻ
  ലിറ്റർജി കമ്മീഷൻ
- കെ.സി.വൈ.എൽ
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
- കെ.സി.ഡബ്ല്യു.എ
- കെ.സി.സി.
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
  Gheevarghese Mar Aphrem
  Engagements
- പൊതുവാർത്തകൾ



**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 269

**ദൈവവിളിദിനം 2021**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 24-04-2021

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ഈ വർഷത്തെ ദൈവവിളിദിന സന്ദേശം നിങ്ങളുടെ ഏവരുടെയും പഠനത്തിനും വിചിന്തനത്തിനുമായി നൽകുന്നു. ഇതിന്റെ വെളിച്ചത്തിൽ നമ്മുടെ ഓരോരുത്തരുടെയും ദൈവവിളിയെപ്പറ്റി ആഴത്തിൽ ചിന്തിച്ചു അതിനെ പൂർണ്ണമനസ്സോടെ അനുധാവനം ചെയ്യുവാൻ ഓരോരുത്തർക്കും സാധിക്കട്ടെയെന്നാശംസിക്കുന്നു. അതോടൊപ്പം നമ്മുടെ യുവജനങ്ങൾക്ക് അവരുടെ ദൈവവിളിയുടെ മാർഗ്ഗദർശികളാകാനും നമുക്കു പരിശ്രമിക്കാം.

ഇപ്പോഴത്തെ സാഹചര്യത്തിൽ പൊതുവായ ദൈവവിളി ക്യാമ്പുകൾ നടത്തുക അസാധ്യമായതിനാൽ ഇടവകയിലെ പൗരോഹിത്യ, സമർപ്പിത ദൈവവിളികൾ കണ്ടെത്തുവാനും അവരുടെ പേരുകൾ അതിരൂപത ദൈവവിളി കേന്ദ്രത്തിൽ യഥാസമയം നൽകുവാനും ബഹു. വികാരിമാരെ നിങ്ങൾ ഓരോരുത്തരും ആവുന്നത്ര താല്പര്യത്തോടെ സഹായിക്കണമെന്ന് സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. നിങ്ങളുടെ എല്ലാ പരിശ്രമങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**✠ മാർ മാത്യു മൂലക്കാട്ട്**
**കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത**

NB: ഈ സർക്കുലർ 2021 ഏപ്രിൽ 25-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതും ഇതിലെ ആശയങ്ങൾ എല്ലാ ദൈവജനത്തിനും ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ചെയ്യേണ്ടതുമാണ്.

Ref: 3472K-5/KCBC/OL/DS

22.04.2021

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ദൈവവിളിദിന സന്ദേശം – 2021

## വിശുദ്ധ യൗസേപ്പ്: ദൈവവിളിയുടെ സ്വപ്നം

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷക നായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വർഷം ആചരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഡിസംബർ 8-ന് യൗസേപ്പിതാവർഷം ആരംഭിച്ചുവല്ലോ. അതിനായി ഞാൻ 'പിതൃഹൃദയത്തോടെ' (പാത്രിസ് കോർദെ) എന്ന അപ്പസ്തോലിക ലേഖനം എഴുതുകയുണ്ടായി. അതിന്റെ ലക്ഷ്യം ഈ മഹാവിശുദ്ധനോട് നമുക്കുള്ള സ്നേഹം വർധിപ്പിക്കുക എന്നതായിരുന്നു. അദ്ദേഹം ഒരു അസാധാരണ വ്യക്തിയായിരുന്നു. അതേസമയം തന്നെ "മാനുഷികമായ നമ്മുടെ അനുഭവങ്ങളോട് വളരെ അടുത്തുനില്ക്കുന്ന"യാളുമാണ്. അത്ഭുതകരമായതൊന്നും അദ്ദേഹം ചെയ്തിട്ടില്ല. അദ്ദേഹത്തിന് പ്രത്യേകതരം സിദ്ധികളൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കണ്ടവർക്കാർക്കും പ്രത്യേകതയൊന്നും തോന്നിയതുമില്ല. അദ്ദേഹം പ്രശസ്തനോ ശ്രദ്ധേയനോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു വാക്കുപോലും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സാധാരണ ജീവിതത്തിലൂടെ അദ്ദേഹം ദൈവദൃഷ്ടിയിൽ അസാധാരണമായതു ചെയ്തു തീർത്തു.

ദൈവം ഹൃദയങ്ങൾ പരിശോധിക്കുന്നു (1 സാമു 16,7). ദൈനംദിനകാര്യങ്ങളുടെ നടുവിലും ജീവൻ നല്കാനും ഉത്പാദിപ്പിക്കാനും കഴിവുള്ള ഒരു പിതൃഹൃദയം ദൈവം വിശുദ്ധ യൗസേപ്പിൽ തിരിച്ചറിഞ്ഞു. ദൈവവിളികൾക്കും ഇതേ ലക്ഷ്യമാണുള്ളത് – ദൈനംദിനമുള്ള ജീവോത്പാദനവും നവീകരണവും. പിതാക്കന്മാരുടെയും മാതാക്കളുടെയും ഹൃദയം രൂപപ്പെടുത്താനാണ്

ദൈവം ആഗ്രഹിക്കുന്നത്: തുറവുള്ളതും മഹത്തായ തുടക്കങ്ങൾക്ക് ത്രാണിയുള്ളതും ജീവദാനത്തിന് ഔദാര്യമുള്ളതും ഉത്കണ്ഠകളെ ആശ്വസിപ്പിക്കാൻ ആർദ്രതയുള്ളതും പ്രത്യാശകളെ ശക്തിപ്പെടുത്തുവാൻ ആർജവമുള്ളതുമായ ഒരു ഹൃദയം. പൗരോഹിത്യത്തിലും സമർപ്പിതജീവിതത്തിലും ഈ ഗുണഗണങ്ങൾ വളരെ ആവശ്യമായിരിക്കുന്ന നാളുകളാണിത്. ദുർബലതയാലും പകർച്ചവ്യാധി മൂലമുള്ള സഹനങ്ങളാലും അടയാളപ്പെടുത്തപ്പെട്ട ഈ സമയം ഭാവിയെക്കുറിച്ചും ജീവിതത്തിന്റെതന്നെ അർത്ഥത്തെക്കുറിച്ചും അനിശ്ചിതത്വങ്ങളും ഭയങ്ങളും വിതച്ചുകഴിഞ്ഞു. വിശുദ്ധ യൗസേപ്പിതാവ് തന്റെ സഹജമായ മാന്യതയിൽ നമ്മെ സ്പർശിക്കുന്നത് "തൊട്ടടുത്ത വിശുദ്ധ"രിൽ ഒരാൾ എന്ന നിലയിലാണ്. അതേസമയം തന്നെ, അദ്ദേഹത്തിന്റെ ശക്തമായ സാക്ഷ്യം നമ്മുടെ യാത്രയിൽ മാർഗദർശകവുമാണ്.

ഓരോ വ്യക്തിയുടെയും ദൈവവിളിയിൽ മൂന്ന് പ്രധാന വാക്കുകൾ വിശുദ്ധ യൗസേപ്പ് നിർദ്ദേശിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് 'സ്വപ്ന'മാണ്. ഓരോരുത്തരും ജീവിതത്തിന്റെ പൂർത്തീകരണം സ്വപ്നം കാണുന്നവരാണ്. വിജയം, ധനം, വിനോദം മുതലായ ക്ഷണികമായ ലക്ഷ്യങ്ങൾകൊണ്ട് തൃപ്തിപ്പെടുത്താൻ സാധ്യമല്ലാത്ത വലിയ പ്രതീക്ഷകളും ഉന്നതമായ അഭിലാഷങ്ങളും പരിപോഷിപ്പിക്കുന്നവരാണ് നമ്മൾ. ആളുകളുടെ ജീവിതസ്വപ്നങ്ങളെ ഒറ്റവാക്കിൽ പ്രകടിപ്പിക്കാൻ പറഞ്ഞാൽ, അതിനുത്തരം ഊഹിച്ചെടുക്കാൻ ഒട്ടും പ്രയാസമുണ്ടാകില്ല. 'സ്നേഹിക്കപ്പെടുക' എന്നതായിരിക്കും അതിന്റെ ഉത്തരം. സ്നേഹമാണ് ജീവിതത്തിന് അർഥം നല്കുന്നത്. കാരണം, അത് ജീവിതത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്തുന്നതാണ്. തീർച്ചയായും, നല്കുന്നതിലൂടെയാണ് നമുക്ക് ജീവൻ ഉണ്ടാകുന്നത്; ഉദാരമായി നല്കുന്നതിലൂടെയാണ് അത് നാം കൈവശപ്പെടുത്തുന്നതും. ഇക്കാര്യത്തിൽ വിശുദ്ധ യൗസേപ്പിന് നമ്മോട് വളരെയേറെ പറയാനുണ്ട്. കാരണം, ദൈവംതന്നെ പ്രചോദിപ്പിച്ച സ്വപ്നങ്ങളിലൂടെ അദ്ദേഹം തന്റെ ജീവിതത്തെ ഒരു ദാനമാക്കി മാറ്റി.

സുവിശേഷങ്ങൾ നമ്മോട് നാലു സ്വപ്നങ്ങളെക്കുറിച്ച് പറയുന്നു (മത്താ 1,20; 2,13.19.22). അതാകട്ടെ ദൈവത്തിൽ നിന്നുള്ള വിളിയാണ്. എന്നാൽ അവ എളുപ്പത്തിൽ സ്വീകരിക്കാവുന്നവയായിരുന്നില്ല. ഓരോ സ്വപ്നത്തിനുംശേഷം യൗസേപ്പിന് താൻ സമ്പൂർണമായും വിശ്വാസം അർപ്പിച്ച ദൈവത്തിന്റെ നിഗൂഢമായ രൂപകല്പനകളെ പിൻതുടരുന്നതിനുവേണ്ടി സ്വന്തം പദ്ധതികൾ മാറ്റിവച്ച് അപകടകരമായത് ഏറ്റെടുക്കേണ്ടിവന്നു. എന്തിനാണ് രാത്രിയിൽ കണ്ട ഒരു സ്വപ്നത്തെ ഇത്രമാത്രം വിശ്വസിക്കുന്നതെന്ന് നമ്മൾ ചോദിച്ചേക്കാം. പുരാതനകാലങ്ങളിൽ സ്വപ്നങ്ങളെ വളരെ പ്രാധാന്യത്തോടെ കണ്ടിരുന്നെങ്കിലും ജീവിതത്തിന്റെ മൂർത്തമായ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ അതു ചെറിയ കാര്യം മാത്രമായിരുന്നു. എങ്കിലും, തന്നെ നയിക്കാൻ തന്റെ സ്വപ്നങ്ങളെ ഒരു വിഷമവും കൂടാതെ വിശുദ്ധ യൗസേപ്പ് അനുവദിച്ചു. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിങ്കലേക്ക് തിരിഞ്ഞിരുന്നതും അവിടന്നിലേക്ക് ചേർന്നിരുന്നതുമായിരുന്നു. ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ആന്തരിക കർണങ്ങൾക്ക് ഒരു ചെറിയ സൂചനമാത്രം മതിയാകുമായിരുന്നു. ഇത് നമ്മുടെ ദൈവവിളിയുടെ കാര്യത്തിലും ബാധകമാണ്. കാരണം, നമ്മുടെ സ്വാതന്ത്ര്യത്തെ സമ്മർദ്ദത്തിലാക്കിക്കൊണ്ട് അതിശയകരമായ രീതിയിൽ സ്വയം വെളിപ്പെടുത്താൻ ദൈവം ഇഷ്ടപ്പെടുന്നില്ല. അവിടന്ന് തന്റെ പദ്ധതികൾ വളരെ മാന്യമായാണ് അവതരിപ്പിക്കുന്നത്. മാസ്മരിക ദർശനങ്ങൾകൊണ്ട് നമ്മെ കീഴ്പ്പെടുത്തുകയല്ല, മറിച്ച് നിശ്ശബ്ദമായി നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ സംസാരിക്കുകയാണ് അവിടന്ന് ചെയ്യുന്നത്. അവിടന്ന് നമ്മോട് അടുക്കുകയും നമ്മുടെ ചിന്തകളിലൂടെയും വികാരങ്ങളിലൂടെയും നമ്മോട് സംസാരിക്കുകയും ചെയ്യുന്നു. ഇങ്ങനെ, വിശുദ്ധ യൗസേപ്പിനോടു ചെയ്തതുപോലെ അഗാധവും അപ്രതീക്ഷിതവുമായ ചക്രവാളങ്ങൾ അവിടന്ന് നമ്മുടെ മുമ്പിലും വയ്ക്കുന്നു.

വാസ്തവത്തിൽ, യൗസേപ്പിന്റെ സ്വപ്നങ്ങൾ അദ്ദേഹം ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത അനുഭവങ്ങളിലേക്കാണ് നയിച്ചത്.

ആദ്യത്തേത് അദ്ദേഹത്തിന്റെ വിവാഹനിശ്ചയത്തെ ഉയർത്തി അദ്ദേഹത്തെ മിശിഹായുടെ പിതാവാക്കി. രണ്ടാമത്തേതാകട്ടെ, ഈജിപ്തിലേക്ക് പലായനം ചെയ്യാൻ കാരണമായെങ്കിലും അദ്ദേഹത്തിന്റെ കുടുംബത്തെ രക്ഷിക്കാനിടയാക്കി. മൂന്നാമത്തെ സ്വപ്നം സ്വന്തം നാട്ടിലേക്കുള്ള തിരിച്ചുവരവിനെ മുൻകൂട്ടി അറിയിക്കുന്നതായിരുന്നുവെങ്കിൽ നാലാമത്തേത് അദ്ദേഹത്തിന്റെ പദ്ധതികളെ പുനഃക്രമീകരിച്ച് യേശുവിനെ അവിടത്തെ ദൈവരാജ്യപ്രഘോഷണം ആരംഭിക്കുന്നിടമായ നസ്രത്തിലേക്ക് കൊണ്ടുവന്നു. ഈ സംഘർഷങ്ങൾക്കിടയിലും അദ്ദേഹം ദൈവഹിതം അനുധാവനം ചെയ്യുന്നതിനുള്ള ധൈര്യം കണ്ടെത്തി. ഇങ്ങനെതന്നെയാണ് ഓരോ ദൈവവിളിയിലും: ദൈവത്തിന്റെ വിളി നമ്മെ ആദ്യചുവടുവയ്ക്കാൻ - നമ്മെത്തന്നെ നല്കാനും മുന്നോട്ടായാനും - നിർബന്ധിക്കുന്നു. ചേതമില്ലാതെ വിശ്വാസമില്ല. നമ്മുടെ പദ്ധതികളും സുഖസൗകര്യങ്ങളും മാറ്റിവച്ച്, ആത്മവിശ്വാസത്തോടെ നമ്മെത്തന്നെ ദൈവകൃപയ്ക്കു വിട്ടുകൊടുത്തുകൊണ്ടു മാത്രമേ ദൈവത്തോട് 'അതെ' എന്നു പറയാൻ നമുക്കു കഴിയുകയുള്ളൂ.

ഓരോ 'അതെ'കളും ഫലം പുറപ്പെടുവിക്കുന്നു. കാരണം, അത് വിശാലമായ ഒരു രൂപകല്പനയുടെ ഭാഗമായിത്തീരുന്നു. നാം കാണുന്നതിനുമപ്പുറത്ത് എല്ലാം അറിയുകയും പൂർത്തിയാക്കുകയും ചെയ്യുന്ന ദിവ്യകലാകാരൻ ഓരോ ജീവിതത്തെയും ഉത്തമ കലാസൃഷ്ടിയായി മാറ്റുന്നുവല്ലോ. ഇപ്രകാരം ദൈവഹിതം സ്വീകരിച്ചതിന്റെ ഉത്തമ ഉദാഹരണമാണ് വിശുദ്ധ യൗസേപ്പ്. അദ്ദേഹത്തിന്റേത് സജീവവും ഒരിക്കലും വിമുഖത കാട്ടാത്തതും പിൻവലിക്കാത്തതുമായ സമ്മതമായിരുന്നു. യൗസേപ്പ് "ഒരിക്കലും നിഷ്ക്രിയനായിരുന്നില്ല, മറിച്ച് ധൈര്യത്തോടും ഉറപ്പോടുംകൂടി പ്രവർത്തനനിരതനായിരുന്നു" (Patris Corde, 4). അദ്ദേഹം എല്ലാവരെയും സഹായിക്കട്ടെ, പ്രത്യേകിച്ച് തങ്ങളെക്കുറിച്ചുള്ള ദൈവഹിതം നിവർത്തിതമാകാൻ തങ്ങളുടെ സ്വപ്നങ്ങളെ വിവേചിക്കുന്ന ചെറുപ്പക്കാരെ. അദ്ദേഹം അവരെ സദാ പ്രചോദിപ്പിച്ച്, ഒരിക്കലും നിരാശപ്പെടുത്താതെ എപ്പോഴും ആശ്ചര്യപ്പെടുത്തുന്ന ദൈവത്തോട്, 'അതെ' എന്നു പറയാനാവും വിധം ധൈര്യശാലികളാക്കട്ടെ.

വിശുദ്ധ യൗസേപ്പിന്റെ യാത്രയെയും ദൈവവിളിയെയും അടയാളപ്പെടുത്തുന്ന രണ്ടാമത്തെ വാക്ക് സേവനമാണ്. യൗസേപ്പ് എങ്ങനെ തനിക്കുവേണ്ടിയല്ലാതെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നുവെന്നു സുവിശേഷങ്ങൾ കാണിച്ചുതരുന്നു. കലവറയില്ലാതെ സ്നേഹിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ അധികരിച്ച് ദൈവജനം അദ്ദേഹത്തെ 'അത്യന്തം വിരക്തനായ ഭർത്താവ്' എന്ന് വിശേഷിപ്പിക്കുന്നു. തന്റേതുമാത്രമായി സ്നേഹിക്കുന്നതിൽ നിന്നും തന്നെത്തന്നെ സ്വതന്ത്രനാക്കിയതുവഴി ഫലദായകമായ സേവനത്തിൽ മുഴുകാൻ അദ്ദേഹത്തിനായി. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ സംരക്ഷണം തലമുറകളിലേക്ക് എത്തിനില്ക്കുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ അതീവ ജാഗ്രതയോടെയുള്ള രക്ഷാകർതൃത്വം സഭയുടെ സംരക്ഷകനായി അദ്ദേഹത്തെ മാറ്റി. ജീവിതത്തിൽ സ്വയംദാനം ചെയ്യുന്നതിന്റെ അർത്ഥം ഉൾക്കൊള്ളുന്നയാളെന്ന നിലയിൽ അദ്ദേഹം സന്തോഷകരമായ മരണത്തിന്റെ മധ്യസ്ഥനായി. വലിയ സ്നേഹത്തിലധിഷ്ഠിതമായതിനാലാണ് അദ്ദേഹത്തിന്റെ സേവനവും സഹനവും യാഥാർത്ഥ്യമായത്. "ശരിയായ ഓരോ ദൈവവിളിയും സ്വയംദാനത്തിലൂടെയാണ് ജന്മം കൊള്ളുന്നത്; അതാകട്ടെ, പരിപക്വമായ ബലിയുടെ ഫലമാണ്. പൗരോഹിത്യത്തിനും സമർപ്പിത സന്ന്യാസത്തിനും ഇത്തരത്തിലുള്ള പക്വത ആവശ്യമാണ്. ഏതു തരം ദൈവവിളിയുമായിക്കൊള്ളട്ടെ - വിവാഹമോ, ബ്രഹ്മചര്യമോ/കന്യാത്വമോ - സഹനത്തിന്റെ മുന്നിൽ നിന്നുപോയാൽ, നമ്മുടെ സ്വയംദാനം പൂർണമാകില്ല. അങ്ങനെ വരുമ്പോൾ സൗന്ദര്യത്തിന്റെ അടയാളവും സ്നേഹത്തിന്റെ ആനന്ദവും ആകുന്നതിനുപകരം നിരാശയുടെയും ദുഃഖത്തിന്റെയും സന്തോഷമില്ലായ്മയുടെയും അടയാളമായി മാറും സ്വയംദാനം" (Patris Corde, 7).

വിശുദ്ധ യൗസേപ്പിന് കേവലം ഉയർന്ന ആദർശം മാത്രമായിരുന്നില്ല സേവനം; മറിച്ച്, ദൈനംദിന ജീവിതത്തിന്റെ നിയമമായിരുന്നു. അദ്ദേഹം യേശുവിന് ജനിക്കാനുള്ള സ്ഥലം കഠിനാധ്വാനത്തിലൂടെ കണ്ടെത്തുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഹേറോദേസിന്റെ ക്രോധത്തിൽ നിന്ന് യേശുവിനെ രക്ഷി

ക്കാൻ വേണ്ടി ഈജിപ്തിലേക്ക് തിടുക്കത്തിൽ ഒരു യാത്ര ഒരുക്കി. ജറുസലേമിൽ വച്ച് യേശുവിനെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം തിടുക്കത്തിൽ അവിടേക്കു തിരിച്ചുപോയി. കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം വിദേശത്തുപോലും കഠിനാധ്വാനം ചെയ്തു. ചുരുക്കത്തിൽ, ജീവിതം തങ്ങൾ ആഗ്രഹിക്കുന്നതുപോലെയല്ലെങ്കിലും നിരാശപ്പെടാത്തവരുടെ മനോഭാവത്തോടെ അദ്ദേഹം വ്യത്യസ്ത സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് സന്നദ്ധസേവകരുടെ മനോഭാവം പ്രകടിപ്പിച്ചു. ഇത്തരത്തിൽ, ജീവിതത്തിലെ അപ്രതീക്ഷിതവും എന്നാൽ ഇടയ്ക്കിടയ്ക്ക് കടന്നുവരുന്നതുമായ യാത്രകളെ - ജനസംഖ്യാ കണക്കെടുപ്പിനുവേണ്ടി നസ്രത്തിൽ നിന്നും ബത്‌ലഹേമിലേക്കും അവിടെനിന്ന് ഈജിപ്തിലേക്കും അവിടെനിന്ന് തിരിച്ച് നസ്രത്തിലേക്കും പിന്നെ എല്ലാ വർഷവും ജറുസലേമിലേക്കും - അദ്ദേഹം സ്വാഗതം ചെയ്തു. പരാതിപ്പെടാതെ ഓരോ തവണയും പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാനും പരിഹൃതമാകേണ്ട സാഹചര്യങ്ങളെ പരിഹരിക്കുന്നതിന് സഹായഹസ്തം നല്കാനും അദ്ദേഹം സന്നദ്ധനായിരുന്നു. അതാകട്ടെ, ഭൂമിയിലുള്ള തന്റെ പുത്രനിലേക്ക് നീട്ടപ്പെട്ട സ്വർഗീയപിതാവിന്റെ കരങ്ങളായിരുന്നുവെന്ന് നമുക്ക് പറയാൻ കഴിയും. തന്റെ മക്കളിലേക്ക് നീട്ടപ്പെട്ട, പിതാവിന്റെ സദാപ്രവർത്തനനിരതമായ കരങ്ങളാകാനുള്ള വിളിയാണല്ലോ ദൈവവിളികൾ. അവയ്ക്കെല്ലാം തികഞ്ഞ മാതൃകയാണ് യൗസേപ്പ്.

യേശുവിന്റെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിനെക്കുറിച്ച് ദൈവവിളിയുടെയും സംരക്ഷകനാണ് അദ്ദേഹം എന്നു ചിന്തിക്കാനാണ് എനിക്കിഷ്ടം. സേവനം ചെയ്യാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയിൽ നിന്നുതന്നെ സംരക്ഷിക്കുവാനുള്ള കരുതലും വരുന്നുണ്ട്. യൗസേപ്പ് ആ രാത്രിയിൽത്തന്നെ എഴുന്നേറ്റ് കുട്ടിയെയും അമ്മയെയും കൂട്ടി പുറപ്പെട്ടു (മത്താ 2,14) എന്ന് സുവിശേഷത്തിൽ പറയുന്നതുതന്നെ അദ്ദേഹത്തിന് തന്റെ കുടുംബത്തെക്കുറിച്ചുള്ള കരുതലാണ് കാണിക്കുന്നത്. തനിക്ക് നിയന്ത്രിക്കാൻ കഴിയാത്ത കാര്യങ്ങളെക്കുറിച്ചു വ്യാകുലപ്പെട്ട്

സമയം കളയാതെ തന്റെ കരുതലിൽ ഏല്പിക്കപ്പെട്ടവരെ സംര ക്ഷിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഇത്തരം ചിന്താഭരിതമായ ശ്രദ്ധ യാണ് ശരിയായ ദൈവവിളിയുടെ അടയാളം. അതാകട്ടെ, ദൈവ സ്നേഹസ്പർശനത്തിന്റെ സാക്ഷ്യജീവിതവുമാണ്. നമ്മുടെ അഭി ലാഷങ്ങളെ പിന്തുടരുന്നതിൽ നിന്നും മിഥ്യാധാരണകളിൽ മുഴു കുന്നതിൽനിന്നും നാം വിട്ടുനില്ക്കുന്നതും കർത്താവ് സഭയി ലൂടെ നമ്മെ ഭരമേല്പിച്ചവയെ ശ്രദ്ധയോടെ കരുതുന്നതും എത്ര യോ മനോഹരമായ ക്രൈസ്തവ സാക്ഷ്യമായിരിക്കും! അപ്പോൾ അവിടന്ന് യൗസേപ്പിൽ ചെയ്തതുപോലെ അവിടത്തെ ആത്മാ വിനെയും സൃഷ്ടി വൈഭവത്തെയും നമ്മിൽ വർഷിക്കുകയും നമ്മിൽ അവിടന്ന് അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ മഹത്തായ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്ന ദൈവത്തിന്റെ വിളിയോടും ഉദാരമായ സേവനവും ശ്രദ്ധാപൂർവക മായ കരുതലുംകൊണ്ട് രൂപപ്പെടുന്ന നമ്മുടെ പ്രതികരണ ത്തോടുമൊപ്പം, വിശുദ്ധ യൗസേപ്പിതാവിന്റെ അനുദിന ജീവിതത്തിലും നമ്മുടെ ക്രൈസ്തവവിളിയിലും തെളിഞ്ഞുനി ല്ക്കുന്ന മൂന്നാമത്തെ സവിശേഷ സ്വഭാവമാണ് വിശ്വസ്തത. ദൈവത്തെയും അവിടത്തെ പദ്ധതികളെയും നിശ്ശബ്ദമായി സേവിക്കുന്നതിൽ ദിനംപ്രതി പരിശ്രമിച്ച നീതിമാൻ (മത്താ 1,19) ആയിരുന്നു ജോസഫ്. തന്റെ ജീവിതത്തിന്റെ വിഷമകരമായ ഒരു നിമിഷത്തിൽ, എന്തുചെയ്യണമെന്ന് അദ്ദേഹം പര്യാലോചിച്ചു. തന്നെത്തന്നെ സമ്മർദ്ദത്തിലാക്കാൻ അദ്ദേഹം അനുവദിച്ചില്ല. മോശമായി പ്രവർത്തിക്കാനുള്ള പ്രലോഭനത്തിന് - സഹജാവ ബോധം പിന്തുടരുന്നതിനോ ആ നിമിഷത്തിലേക്കു മാത്രം ഒതു ങ്ങുന്നതിനോ - അദ്ദേഹം വശപ്പെട്ടില്ല. പകരം, അവധാനതയോടെ കാര്യങ്ങൾ ധ്യാനിച്ചു. പ്രധാനപ്പെട്ട തീരുമാനങ്ങളോടുള്ള നിരന്ത രമായ വിശ്വസ്തതയിലാണ് ജീവിതത്തിലെ വിജയം കെട്ടിപ്പടു ക്കുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എളിയ ഒരു തച്ചനായി വ്യാപരിക്കുന്നതിലെ സ്ഥിരോത്സാഹത്തിൽ ഇത് പ്രതിഫലിച്ചു (മത്താ 13,55). നിശ്ശബ്ദമായ ആ സ്ഥിരോത്സാഹം, പക്ഷേ, ഒരു

വാർത്തയും അക്കാലത്ത് സൃഷ്ടിച്ചില്ലായെങ്കിലും എണ്ണമറ്റ പിതാക്കന്മാരുടെയും തൊഴിലാളികളുടെയും ക്രിസ്ത്യാനികളുടെയും ജീവിതങ്ങൾക്ക് അത് പ്രചോദനമായി. ദൈവവിളി - ജീവിതം പോലെതന്നെ - പരിപക്വമാകുന്നത് ദൈനംദിന വിശ്വസ്തതയിലൂടെ മാത്രമാണ്.

അത്തരം വിശ്വസ്തത എങ്ങനെയാണ് പരിപോഷിപ്പിക്കപ്പെടുന്നത്? ദൈവത്തിന്റെ വിശ്വസ്തതയുടെ വെളിച്ചത്തിൽ. വിശുദ്ധ യൗസേപ്പ് സ്വപ്നത്തിൽ കേട്ട ആദ്യത്തെ വാക്കുകൾ, ഭയപ്പെടാതിരിക്കാനുള്ള ഒരു ക്ഷണമായിരുന്നു, കാരണം, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. “ദാവീദിന്റെ പുത്രനായ ജോസഫ്, ഭയപ്പെടേണ്ടാ” (മത്താ 1,20).

ഭയപ്പെടേണ്ടയെന്ന വചനം, പ്രിയ സഹോദരീ/സഹോദരാ, നിങ്ങളെയാണ് അഭിസംബോധന ചെയ്യുന്നത്. അനിശ്ചിതത്വത്തിനും ശങ്കയ്ക്കും ഇടയിൽപ്പോലും, നിങ്ങളുടെ ജീവിതം അവിടത്തേക്കു നൽകാനുള്ള നിങ്ങളുടെ ആഗ്രഹത്തിന് കാലതാമസം വരുത്തുവാൻ നിങ്ങൾക്കാവില്ല. പരീക്ഷണങ്ങൾക്കും തെറ്റിദ്ധാരണകൾക്കുമിടയിൽ അവിടത്തെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അവിടന്ന് ഈ വാക്കുകൾ വീണ്ടും പറയുന്നു. ദൈവവിളിയുടെ ആദ്യ സ്നേഹത്തിലേക്ക് നിങ്ങൾ മടങ്ങുമ്പോൾ, നിങ്ങളുടെ ഓരോ ചുവടടിയിലും നിങ്ങൾ കേൾക്കുന്നത് നവീകൃതമാകുന്ന ഈ വാക്കുകൾ തന്നെയാണ്. അനുദിന വിശ്വസ്തതയിലൂടെ ജീവിതംകൊണ്ട് ദൈവത്തോട് ‘അതെ’യെന്ന് വിശുദ്ധ യൗസേപ്പിനെപ്പോലെ പറയുന്നവരോട്, ഇതേ വാക്കുകൾ അവിടന്നുതന്നെയാണ് പറയുന്നത്.

ഈ വിശ്വസ്തതയാണ് സന്തോഷത്തിന്റെ രഹസ്യം. ആരാധനക്രമത്തിലെ ഒരു ഗാനം നസ്രത്തിലെ കുടുംബത്തിൽ നിറഞ്ഞുനിന്ന സുതാര്യമായ സന്തോഷത്തെക്കുറിച്ച് പറയുന്നു. സത്യമായവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകവഴി ദൈവത്തോടും അയൽക്കാരോടും കൂടുതൽ വിശ്വസ്തമായ

അടുപ്പം ദൈനംദിന ജീവിതത്തിൽ പുലർത്തുന്നവരിൽ ലാളിത്യത്തിന്റെ ഈ സന്തോഷം കാണാം. നമ്മുടെ സെമിനാരികൾ, സമർപ്പിത ഭവനങ്ങൾ, വൈദികമന്ദിരങ്ങൾ എന്നിവയിൽ ലളിതവും പ്രസരിപ്പുള്ളതും ശാന്തവും പ്രത്യാശയുള്ളതുമായ ഒരന്തരീക്ഷം നിറഞ്ഞിരുന്നാൽ എത്രയോ നന്നായിരിക്കും!

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവത്തെ നിങ്ങളുടെ ജീവിതത്തിന്റെ സ്വപ്നമാക്കി മാറ്റിയ നിങ്ങൾ ഈ സന്തോഷം അനുഭവിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നീണ്ടുനില്ക്കുന്ന സന്തോഷം നല്കാത്തതെരഞ്ഞെടുപ്പുകളുടെയും വികാരങ്ങളുടെയും യുഗത്തിൽ അവിടത്തെ സഹോദരീ സഹോദരങ്ങളെ വിശ്വസ്തതയോടെ സേവിക്കുകയെന്നത് വളരെ ശക്തമായ സാക്ഷ്യമാണ്. ദൈവവിളിയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പ് പിതൃഹൃദയത്തോടെ നിങ്ങളെ അനുധാവനം ചെയ്യട്ടെ!

ഫ്രാൻസിസ് പാപ്പാ

സെന്റ് ജോൺ ലാറ്ററൻ, റോം

വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിനം

19 മാർച്ച് 2021

---

NB: ഈ സർക്കുലർ 2021 ഏപ്രിൽ 25-ാം തീയതി ഞായറാഴ്ച അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Circular No.270

**കോവിഡ് – പ്രത്യേക പ്രാർത്ഥന**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:04-05-2021

പ്രിയ ബഹു. വൈദികരേ, സമർപ്പിതരെ, പ്രിയ സഹോദരീ സഹോദരന്മാരെ,

പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മെയ് മാസത്തിൽ കോവിഡ് പ്രതിസന്ധിയിൽ നിന്ന് ലോകത്തെ രക്ഷിക്കണം എന്ന പ്രത്യേകനിയോഗംവച്ച് ജപമാലചൊല്ലി പ്രാർത്ഥിക്കണമെന്ന് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണ്. വിശുദ്ധ പത്രോസ് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടപ്പോൾ "സഭ ദൈവത്തോട് തീഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു"(നടപടി 12:5) എന്ന വചനത്തിന്റെ ചൈതന്യം ഈ കാലഘട്ടത്തിൽ നമ്മിലുണ്ടാകണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ടാംഘട്ടം അതിതീവ്രമായി തുടരുമ്പോൾ ആദിമസഭ ചെയ്തതുപോലെ ഈ മഹാമാരിയിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ ദൈവത്തോടു പ്രാർത്ഥിക്കാം.

ഇടവകകളിലൂടെ ബഹു. വൈദികരുടെ നേതൃത്വത്തിൽ സമർപ്പിത അൽമായ പങ്കാളിത്തത്തോടെ ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് നന്ദി പറയുന്നു. നമ്മുടെ ആശുപത്രികളും സാമൂഹ്യ സേവനവിഭാഗങ്ങളും സംഘടനകളും സ്ഥാപനങ്ങളും വളരെയേറെ സഹായങ്ങൾ ചെയ്തുവരുന്നത് ആശ്വാസകരമാണ്. ദൈവം നൽകിയിട്ടുള്ളത് പങ്കുവയ്ക്കാനും എല്ലാവരും സഹോദരർ (Fratelli Tutti) എന്ന മനോഭാവത്തോടെ മറ്റുള്ളവരെ സഹായിക്കാനും പ്രാർത്ഥിക്കാനും നമുക്ക് പരിശ്രമിക്കാം. പരിശുദ്ധ പിതാവിന്റെയും സി.ബി.സി.ഐ, കെ.സി.ബി.സി എന്നീ മെത്രാൻ സമിതികളുടെയും നിർദ്ദേശാനുസരണം മെയ് മാസം പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുകയാണ്.

1. അതിരൂപതയിലെ സ്ഥാപനങ്ങളും സമർപ്പിത ഭവനങ്ങളും കഴിയുന്നത്ര ദിവസങ്ങളിൽ കൂടുതലായി ദിവ്യകാരുണ്യ ആരാധനയും ജപമാലയും നടത്തുക.
2. എല്ലാ കുടുംബങ്ങളിലും ഈ നിയോഗത്തിൽ കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്ന് ജപമാലയും മാതാവിന്റെ വണക്കമാസവും, വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥനയും കുടുംബപ്രതിഷ്ഠയും നടത്തുക.
3. സി.ബി.സി.ഐ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന മെയ് 7-ാം തീയതി വെള്ളിയാഴ്ച നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് സാധ്യമെങ്കിൽ പ്രത്യേക പ്രാർത്ഥനകളും ആരാധനയും നടത്തുന്നത് ഉചിതമായിരിക്കും. സ്ഥാപനങ്ങളിലും കുടുംബങ്ങളിലും ഈ നിയോഗത്തിലുള്ള ജപമാലയും അന്നേദിവസം നടത്തുന്നതോടൊപ്പം സാധിക്കുന്നത്ര ആളുകൾ ഉപവസിക്കുന്നതും നന്നായിരിക്കും.
4. ക്നാനായ ഗ്ലോബൽ മരിയൻ പ്രയർ ചലഞ്ചിന്റെ ആഭിമുഖ്യത്തിൽ കോവിഡിനെതിരെ ഒരു പ്രാർത്ഥനാ യജ്ഞം മെയ് 1 മുതൽ 31 വരെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ സമയം വൈകിട്ട് 9 മുതൽ 10 വരെ ഓൺലൈനായി നടത്തപ്പെടുന്ന പ്രാർത്ഥനാ യജ്ഞത്തിൽ കഴിയുന്നിടത്തോളം പേർ പങ്കെടുത്ത് പ്രാർത്ഥിക്കുന്നത് നന്നായിരിക്കും. പ്രസ്തുത പ്രാർത്ഥനായജ്ഞത്തിന്റെ സൂം ഐഡി - 5956945634 ഉം പാസ്സ് കോഡ്- 3456 ഉം ആണ്. ലോകത്തിനുവേണ്ടിയും ഭാരതത്തിനുവേണ്ടിയും ക്നാനായ സമുദായത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ സാധ്യമായ എല്ലാ മാധ്യമങ്ങളിലൂടെയും ദൈവജനത്തിനു ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻ ചെയ്യുമല്ലോ.

Circular No.271
**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:19-05-2021

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാളിനുശേഷം വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനെ പ്രാർത്ഥനാപൂർവ്വം പരിശുദ്ധ അമ്മയോടുകൂടെ പ്രതീക്ഷയോടെ കാത്തിരുന്ന അപ്പസ്തോലന്മാരോടൊപ്പം സാർവ്വത്രിക സഭ പന്തക്കുസ്താ തിരുനാളിനായി ഒരുങ്ങുകയാണല്ലോ. പരിശുദ്ധാത്മാവിന്റെ ആഗമനം നിങ്ങൾക്കെല്ലാവർക്കും ദൈവശക്തിയുടെ നിറവായി തീരട്ടെയെന്നു പ്രാർത്ഥിക്കുന്നു. കോവിഡ് രോഗത്തിന്റെ പിടിയിൽ വിറങ്ങലിച്ചുനിൽക്കുന്ന ഭൂമുഖത്തെ കർത്താവ് തന്റെ ആത്മാവിനെ അയച്ചു നവീകരിക്കട്ടെ. 'ആദ്യനൂറ്റാണ്ടിലെ അനുഭവം പോലെ അതിശയം ലോകത്തിൽ നടന്നിടുവാൻ ആദിയിലെന്നപോൽ ആത്മാവെ അധികലം തരണെ' എന്നു നമുക്കു പ്രാർത്ഥിക്കാം.

ലോകം മുഴുവൻ കോവിഡ്–19 നോടു മല്ലടിക്കുന്ന ഈ കാലഘട്ടത്തിൽ കോവിഡ് രോഗത്താലും അതിന്റെ പ്രത്യാഘാതങ്ങളാലും വലയുന്നവർക്കു വേണ്ടി നമുക്കു തീഷ്ണമായി പ്രാർത്ഥിക്കാം. കോവിഡ് രോഗംമൂലം മരണമടഞ്ഞവരെ പ്രത്യേകം അനുസ്മരിക്കുകയും അവരുടെ വേദനിക്കുന്ന കുടുംബാംഗങ്ങൾക്ക് ആശ്വാസം ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം. കോവിഡിന്റെ രണ്ടാംതരംഗം ഭാരതത്തിൽ അതിശക്തമായി ആഞ്ഞടിക്കുന്ന ഈ അവസരത്തിൽ ഒറ്റക്കെട്ടായി നിന്ന് ഈ മഹാമാരിയെ അതിജീവിക്കാൻ നമുക്കു പരിശ്രമിക്കാം. ഒപ്പം ആരോഗ്യമേഖല

യിലും മറ്റ് വിവിധ സേവനമേഖലകളിലും കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ ത്യാഗപൂർവ്വം വ്യാപൃതരായിരിക്കുന്നവരെ ഏറെ നന്ദിയോടെ ഓർക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം.

കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കുമായി കേരള സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ നമുക്ക് ആവുംവിധം പങ്കുചേരാം. സർക്കാരിന്റെ പ്രവർത്തനങ്ങളോടു സഹകരിച്ചും കോവിഡ് പ്രോട്ടോക്കോളും മറ്റ് നിർദ്ദേശങ്ങളും പാലിച്ചും പ്രവർത്തിക്കാൻ ഏവരും ശ്രമിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. നമ്മുടെ പ്രവർത്തനങ്ങൾ ഒരിക്കലും സർക്കാരിന്റെ പ്രവർത്തനങ്ങൾക്കു പകരമാവില്ല, പ്രത്യുത, സർക്കാരിന്റെ പ്രവർത്തനങ്ങളോടുചേർന്നും അവയ്ക്ക് സഹായകരമാംവിധവും ആയിരിക്കണമെന്ന കാര്യം പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

നമ്മുടെ അതിരൂപതയിലെ ഹെൽത്ത് കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. ഈ കമ്മീഷന്റെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ഉപകാരപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടെ ഈ ദിവസങ്ങളിൽ ഹെൽത്ത് കമ്മീഷൻ, സ്വദേശത്തും വിദേശത്തുമായി സേവനം ചെയ്യുന്ന നമ്മുടെ വൈദികർ, സമർപ്പിതർ, ചൈതന്യ കമ്മീഷൻ അംഗങ്ങൾ, ത്രിതല പഞ്ചായത്ത് മുനിസിപ്പാലിറ്റി അംഗങ്ങൾ, മനഃശാസ്ത്ര വിദഗ്ദ്ധർ, നമ്മുടെ സമുദായത്തിലെ ഡോക്ടർമാർ, സമുദായ സംഘടനാ നേതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുമായും നടത്തിയ ആശയവിനിമയത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാനാണ് ഇതെഴുതുന്നത്.

എല്ലാ ഇടവകകളിലും തന്നെ വളരെ നല്ല പ്രവർത്തനങ്ങളാണ് നടക്കുന്നത്. അവ നിങ്ങളുമായി പങ്കുവയ്ക്കുന്നത് മറ്റ് ഇടവകകളിലും അവയിൽ നിന്നും അനുയോജ്യവും സഹായകരവു

മായ കാര്യങ്ങൾ സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യാമല്ലോ എന്ന് കരുതിയാണ്.

**കെ.സി.വൈ.എൽ**

നമ്മുടെ അതിരൂപതയിലെ യുവജനസംഘടനയായ കെ.സി. വൈ.എൽ ഈ കോവിഡ് കാലഘട്ടത്തിൽ ചെയ്യുന്ന പ്രവർത്തന ങ്ങളെ പ്രത്യേകമായി അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുള്ള മൃതസംസ്ക്കാരം നട ത്തുന്നതിനായി അവർ ആരംഭിച്ച ടാസ്ക് ഫോഴ്സ് വളരെയേറെ ഇടവകകളിൽ പ്രയോജനപ്രദമായി . കോവിഡ് മൂലം മരണമഞ്ഞവ രുടെ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനാവശ്യമായ എല്ലാ ക്രമീക രണങ്ങളും ഏറ്റെടുത്തു നടത്തുവാൻ മുന്നോട്ടുവന്ന കെ.സി.വൈ. എൽ അംഗങ്ങളെ ബഹു. വികാരിമാർ വളരെ നന്ദിയോടെ അഭിനന്ദിക്കുകയുണ്ടായി. ഇതിനാവശ്യമായ കൂടുതൽ സൗകര്യ ങ്ങൾ കെ.സി.വൈ.എൽ സംഘടനയ്ക്കു ലഭ്യമാക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. അതുപോലെ വാക്സിനേഷനു മുൻപായി രക്തം ദാനം ചെയ്യുന്ന ഒരു പദ്ധതി കാരിത്താസ് ആശുപ ത്രിയുമായി ചേർന്ന് കെ.സി.വൈ.എൽ സംഘടിപ്പിച്ചിട്ടുണ്ട്. വാക്സിനേഷൻ കഴിഞ്ഞാൽ കുറച്ചുകാലത്തേക്ക് രക്തം നൽകാൻ തടസ്സമുള്ളതിനാൽ അതിനു മുൻപായി രക്തം നൽകാനുള്ള യുവ ജനങ്ങളുടെ സന്നദ്ധത ഏറെ പ്രശംസനീയമാണ്. കാരിത്താസിൽ മാത്രമല്ല, മറ്റു സ്ഥലങ്ങളിലും നമ്മുടെ എല്ലാ യുവജനങ്ങൾക്കും ആരോഗ്യമുള്ള മറ്റുള്ളവർക്കും ഈ മാതൃക അനുകരണീയമാണ ല്ലോ. ഇടവകതലത്തിൽ സംഘടിപ്പിക്കുന്ന സന്നദ്ധസേനയിൽ സജീവഅംഗങ്ങളായിക്കൊണ്ട് യുവജനങ്ങൾക്ക് തങ്ങളുടെ സേവനം ഇക്കാലഘട്ടത്തിൽ കൂടുതൽ ഫലപ്രദമാക്കുവാൻ സാധി ക്കും.

**ഇടവകതല സേവനങ്ങൾ**

നമ്മുടെ ഓരോ ഇടവകയിലും ബഹു. വികാരിയുടെ നേതൃ

ത്വത്തിൽ ഒരു കോവിഡ് ടാസ്ക് ഫോഴ്സ് രൂപപ്പെടുത്തുവാൻ സാധിക്കും. നമ്മുടെ യുവജനങ്ങൾ, കെ.സി.സി., കെ.സി.ഡബ്ല്യു. എ അംഗങ്ങൾ, ഇടവകയിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകർ, ത്രിതല പഞ്ചായത്തു മുനിസിപ്പാലിറ്റി അംഗങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു സന്നദ്ധസംഘം രൂപീകരിക്കാവുന്നതാണ്. സർക്കാർ നൽകുന്ന സഹായങ്ങൾ അർഹിക്കുന്നവരിൽ പരമാവധി എത്തിക്കുവാനും അതിനാവശ്യമായ സൗകര്യങ്ങൾ അവർക്കു ചെയ്തുകൊടുക്കാനും ഈ സന്നദ്ധസേവനം വഴി സാധിക്കും. വാർഡുകളിലും പഞ്ചായത്തുകളിലുമൊക്കെ സർക്കാർ രൂപീകരിക്കുന്ന സമിതികളിൽ ചേർന്ന് പ്രവർത്തിക്കുവാൻ ഇടവകാംഗങ്ങളെ പ്രേരിപ്പിക്കണം. ത്രിതലപഞ്ചായത്തു മുനിസിപ്പാലിറ്റി അംഗങ്ങളുമായുള്ള ചർച്ചയിൽ അവർ പറഞ്ഞത് സാധിക്കുന്നത്ര വാഹന സൗകര്യവും ഡ്രൈവർമാരെയും ലഭിക്കുക വളരെ സഹായകരമാണ് എന്നാണ്. സമൂഹ അടുക്കളയിൽ സഹായിക്കുക, ക്ഷണം വീടുകളിൽ എത്തിക്കുക തുടങ്ങിയവയിലൊക്കെ നമ്മുടെ സന്നദ്ധസംഘത്തിന് നല്ല പങ്കുവഹിക്കാനാകും. സമൂഹ അടുക്കളയിൽ ഒരു നേരത്തെ ക്ഷണമെങ്കിലും സ്പോൺസർ ചെയ്യാനും രോഗിക്കാവശ്യമായ മരുന്ന്, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവ ലഭ്യമാക്കുവാനും നല്ല മനസ്സുള്ളവർക്ക് വലിയൊരളവുവരെ സാധിക്കും. രോഗികളായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാനസികമായ പിന്തുണ നൽകാനും അവരെ ശക്തിപ്പെടുത്താനും പരിശ്രമിക്കണം. ഓരോ പ്രദേശത്തിന്റെയും ആവശ്യം അനുസരിച്ച് നമ്മുടെ സ്ഥാപനങ്ങളും സൗകര്യങ്ങളും കോവിഡ് വാക്സിനേഷൻ, മറ്റു കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്കു പ്രയോജനപ്പെടുത്തുന്നതിൽ നമ്മുടെ പല ഇടവകകളും നൽകുന്ന നല്ല മാതൃകകൾ ഏറെ പ്രശംസനീയമാണ്. സ്വന്തം ഭവനത്തിൽ ഐസൊലേഷൻ സൗകര്യമില്ലാത്ത രോഗികൾക്കുവേണ്ടി ഇടവകതലത്തിൽ ആൾതാമസമില്ലാത്ത ഭവനങ്ങൾ സജ്ജമാക്കാനുള്ള നല്ല മനസ്സുകാണിക്കാൻ ഇടവക ജനത്തെ നമുക്ക് പ്രോത്സാഹിപ്പിക്കാം.

## സാമൂഹ്യ-സേവന രംഗങ്ങൾ

നമ്മുടെ അതിരൂപതയുടെ സാമൂഹ്യസേവനവിഭാഗങ്ങളായ കെ.എസ്.എസ്.എസ്., മാസ്സ്, ജി.ഡി.എസ്. എന്നിവ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കോവിഡ് കാലഘട്ടത്തിലും വളരെ സജീവമായി പ്രവർത്തിക്കുന്നു എന്നത് പ്രശംസനീയമാണ്. അത്യാവശ്യമായ മെഡിക്കൽ ഉപകരണങ്ങളും ആംബുലൻസുകൾ ഉൾപ്പെടെയുള്ള മറ്റു സംവിധാനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും എത്തിക്കുവാൻ ഇവർ പരിശ്രമിക്കുന്നുണ്ട്.

കോവിഡ് രോഗം ആരംഭത്തിൽത്തന്നെ കണ്ടെത്തി കോവിഡ് മൂലമുള്ള മരണം ഒഴിവാക്കുക (Early detection and prevention of Covid death) എന്ന ഉദ്ദേശ്യത്തോടെ ഇടവക അടിസ്ഥാനത്തിൽ പൾസ് ഓക്സിമീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ, സ്റ്റീം ഇൻഹേലർ, സാനിറ്റൈസർ, മാസ്ക്കുകൾ എന്നിവ അടങ്ങുന്ന കോവിഡ് മെഡിക്കൽ കിറ്റ് ലഭ്യമാക്കുവാൻ സാമൂഹ്യസേവനവിഭാഗങ്ങൾ പരിശ്രമിക്കുന്നുണ്ട്. അതോടൊപ്പം കോവിഡ് ഐസൊലേഷനിൽ കഴിയുന്ന കുടുംബങ്ങൾക്ക് ഇടവകതലത്തിൽ സാനിറ്റൈസർ, മാസ്ക്, അത്യാവശ്യമരുന്നുകൾ, പോഷകാഹാരം എന്നിവ ലഭ്യമാക്കുന്നതു തുടർന്നുവരുന്നു. അനുദിന വരുമാനത്തെയാശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്ക് കോവിഡ് മൂലമുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി അതിജീവിക്കുന്നതിനായി വരുമാന സംരംഭങ്ങൾക്കായുള്ള പിന്തുണ ലഭ്യമാക്കുവാനും സാമൂഹിക സേവന വിഭാഗങ്ങൾ ശ്രമിച്ചു വരുന്നു.

സാമൂഹ്യസേവനരംഗത്ത് അതിരൂപതയിലെ സമർപ്പിത സമൂഹങ്ങളും വിൻസെന്റ് ഡിപോൾ സൊസൈറ്റിയും തങ്ങളുടെ സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ആവശ്യമായ ശുശ്രൂഷകൾ നൽകാൻ നടത്തുന്ന ത്യാഗപൂർവ്വമായ പ്രവർത്തനങ്ങളെ ഞാൻ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

**ഹെൽത്ത് കമ്മീഷൻ**

കാരിത്താസ്, കിടങ്ങൂർ ലിറ്റിൽ ലൂർദ്ദ്, മോനിപ്പള്ളി എം.യു.എം, പയ്യാവൂർ മേഴ്സി എന്നീ ആശുപത്രികൾ ഈ കോവിഡ് കാലഘട്ടത്തിൽ സ്തുത്യർഹമായ ശുശ്രൂഷയാണ് നൽകിവരുന്നത്. കേരള കത്തോലിക്കാ ആശുപത്രികളുടെ അസോസിയേഷൻ (CHAI) പ്രസിഡന്റ് കൂടിയായ ബിനു കുന്നത്ത് അച്ചന്റെ നേതൃത്വത്തിൽ കാരിത്താസ് ആശുപത്രിയിൽ കോട്ടയം ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ കോവിഡ് ചികിത്സ ഏകോപിപ്പിച്ചു കോട്ടയം ജില്ലാ കോവിഡ് കൺട്രോൾ സെൽ പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ കോവിഡ് കൺട്രോൾ സെൽ, ബി.സി.എം കോളേജിലെ എം.എസ്.ഡബ്ല്യു വിദ്യാർത്ഥികളുടെ സഹകരണത്തോടെയാണ് സജീവമായി പ്രവർത്തിക്കുന്നത്. ഇപ്പോഴത്തെ ലോക്ഡൗൺ സാഹചര്യത്തിൽപോലും വീട്ടിൽനിന്നും പുറത്തുപോകാതെ ചികിത്സ തേടാവുന്ന ടെലിമെഡിസിൻ സൗകര്യം ലഭ്യമാക്കാൻ നമ്മുടെ ആശുപത്രികളിലെ കോൺടാക്റ്റ് നമ്പർ ഹെൽത്ത് കമ്മീഷൻ നൽകുന്നതാണ്. അതോടൊപ്പം ഭവന ശുശ്രൂഷാ സംവിധാനത്തിലൂടെ വീടുകളിലെത്തി ചികിത്സ ലഭ്യമാക്കുന്ന നടപടികളും ഫലപ്രദമായി പ്രവർത്തിക്കുന്നു.

കോവിഡ് രോഗികൾക്കോ അവരുടെ ബന്ധപ്പെട്ടവർക്കോ ഉണ്ടാകുന്ന മാനസികസംഘർഷത്തിൽ അവർക്ക് ആശ്വാസമാകാൻ ടെലികൗൺസലിംഗിലൂടെയും ഫലപ്രദമായ പ്രവർത്തനങ്ങൾ നടക്കുന്നു. ഇക്കാര്യത്തിൽ വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള നമ്മുടെ സിസ്റ്റേഴ്സ്, വൈദികർ തുടങ്ങിയവർ സദാസന്നദ്ധരാണ്. കൂടാതെ ഒറ്റപ്പെട്ടവർക്കും മാനസിക സംഘർഷം അനുഭവിക്കുന്നവർക്കും സ്നേഹപൂർവ്വമായ സംഭാഷണത്തിലൂടെ ആശ്വാസമരുളാൻ നമുക്കേവർക്കും സാധിക്കും. കൗൺസലിംഗിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനങ്ങളും ഇതര മാർഗ്ഗനിർദ്ദേശങ്ങളും ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അതിരൂപതാ

തലത്തിൽ പ്രവർത്തിച്ചു വരുന്ന ക്നാനായ ഹെൽപ്പ് ഡെസ്ക്കിലൂടെ ലഭ്യമാക്കുന്നതാണ്.

പ്രിയമുള്ളവരെ, നമ്മുടെ സഹോദരങ്ങളുടെ കണ്ണീരൊപ്പാനും അവർക്ക് ആശ്വാസം പകരാനും വിവിധ രീതികളിൽ പരിശ്രമിക്കുന്ന നിങ്ങളെ ഓരോരുത്തരെയും ദൈവകാരുണ്യത്തിനായി വിനയപൂർവ്വം സമർപ്പിക്കുന്നു. നമ്മുടെ അതിരൂപതയിലെ ഓരോ വ്യക്തിയും ഈ സാഹചര്യത്തിൽ സഹോദരങ്ങളുടെ സംരക്ഷകരാകണം എന്ന ബോധ്യത്തോടെ പ്രവർത്തിച്ചുകൊണ്ട് ഈ ദുർഘടാവസ്ഥയെ അതിജീവിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. പന്തക്കുസ്താ തിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കേവർക്കും ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**✠ മാർ മാത്യു മൂലക്കാട്ട്**

**കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത**

---

NB:

1) കെ.സി.സിയുടെ നേതൃത്വത്തിലുള്ള ക്നാനായ ഹെൽപ്പ് ഡെസ്ക്ക് - 9048568000, 6282415869
2) കാരിത്താസ് കോവിഡ് കൺട്രോൾസെൽ - 04816811100
3) ഈ സർക്കുലർ അതിരൂപതയിലെ എല്ലാ ദൈവജനത്തിനും ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്.

Circular No.272
**Knanaya Community**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:01-06-2021

പ്രിയ ക്നാനായ സഹോദരീ സഹോദരങ്ങളെ,

കോവിഡ് മഹാമാരി ശക്തമായി തുടരുന്ന ഈ കാലഘട്ടത്തിൽ നിങ്ങളെല്ലാവരും സുരക്ഷിതരായിരിക്കണമെന്ന് ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കോവിഡ് ബാധയിൽ നിന്നും വിമുക്തി നേടിയ വ്യക്തികളെയും കുടുംബങ്ങളെയും പ്രത്യേകമായി കോവിഡ് മൂലം മരണമുണ്ടായ കുടുംബങ്ങളെയും ഞാൻ പ്രത്യേകം അനുസ്മരിക്കുകയും അവർക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ക്നാനായ നവീകരണ സമിതി എന്ന സംഘടന കോട്ടയം അതിരൂപതയ്ക്കെതിരെ നൽകിയ കേസിൽ കോട്ടയം സബ്കോടതി 2021 ഏപ്രിൽ 30ന് പുറപ്പെടുവിച്ച വിധിയെപ്പറ്റി യും തുടർന്ന് പ്രസ്തുത വിധിക്കു ലഭിച്ച സ്റ്റേയെക്കുറിച്ചും അതിരൂപത നൽകിയ പത്രക്കുറിപ്പിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും ഇതിനോടകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ക്നാനായ സമുദായത്തിനു പുറത്തുനിന്നും ജീവിതപങ്കാളിയെ സ്വീകരിച്ചവരെയും അവർക്കുണ്ടാകുന്ന മക്കളെയും തെക്കുംഭാഗ ജനതയ്ക്കായി മാത്രം അനുവദിച്ചുതന്ന കോട്ടയം അതിരൂപതയിൽ ചേർക്കണമെന്ന കോടതി വിധി തികച്ചും അപ്രതീക്ഷിതവും എന്നെയും ക്നാനായ സമുദായത്തിലെ ഓരോരുത്തരെയും ഏറെ വേദനിപ്പിക്കുന്നതും ആകുലപ്പെടുത്തുന്നതുമാണ്.

വളരെ ശ്രദ്ധയോടും കരുതലോടും കൂടി നമ്മൾ ഈ കേസിന്റെ നടപടിക്രമങ്ങൾ നടത്തിയിട്ടും നമുക്കെതിരായി വിധിയുണ്ടായപ്പോൾ മേൽക്കോടതിയിൽ അപ്പീൽ നൽകുവാനും പ്രസ്തുത വിധിക്കു സ്റ്റേ നേടുവാനും അതിരൂപത ഉടൻതന്നെ നടപടിയെടു

ത്തു. നമ്മുടെ അപ്പീൽ പരിഗണിച്ച് സബ്കോടതിവിധി ജില്ലാ കോടതി സ്റ്റേ ചെയ്തുവെന്നത് തീർച്ചയായും ആശ്വാസകരമാണ്.

ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ ദീർഘവീക്ഷണത്തോടെ അതിരൂപതയെ നയിച്ച എന്റെ മുൻഗാമിയായ അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ക്നാനായ ജനതയെ അനുസ്മരിപ്പിച്ചിരുന്ന ഒരു ചെറിയ ദൈവവചനമുണ്ട്, "ചെറിയ അജഗണമേ ഭയപ്പെടേണ്ട''(ലൂക്ക 12,32). ദൈവത്തിന്റെ സംരക്ഷണയിൽ എക്കാലവും വളർന്നുവന്ന ക്നാനായ സമുദായത്തിന്റെ തനിമയും സ്നേഹവും കൂട്ടായ്മയും നമ്മുടെ അഭിമാനവും മഹത്തായ പാരമ്പര്യവുമാണ്.

പതിനാറിൽപരം നൂറ്റാണ്ടുകൾ നമ്മുടെ കാരണവന്മാർ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിച്ചു കൈമാറിയ വിശുദ്ധ പാരമ്പര്യത്തിനു ദൈവദാസൻ മാക്കീൽ പിതാവിന്റെ കഠിനപരിശ്രമത്തിലൂടെ 1911 ൽ വിശുദ്ധ പത്താം പിയൂസ് മാർപ്പാപ്പയാൽ നൽകപ്പെട്ട സഭാപരമായ അംഗീകാരമാണല്ലോ ക്നാനായക്കാർക്കുവേണ്ടിയുള്ള കോട്ടയം വികാരിയാത്ത്. എന്റെ മുൻഗാമികളായ രൂപതാദ്ധ്യക്ഷന്മാരിലൂടെ കൈമാറപ്പെട്ട് ഇപ്പോൾ എന്നിലേൽപ്പിക്കപ്പെട്ടിരിക്കുന്ന കോട്ടയം അതിരൂപത, ശ്രദ്ധാപൂർവ്വം പരിപാലിക്കുന്ന സ്വവംശവിവാഹനിഷ്ഠയും അതിനോടനുബന്ധിച്ചുള്ള അനുഷ്ഠാന ക്രമങ്ങളും നിർവിഘ്നം കാത്തുസൂക്ഷിക്കാൻ ദൈവതിരുമുമ്പാകെ ഞാൻ പ്രതിജ്ഞാബദ്ധനാണ്. ഭാരതീയ നിയമവ്യവസ്ഥകളുടെയും സഭാനിയമങ്ങളുടെയും നമ്മുടെ പാരമ്പര്യങ്ങളുടെയും ചുവടുപിടിച്ച് നമുക്ക് അർഹമായ നീതി ലഭിക്കുവാനും ക്നാനായ പൈതൃകം സംരക്ഷിക്കുവാനും ഞാൻ എന്നും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ അതിനായുള്ള പരിശ്രമങ്ങൾ തീവ്രമായി നടത്തുന്നതുമാണ്.

ഒരു കോടതിവിധിയിൽ തകരാനോ തളരാനോ ഉള്ളവരല്ല വലിയ പ്രതിസന്ധികളെ അതിജീവിച്ചിട്ടുള്ള ക്നാനായക്കാർ. കേസിന്റെ വിധിയുണ്ടായ അന്നുതന്നെ അതിരൂപതയിലെ എല്ലാ വൈദികരുമായും തുടർന്ന് വിധി പകർപ്പു ലഭിച്ചതിനുശേഷം അതിരൂപതയിലെ പ്രസ്ബിറ്ററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ

എന്നീ കാനോനിക സമിതികളുമായും ഇക്കാര്യത്തെക്കുറിച്ചു ഞാൻ വിശദമായ ചർച്ചകൾ നടത്തുകയും അവരുടെ അഭിപ്രായങ്ങൾ ശ്രവിക്കുകയും ചെയ്തു. ഈ കേസിൽ കക്ഷിചേർന്ന ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് കേസിന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി ചെയ്ത ശക്തമായ ഇടപെടലുകൾ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. കേസിന്റെ മുൻപോട്ടുള്ള നടത്തിപ്പിൽ അതിരൂപതയ്ക്കും ക്നാനായ സമുദായത്തിനും ഏറ്റം അനുകൂലമായ വിധി മേൽകോടതിയിൽ നിന്നും ലഭിക്കത്തക്ക രീതിയിൽ നല്ല നിർദ്ദേശങ്ങൾ നൽകുവാൻ ക്നാനായ സമുദായത്തിലെ ഓരോരുത്തരോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. നീതിക്കായി ന്യായാധിപന്റെ വാതിൽക്കൽ തളരാതെ മുട്ടിയ വിധവയെപ്പോലെ (ലൂക്ക 18) നമ്മുടെ അതിരൂപതയ്ക്കും ക്നാനായ സമുദായത്തിനും മേൽക്കോടതിയിൽ നിന്നും നീതി ലഭിക്കുവാനും നമുക്കു ലഭിച്ചിരിക്കുന്ന സഭാസംവിധാനം അഭംഗൂരം നിലനിർത്തുവാനും സർവ്വാത്മനാ പരിശ്രമിച്ച് സമുദായത്തോടൊപ്പം എക്കാലവും മുൻനിരയിൽ ഞാനുമുണ്ടാകും. പൂർവ്വപിതാവായ അബ്രാഹത്തിന്റെ അചഞ്ചലമായ ദൈവവിശ്വാസം പ്രതിസന്ധികളിൽ മാതൃകയും പ്രചോദനവുമാകുകയും നമ്മെ ശക്തിപ്പെടുത്തുകയും വേണം. നമ്മുടെ പിതാക്കന്മാരെ കൈപിടിച്ചു നടത്തിയ ദൈവം നമ്മെയും ഉള്ളംകൈയ്യിൽ സംരക്ഷിക്കുമെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

വേദനയോടെ ഒരു കാര്യം പറയട്ടെ, ഈ അവസരത്തിൽ അതിരൂപതാനേതൃത്വത്തെ പൊതുവായും വ്യക്തിപരമായി എന്നെയും ആക്ഷേപിച്ചു ചിലർ നടത്തുന്ന പ്രചരണങ്ങൾ ശരിയായ വസ്തുതകൾ മനസ്സിലാക്കാതെയാണ്. ക്നാനായ സമുദായത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിലും കോട്ടയം അതിരൂപതയുടെ സഭാപരമായ അസ്തിത്വം നിലനിർത്തുന്നതിലും മുൻരൂപതാധ്യക്ഷന്മാർ സ്വീകരിച്ച നിലപാടുകളിലൊന്നിലും ഒരു മാറ്റവും ഞാൻ ഇതുവരെ വരുത്തിയിട്ടില്ലെന്നും ഇനി വരുത്തുകയില്ലെന്നും നേരത്തെ ഞാൻ 245-ാം നമ്പർ സർക്കുലറിലൂടെ അറിയിച്ചിരുന്നുവല്ലോ. തെക്കുംഭാഗ ജനതയ്ക്കുവേണ്ടിയുള്ള കോട്ടയം അതിരൂപതയുടെ മെത്രാനെന്ന നിലയിൽ ക്നാനായ മക്കളുടെ വിശ്വാസവും പാരമ്പര്യവും സഭാത്മക ജീവിതവും കാര്യക്ഷമമായി നില

നിർത്തുകയെന്നുള്ളത് പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വ മായി ഞാൻ കരുതുന്നു. ഈ വസ്തുതകൾ മനസ്സിലാക്കിയും തെറ്റി ദ്ധാരണകൾ പരത്താതെയും തെറ്റിദ്ധാരണകളിൽ വശംവദരാകാ തെയും നമ്മുടെ തനിമയും ഒരുമയും വിശ്വാസനിറവും പരിപോ ഷിപ്പിച്ച് സ്വവംശവിവാഹനിഷ്ഠ പാലിച്ചു തുടർന്നും ജീവിക്കു വാൻ നമുക്കു കഴിയണം.

ഇസ്രായേൽ മക്കൾ മോശയുടെ കരങ്ങൾ സ്വർഗ്ഗത്തിലേക്കു യർത്താൻ സഹായിച്ചതുപോലെ (പുറപ്പാട് 17) ക്നാനായ മക്കൾ ഒറ്റക്കെട്ടായി നിന്ന് അതിരൂപതയുടെയും ക്നാനായ സമുദായത്തി ന്റെയും സംരക്ഷണത്തിനായി നേതൃത്വം കൊടുക്കുവാൻ പ്രാർത്ഥ നവഴിയും സഹകരണം വഴിയും ഈ സാഹചര്യത്തിൽ എന്നെ ശക്തിപ്പെടുത്തണമെന്ന് എല്ലാ ക്നാനായ മക്കളോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അതിരൂപതാദ്ധ്യക്ഷനെന്ന നില യിൽ ഈ ദിവസങ്ങളിൽ എനിക്കു നിങ്ങൾ നൽകിയ വലിയ കരു തലും സഹകരണവും പിന്തുണയും ഉപദേശങ്ങളും പ്രാർത്ഥന കളും സൂര്യചന്ദ്രന്മാരുള്ളിടത്തോളം കാലം ക്നാനായ സമുദായം ദൈവപരിപാലനയിൽ തുടർന്നും മുന്നേറുമെന്നതിനുള്ള തെളി വായി ഞാൻ കാണുന്നു.

ക്നാനായ സമുദായത്തെയും തെക്കുംഭാഗജനതയെയും ഇല്ലാ താക്കുവാൻ ആർക്കും സാധിക്കുകയില്ല. സ്വവംശവിവാഹനിഷ്ഠ പാലിച്ചുകൊണ്ടു മുമ്പോട്ടുനീങ്ങുന്ന യുവതീയുവാക്കൾ ഉള്ളിടത്തോ ളം കാലം ഈ സമുദായം സഭയുടെ സംരക്ഷണയിൽ പിതാക്ക ന്മാരുടെ അനുഗ്രഹത്താൽ ശക്തമായി തന്നെ മുമ്പോട്ടു പോകും. ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹങ്ങളും പരിശുദ്ധകന്യ കാമറിയത്തിന്റെയും വിശുദ്ധ പത്താംപിയൂസിന്റെയും മാദ്ധ്യ സ്ഥവും നമ്മെ നിരന്തരം സഹായിക്കുമാറാകട്ടെ.

**✠ മാർ മാത്യു മൂലക്കാട്ട്**
**കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത**

---

NB: ഈ സർക്കുലർ അതിരൂപതയിലെ എല്ലാ ദൈവജനത്തിനും ലഭ്യ മാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്റെ നേതൃ ത്വത്തിൽ ചെയ്യേണ്ടതാണ്.

Circular No.273
**Domus Catechesis 2021**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:07-06-2021

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

കോവിഡ് മഹാമാരിയുടെ ഭീഷണി നിലനിൽക്കെ മറ്റൊരു വിശ്വാസപരിശീലന വർഷംകൂടി വന്നെത്തുകയാണ്. വൈറസ് ബാധയുടെ ഭീഷണി ഇപ്പോഴും വിട്ടൊഴിയാത്തതിനാൽ കഴിഞ്ഞ വർഷത്തെതുപോലെ ഓൺലൈൻ വിശ്വാസപരിശീലന ത്തിന്റെ സാധ്യതയാണ് ഈ വർഷത്തിന്റെ ആരംഭത്തിലും നിലനിൽ ക്കുന്നത്. കോവിഡിന്റെ രണ്ടാം തരംഗത്തെ വ്യക്തിപരവും കുടുംബപരവും സാമൂഹികപരവുമായ കരുതലിലൂടെയും സഹകരണത്തിലൂടെയും ദൈവാശ്രയബോധത്തിൽ അതിജീവി ക്കുവാൻ പരിശ്രമിക്കുന്നതിലൂടെ, സംസ്ഥാനത്ത് കോവിഡ് വ്യാപനം കുറയുന്നതിന്റെ ശുഭസൂചനകൾ കാണാൻ സാധിക്കുന്നത് വലിയൊരു ആശ്വാസവും പ്രതീക്ഷയും നൽകുന്നു. സങ്കീർത്തകനോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം 'ദൈവമാണ് നമ്മുടെ അഭയവും ശക്തിയും. കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്' (സങ്കീർത്തനം 46 : 1).

2021-2022 വിശ്വാസ പരിശീലന വർഷത്തെ ക്ലാസുകൾ ജൂൺ 13 ഞായറാഴ്ച ഓൺലൈനായി നമ്മുടെ അതിരൂപതയിൽ ആരംഭിക്കുന്നു. വിശ്വാസപരിശീലനമെന്നത് സഭയുടെ പ്രഥമമായ ദൗത്യങ്ങളിലൊന്നാണല്ലോ. 'വചനം പ്രസംഗിക്കുക; സാഹചര്യ ങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക' (2 തിമോ 4:2). വിശുദ്ധ പൗലോസ് ശ്ലീഹാ തിമോത്തിയോസിന് നൽകുന്ന ഈ

ഉപദേശം വിശ്വാസപ്രഘോഷ ണത്തിൽ പുലർത്തേണ്ട ഉത്സാഹത്തെക്കുറിച്ച് ഓർമിപ്പിക്കുന്നതാണ്. മിശിഹായെ അറിയുകയും സ്നേഹിക്കുകയും അവനോട് ചേർന്നു നടക്കുകയും ചെയ്യുന്നതിലൂടെ അപരനു മിശിഹാ അനുഭവം ഫലപ്രദമായി പകർന്നു നൽകാനാവുക എന്നതാണ് വിശ്വാസപരിശീലനംകൊണ്ട് അർത്ഥമാക്കുക.

ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകളിലെ വിശ്വാസപരിശീലനത്തിന്റെ പാഠപുസ്തകത്തിലെ പുറംചട്ടയിൽ (കവർ പേജിൽ) ഉപശീർഷകമായിട്ട് 'രക്ഷയുടെ പാതയിൽ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദിസ സ്വീകരിച്ചിരിക്കുന്ന ഓരോ വിശ്വാസിയും സുരക്ഷിതമായ രക്ഷയുടെ പാതയിലൂടെയാണ് ചരിക്കേണ്ടത് എന്നാണ്. വഴിവിട്ടു നടക്കുവാനും വേറിട്ട് പോകുവാനും പ്രലോഭനങ്ങൾക്ക് വശംവതരാകാനുമുള്ള സാധ്യതകൾ ഒരുപാടുള്ള കാലഘട്ടമാണല്ലോ ഇപ്പോഴുള്ളത്. എന്നാൽ ദാനമായി ലഭിച്ചിരിക്കുന്ന വിശ്വാസത്തെ കണ്ണിലെ കൃഷ്ണമണിപോലെ ജാഗ്രതയോടെ കാത്തുസൂക്ഷിക്കാനും പരിപോഷിപ്പിക്കാനും വിശ്വാസപരിശീലനം നമ്മെ പ്രാപ്തരാക്കുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തോടു ചേർന്ന് കുടുംബ വർഷം ആചരിക്കണമെന്ന് നമ്മോട് ആവശ്യപ്പെട്ടിരിക്കുകയാണല്ലോ. കുടുംബങ്ങളുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പിതാവിന് പ്രതിഷ്ഠിതമായിരിക്കുന്ന ഈ വർഷം വിശ്വാസത്തിലും നന്മയിലും നാം ഉത്തരോത്തരം വളരണം. അതുവഴി സ്നേഹത്തിന്റെ സന്തോഷം അറിഞ്ഞും അനുഭവിച്ചും, കുഞ്ഞുങ്ങൾക്ക് ക്രൈസ്തവസാക്ഷ്യം നൽകി ജീവിക്കുവാൻ വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന ഓരോരുത്തർക്കും സാധിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഈ പ്രഖ്യാപനത്തിലൂടെ ആഗ്രഹിക്കുന്നു. സത്യവും നീതിയും മുറുകെ പിടിച്ചുകൊണ്ട് കഠിനാധ്വാനത്തിലൂടെ നസ്രത്തിലെ തിരുകുടുംബത്തെ പരിപാലിച്ച

വ്യക്തിയാണ് വിശുദ്ധ യൗസേപ്പിതാവ്. വിശ്വാസത്തിന്റെ പാതയിലൂടെ നാം സഞ്ചരിക്കുമ്പോൾ വിശുദ്ധ യൗസേപ്പിന്റെ കൈകൾ പിടിച്ച് നമ്മുടെ കുടുംബങ്ങളെ രക്ഷയുടെ പാതയിലേക്ക് കൊണ്ടുവരുവാൻ നമുക്കും പരിശ്രമിക്കാം.

വിശുദ്ധ യൗസേപ്പിതാവ് തനിക്ക് ഏൽപ്പിച്ച തിരുകുടുംബത്തെ എപ്രകാരമാണ് നോക്കി പരിപാലിച്ചത് എന്നത് നമുക്ക് വലിയ പ്രചോദനം നൽകുന്നു. കുടുംബത്തോടുള്ള തന്റെ ഉത്തരവാദിത്വം നിശബ്ദസേവനത്തിലൂടെ നിറവേറ്റുകയും, തനിക്ക് ഏൽപ്പിക്കപ്പെട്ട കുടുംബത്തെ ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് മുന്നോട്ടു കൊണ്ടുപോകുകയും അതിനായി സ്വന്തം ഇഷ്ടങ്ങൾ മാറ്റിവെച്ചുകൊണ്ട് പരിശ്രമിക്കുകയും തിരുക്കുടുംബത്തിനു വേണ്ടി തന്നെത്തന്നെ നൽകുകയും ചെയ്ത യൗസേപ്പിതാവിന്റെ ആ വലിയ മാതൃക കുടുംബനാഥൻമാർക്ക് തീർച്ചയായും വലിയ ഉത്തേജനമാണ്. യൗസേപ്പിതാവിനെപ്പോലെ, തന്റെ തോന്നലുകളോ കാഴ്ചപ്പാടുകളോ തന്റെ ബുദ്ധിയിൽ ഉദിക്കുന്ന കാര്യങ്ങളോ അല്ല മറിച്ച് ദൈവത്തിന്റെ തീരുമാനങ്ങളാണ് പ്രധാനമായിട്ടുള്ളതെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം.

വിശുദ്ധ യൗസേപ്പിതാവ് ക്ലേശകരമായ സാഹചര്യങ്ങളിലൂടെ പലപ്പോഴും കടന്നുപോയെങ്കിലും നഷ്ടധൈര്യനാകാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവഹിതം പൂർത്തീകരിക്കാൻ പരിശ്രമിച്ചു. യൗസേപ്പിതാവ് തിരുകുടുംബത്തിനു നൽകിയ സംരക്ഷണംപോലെ നാം ഓരോരുത്തരും നമ്മുടെ കുടുംബത്തെ ദൈവത്തിന്റെ പദ്ധതിയോട് ചേർത്തു നിർത്തി ദൈവമക്കളായി വളരുവാൻ നമ്മുടെ കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം.

ഐക്യരാഷ്ട്ര സഭയുടെ 2021 ലെ അന്തർദേശീയ കുടുംബ ദിനത്തിന്റെ പ്രമേയമായി സ്വീകരിച്ചിരിക്കുന്നത് 'നൂതന സാങ്കേതികവിദ്യകളുടെ സ്വാധീനം കുടുംബങ്ങളുടെ ഉന്നമനത്തിന്' എന്നതാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇതിന് സവിശേഷപ്രാധാന്യം കൈവന്നിരിക്കുന്നു. കാരണം, നമ്മുടെ കുടുംബങ്ങളെ ഇടവകയിലെ മറ്റു കുടുംബങ്ങളുമായി ബന്ധിപ്പി

ക്കുന്നതിനും, നമ്മുടെ കുഞ്ഞുങ്ങൾക്ക് അവരുടെ സമപ്രായക്കാരായ കുഞ്ഞുങ്ങളുമായി ഇടപഴകുന്നതിനും, വിശ്വാസ പരിശീലനത്തിന് നേതൃത്വം നൽകുന്നവരുമായി നമ്മുടെ കുഞ്ഞുങ്ങൾ ആശയവിനിമയം നടത്തുന്നതിനും, ഇടവകയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, വെർച്വൽ പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം.

ദൈവാലയത്തിലും സ്കൂളിലും പോകുവാൻ കഴിയുന്നില്ല, കൂട്ടുകാരെ കാണുന്നില്ല, ഭവനങ്ങളിലെ ഒറ്റപ്പെടൽ, കുടുംബങ്ങളിലെ അരക്ഷിതാവസ്ഥ, ശരിയായ സമയക്രമം പാലിക്കാതെയുള്ള ജീവിതശൈലി, ഭക്ഷണം - ഉറക്കം എന്നിവയിലെ താളക്രമം തെറ്റൽ, അമിതമായ മാധ്യമ ഉപയോഗം, വ്യായാമക്കുറവ് തുടങ്ങിയവയെല്ലാം കുട്ടികൾ അനുഭവിക്കുന്ന മാനസിക വൈകാരിക പ്രശ്നങ്ങളാണ്.

സമൂഹത്തിലെ സമസ്ത ജനങ്ങളെയും കോവിഡ് മഹാമാരി അലട്ടുന്നുണ്ടെങ്കിലും കുട്ടികളെ പ്രത്യേകം പരിഗണിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഉത്തമ ദൈവവിശ്വാസവും സഹോദരസ്നേഹവും സഹവർത്തിത്വവും പരസ്പര ധാരണയും പങ്കുവയ്ക്കലും ഏറ്റവും അധികം രൂപപ്പെട്ടുവരേണ്ട സമയമാണ് ബാല്യകാലം. സാഹചര്യങ്ങളെ ശരിയായ രീതിയിൽ വിലയിരുത്തി ഏതു പ്രതിസന്ധികളെയും സധൈര്യം നേരിടുവാനുള്ള ആത്മവിശ്വാസം കുട്ടികളിൽ വളർത്തിയെടുക്കണം. കുട്ടികളിലും മാതാപിതാക്കളിലും പോസിറ്റീവ് ചിന്തകൾ വളർത്തുവാൻ ദീർഘവീക്ഷണ ത്തോടുകൂടിയുള്ള പ്രവർത്തന പദ്ധതികൾ ഇടവകതലത്തിൽ ആവിഷ്കരിക്കണം. അതിനായി ബഹുമാനപ്പെട്ട വികാരിയോടൊപ്പം സിസ്റ്റേഴ്സ്, മാതാപിതാക്കൾ, മതാധ്യാപകർ, കൗൺസിലേഴ്സ്, ആരോഗ്യപ്രവർത്തകർ എന്നിവർ കൂടുതൽ കരുതലോടെ വർത്തിക്കേണ്ടതാണ്.

ഓൺലൈൻ പഠനത്തിന്റെ എല്ലാ പരിമിതികളും അംഗീകരിച്ചുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുക എന്നതായിരുന്നല്ലോ കഴിഞ്ഞ വർഷത്തെ നമ്മുടെ

സമീപനം. അതിരൂപതയിലെ വിശ്വാസപരിശീലന കമ്മീഷന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ചകളിലും തയ്യാറാക്കിയ മനോഹരമായ 'ദോമൂസ് കാറ്റക്കേസിസ്' എന്ന വീഡിയോപ്രോഗ്രാം വിജയകരമാക്കാൻ അത്യദ്ധ്വാനംചെയ്ത വിശ്വാസപരിശീലന രംഗത്തുള്ള എല്ലാവരെയും പ്രത്യേകിച്ച് മാതാപിതാക്കളെയും കുട്ടികളെയും സന്തോഷപൂർവ്വം അഭിനന്ദിക്കുന്നു.

2021–2022 വർഷത്തെ വിശ്വാസപരിശീലനത്തിന്റെ അതിരൂപതാതലത്തിലുള്ള ഔപചാരിക ഉത്ഘാടനം ജൂൺ 12 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് വെർച്വൽ പ്ലാറ്റ്ഫോമിലൂടെ നടത്തുന്നതാണ്. കഴിഞ്ഞ വർഷത്തേതുപോലെ ഈ വർഷത്തെയും വിശ്വസപരിശീലനത്തിന്റെ പേര് 'ദോമൂസ് കാറ്റക്കേസിസ്' (ഉീൗെ ഇമലേരവലശെ) അഥവാ കുടുംബ മതബോധനമെന്ന് തന്നെയാണ്. കഴിഞ്ഞ വർഷത്തേതിൽ നിന്നും അല്പം വ്യത്യസ്തമായി ഈ വർഷത്തെ ഓൺലൈൻ വിശ്വാസ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കാൻ ശാലോം, ഷെക്കെന, ഗുഡ്നെസ് എന്നീ ടീവി ചാനലുകളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന ക്ലാസുകൾ കുട്ടികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. കൂടാതെ, ഓരോ ആഴ്ചയും വിശ്വാസ പരിശീലനത്തിനായി നിശ്ചയിച്ചിരിക്കുന്ന പാഠഭാഗങ്ങളെ അധാരമാക്കിയുള്ള ഹോം വർക്കുകളും അതുപോലെ ഓരോ ഇടവകകളിലെയും കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന പ്രാർത്ഥന, വിശുദ്ധരുടെ ജീവചരിത്രം, ബൈബിൾ ദൃശ്യാവിഷ്കാരം, ആക്ഷൻ സോങ്, എന്നിവ ഉൾപ്പെടുന്ന 'ദോമൂസ് കാറ്റക്കേസിസി'ന്റെ വീഡിയോ പ്രോഗ്രാമും വിവിധ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികൾക്കും മാതാപിതാക്കൾക്കും എത്തിക്കുന്നതാണ്. അതിനാൽ ക്ലാസ് അടിസ്ഥാനത്തിൽ എല്ലാ കുട്ടികളെയും ചേർത്തുകൊണ്ടുള്ള വാട്സ് ആപ്പ് ഗ്രൂപ്പുകൾ എല്ലാ ഇടവകകളിലും രൂപീകരിച്ച് കാര്യക്ഷമമായി ഉപയോഗിക്കുന്നുവെന്ന് ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്. ഇപ്രകാരം, കുട്ടികൾക്ക്

വീടുകളിലിരുന്ന് ഓരോ ഞായറാഴ്ചയും തങ്ങളുടെ വിശ്വാസ പരിശീലനം നടത്താവുന്ന വിധത്തിലാണ് 'ദോമൂസ് കാറ്റക്കേസിസ്' എന്ന ഓൺലൈൻ വിശ്വാസപരിശീലന പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. അതുപോലെ, കോവിഡ് വ്യാപനത്തിന് കുറവുണ്ടാകുന്ന മുറയ്ക്ക് ദൈവാലയകേന്ദ്രീകൃതമായി, ക്ലാസ്സ് അടിസ്ഥാനത്തിൽ കൃത്യമായ ഇടവേളകളിൽ സമ്പർക്ക ക്ലാസ് നടത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

മാതാപിതാക്കളോട് പ്രത്യേകമായി ഒരു കാര്യം പറയട്ടെ, 'ദോമൂസ് കാറ്റക്കേസിസി'ന് കുടുംബത്തിൽ പ്രാധാന്യം കൊടുത്താലേ കുട്ടികൾ അതിന് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുകയുള്ളൂ. മാതാപിതാക്കളാണ് മക്കളുടെ ആത്മരക്ഷയുടെ കണക്കുകൊടുക്കേണ്ടവർ എന്ന ബോധ്യത്തോടെ കുടുംബത്തിൽ വിശ്വാസ കൈമാറ്റത്തിന് നേതൃത്വം നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം.

വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**✠ മാർ മാത്യു മൂലക്കാട്ട്**

**കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത**

---

NB: ഈ സർക്കുലർ അതിരൂപതയിലെ എല്ലാ ദൈവജനത്തിനും ലഭ്യമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്.

Ref: 3466/K-5/KCBC/OL/DS

12-03-2021

# കുടുംബവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

(19.03.2021 - 26.06.2022)

വന്ദ്യവൈദികരേ, ബഹു. സന്ന്യസ്തരേ, വത്സല സഹോദരരേ,

തിരുക്കുടുംബ പാലകനായ വി. യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച "വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണ'ത്തിലാണല്ലോ തിരുസഭ. ഈ വർഷത്തിൽത്തന്നെ കുടുംബ വർഷാചരണം കൂടി പരിശുദ്ധ പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. ഫ്രാൻസിസ് പാപ്പ കുടുംബങ്ങളുടെ പവിത്രതയും വിവാഹത്തിന്റെ അമൂല്യതയും വ്യക്തമാക്കുന്ന തന്റെ അപ്പസ്തോലിക പ്രബോധനം 'അമോരിസ് ലെത്തീസ്യ' (സ്നേഹത്തിന്റെ ആനന്ദം) പ്രസിദ്ധീകരിച്ചതിന്റെ അഞ്ചാംവാർഷികത്തിലാണ് കുടുംബവർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. 2021 മാർച്ച് 19-ന് തുടങ്ങി 2022 ജൂൺ 26-ന് റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമത്തോടെ കുടുംബവർഷാചരണം സമാപിക്കും. എല്ലാ രൂപതകളിലും ഇടവകകളിലും മാർച്ച് 19-ാം തീയതിയോ അത് കഴിഞ്ഞ് വരുന്ന ഞായറാഴ്ചയോ സമുചിതമായി കുടുംബവർഷാചരണത്തിന് തുടക്കം കുറിക്കേണ്ടതാണ്.

ഓരോ കുടുംബവും യേശു സ്ഥാപിച്ച സഭയുടെ ചെറുപതിപ്പാണ്. അല്ല സഭ തന്നെയാണ്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൌൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്ന് വിളിക്കുന്നത്. ക്രൈസ്തവ ജീവിതത്തിന്റെ മൂലക്കല്ലായ കൂട്ടായ്മയുടെ പ്രകടമായ രൂപം കാണുന്നത് കുടുംബത്തിലാണ്.

വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ വീക്ഷണത്തിൽ "ദൈവീക പദ്ധതിയിൽ കുടുംബം സ്ഥാപിച്ചിരിക്കുന്നത് ജീവന്റെയും സ്നേഹത്തിന്റെയും ഒരൊറ്റ കൂട്ടായ്മയായിട്ടാണ്" (കുടുംബം ഒരു കൂട്ടായ്മ നം.17). കുടുംബത്തിൽ ഭാര്യാ ഭർത്താക്കന്മാർ പരസ്പരം തങ്ങളെത്തന്നെ ദാനം ചെയ്ത്, വിവാഹ വാഗ്ദാനത്തോട് അനുദിനം വിശ്വസ്തത പുലർത്തിക്കൊണ്ട് തങ്ങളുടെ കൂട്ടായ്മയിൽ നിരന്തരം വളർച്ച പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവം തന്നെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും സ്ഥാപകനും സംരക്ഷകനും ആയതുകൊണ്ട് ഒരു മഹാ രഹസ്യമായാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിവാഹത്തെ കാണുന്നത് (എഫേ. 5,32). ഒരർത്ഥത്തിൽ പരിശുദ്ധ ത്രിത്വം ഒരു രഹസ്യമായിരിക്കുന്നതുപോലെ, ത്രിത്വത്തെ വെളിവാക്കുന്ന കുടുംബവും ഒരു രഹസ്യമായി നിലകൊള്ളുന്നു. ത്രിത്വൈക രഹസ്യം മഹാരഹസ്യമായി നിലകൊള്ളുമ്പോഴും മാനവരക്ഷ യ്ക്കായി അവതാരം ചെയ്യുകയും മാനവർക്ക് ആ രക്ഷ അനുഭവവേദ്യമാവുകയും ചെയ്തതുപോലെ ഓരോ കുടുംബവും സമൂഹത്തിന് നന്മയുടെ ഉറവിടമായി മാറണം. "സന്തോഷത്തിന്റെ സമാധാനം പേറുന്ന കുടുംബങ്ങൾ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാവുകയും ഇരുളടഞ്ഞ ലോകത്തിന് പ്രകാശമായി മാറുകയും വേണം' (സ്നേഹത്തിന്റെ ആനന്ദം, നം. 66).

പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന തന്റെ പ്രബോധനത്തിലൂടെ ഓർമ്മിപ്പിച്ച വിവാഹത്തി ന്റെയും കുടുംബജീവിതത്തിന്റെയും വെല്ലുവിളികളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കുവാനും, പല കർമ്മപരിപാടിക ളിലൂടെയും കുടുംബങ്ങളെ നവീകരിക്കുവാനുമുള്ളതാണ് ഈ കുടുംബവർഷം. തങ്ങളെത്തന്നെ വീണ്ടെടുക്കുവാനും നവീകരിക്കുവാനുമുള്ള ദൗത്യമാണ് പാപ്പ ഓരോ കുടുംബ ങ്ങൾക്കും ഈ വർഷം നൽകുന്നത്. 'കുടുംബങ്ങളുടെ നവീക രണവും വീണ്ടെടുപ്പും' എന്ന ഈ കുടുംബവർഷത്തിന്റെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ രൂപതാ കുടുംബത്തിന്റെയും

ഇടവക കുടുംബങ്ങളുടെയും നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കു കയും വേണം.

കുടുംബജീവിതത്തിന്റെ പവിത്രതയും പഴയ കെട്ടുറപ്പും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് വിവാഹ തകർച്ചുകളും വിവാഹമോചനങ്ങളും ഏറി വരുന്നുവെന്നത് ദൗർഭാഗ്യകരമായ ഒരു വസ്തുതയാണ്. കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് അതിനായി വേണ്ട ഒരുക്കവും പരിശീലനവുമുണ്ടെങ്കിൽ വിവാഹത്തേയും തുടർന്നുള്ള ജീവിതത്തേയും ശക്തിപ്പെടുത്തുവാൻ അത് സഹായകമാകും. പൊതുവായ മതബോധനവും വിവാഹാർത്ഥികളുടെ വ്യക്തിപരമായ ഒരുക്കവും നടക്കുന്നതോടൊപ്പം വിവാഹത്തെ ക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. രൂപതാതല ത്തിൽ സംഘടിപ്പിക്കുന്ന വിവാഹഒരുക്ക സെമിനാറുകൾക്ക് പുറമേ ഇടവകതലത്തിൽ കൗമാരക്കാരായ കുട്ടികൾക്ക് വിവാഹ ഒരുക്ക പരിശീലനം നൽകാവുന്നതാണ്

കുടുംബത്തെ അടിസ്ഥാനപരമായി ഗാർഹിക സഭയായി കാണുമ്പോൾ മാനുഷികവും ധാർമ്മികവുമായ എല്ലാ മൂല്യങ്ങളും വളരേണ്ടതും പക്വത പ്രാപിക്കേണ്ടതും കുടുംബത്തിലാണെന്ന് സഭ അടിവരയിട്ട് പഠിപ്പിക്കുന്നു. നവ മാധ്യമങ്ങളുടെ അതിപ്രസരംമൂലം പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും നന്മകൾ കുടുംബങ്ങളിൽ ശിഥിലമായിക്കൊണ്ടിരിക്കുകയും ഓരോരുത്തരും ഭവനങ്ങളിൽ ഒറ്റപ്പെട്ട തുരുത്തുകളായി മാറുകയും ചെയ്തിട്ടുണ്ട്. ഇക്കാലത്ത് 'മാധ്യമമുക്ത കുടുംബ മണിക്കൂർ' (Digital Free Family Hour) കുടുംബങ്ങളിൽ നടപ്പിലാക്കാൻ ശ്രദ്ധിച്ചാൽ കുടുംബങ്ങൾ പ്രാർത്ഥനയുടെയും പരസ്പരമുള്ള സ്നേഹ സംഭാഷണങ്ങളു ടെയും ഇടമായി മാറും.

കുടുംബങ്ങളുടെ വീണ്ടെടുപ്പിനും നവീകരണത്തിനു മായി ഇടവകതലത്തിൽ ഈ വർഷം വിവിധങ്ങളായ കുടുംബസംഗമങ്ങൾ നടത്തുന്നത് അഭിലഷണീയമാണ്. വൈദികരുടെയും സന്ന്യസ്തരുടെയും കുടുംബ സംഗമങ്ങൾ,

നവദമ്പതിമാരുടെ കുടുംബസംഗമങ്ങൾ, വിവാഹം കഴിഞ്ഞ് പല വർഷങ്ങളിലായിരിക്കുന്ന വരുടെ കുടുംബസംഗമങ്ങൾ... ഇത്തരത്തിൽ സംഘടിപ്പിക്കപ്പെടുന്ന കുടുംബസംഗമങ്ങൾ കുടുംബബന്ധങ്ങൾ ഊഷ്മളമാക്കുവാനും ദൃഢമാക്കുവാനും ഉപകാരപ്പെടും.

പ്രത്യേകമായ കരുതലും സ്നേഹവും പരിഗണനയും ആവശ്യപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി അവരെ സന്ദർശി ക്കുവാനും ആ കുടുംബങ്ങളെ വീണ്ടെടുക്കുവാനുമുള്ള ശ്രമങ്ങൾ കൂടുതലായും ഈ വർഷം നടത്തപ്പെടണം. വാർദ്ധക്യത്തിന്റെയും രോഗത്തിന്റെയും അസ്വസ്ഥതകൾ അലട്ടുന്ന കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും അവിടെയൊക്കെയും സ്നേഹത്തിന്റെ ആനന്ദം സമ്മാനിക്കാനും കഴിയണം.

കുടുംബവർഷത്തിൽ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകണം. ഇടവകകളിൽ പ്രോ-ലൈഫ് സമിതികൾക്ക് രൂപം നൽകുകയും ജീവനെതിരെയുള്ള എല്ലാ തിന്മകൾക്കും നേരെ ജ്വലി ക്കുന്ന ശബ്ദമായി മാറുകയും വേണം.

ഇടവകകളിലെ വലിയ കുടുംബങ്ങളെ കണ്ടെത്തി സാധ്യമാകുന്ന വേദികളിൽ ആദരിക്കുകയും, സാമ്പത്തിക പരാധീനതകൾ നേരിടുന്ന വലിയ കുടുംബങ്ങളെ സഹായിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും വേണം. വിവാഹ പ്രായമെത്തിയ യുവതീ-യുവാക്കളെ കുടുംബജീവിതത്തി ലേക്ക്പ്രവേശിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വിവാഹപ്രായം കഴിഞ്ഞിട്ട് വിവാഹിതരാകാതിരിക്കുന്ന വർക്ക് പ്രത്യേക കരുതൽ നൽകുകയും വേണം.

വിവാഹം ഒരു കൂദാശയായി സ്വീകരിക്കാതെ പാപാവസ്ഥ യിൽ കഴിയുന്ന കുടുംബങ്ങളെ വീണ്ടെടുക്കുവാൻ പരിശ്രമിക്കണം. വിവാഹ മോചന കേസുകളിൽ തീർപ്പു കൽപ്പിച്ചു കിട്ടുന്നതിന് ഉത്സാഹം കാട്ടാനും ബദ്ധശ്രദ്ധരാകണം.

കുടുംബവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ ഫോറങ്ങൾക്ക് രൂപം നൽകുകയും, അവ സജീവമായി പ്രവർത്തിക്കാനുള്ള പരിശീലനങ്ങളും തുടർപരിപാടികളും ക്രമീകരിക്കുകയും ചെയ്യണം. അതുപോലെ തന്നെ കുടുംബവുമായി ബന്ധപ്പെട്ട്

ഓർത്തിരിക്കേണ്ട ദിനങ്ങൾ അതിപ്രാധാന്യത്തോടെ അനുസ്മരിക്കുകയും, ആഘോഷിക്കുകയും, ക്രിയാത്മകമായി സംഘടിപ്പിക്കുകയും ചെയ്യണം.

കുടുംബം ഒരു വിളിയും ഉത്തരവാദിത്വവുമാണ്. കുടുംബങ്ങളിലെ പ്രശ്നങ്ങളെ തലനാരിഴ കീറി പരിശോധിക്കുന്നതിനെക്കാൾ അവർക്കൊപ്പമുണ്ട് എന്ന ഉറപ്പ് നൽകാനാകണം. ഇന്ന് സഭ വളരേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും കുടുംബങ്ങളുടെ വിശുദ്ധീകരണം വഴിയാണ്. "കുടുംബജീവിതം നയിക്കു ന്നവർക്ക് അവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ വീണ്ടെടുപ്പല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതെ, കുടുംബത്തിന്റെ പാതയാണ് സഭയുടെ പാത" (വി. ജോൺപോൾ രണ്ടാമൻ). ആത്മീയമായും ഭൗതികമായും കുടുംബങ്ങളെ വീണ്ടെടുക്കുന്ന ഒരു വർഷമായി ഈ വർഷം മാറട്ടെയെന്നും അതുവഴിയഥാർത്ഥ സ്നേഹവും ആനന്ദവും ഓരോ കുടുംബങ്ങളിലും നിറയട്ടെ യെന്നും പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശിസുകളോടെ,

✠ **ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി**

(ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

✠ **ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

(വൈസ് ചെയർമാൻ,കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

✠ **ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

പി.ഒ.സി., കൊച്ചി - 682 025

---

N:B: 2021 മാർച്ച് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3471/K-5/KCBC/OL/DS

08.04.2021

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2021

"വിശുദ്ധ യൗസേപ്പ്: നീതിയോടെ അദ്ധ്വാനിച്ച മരപ്പണിക്കാരൻ"

(ഫ്രാൻസിസ് പാപ്പ, പാത്രിസ് കോർദെ 6)

ഈശോയിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റേയും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റേയും മംഗളാശംസകൾ നേരുന്നു. കോവിഡ് മഹാമാരിയുടെ കരിനിഴലിൽ നിന്നും ലോകം മുഴുവൻ മോചനം പ്രാപിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

1. തൊഴിലാളികളുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനു സമർപ്പിക്കപ്പെട്ട വർഷത്തിലെ മെയ്ദിനം സവിശേഷമാണ്. തിരുസ്സഭയുടെ 'പരിപാലകവിശുദ്ധനായി' വി. യൗസേപ്പിതാവിനെ 1870-ൽ ഭാഗ്യസ്മരണാർഹനായ പിയൂസ് ഒൻപതാമൻ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ നൂറ്റിയൻപതാം വാർഷികം പ്രമാണിച്ചാണു പരിശുദ്ധ ഫ്രാൻസിസ് പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വിശുദ്ധ യൗസേപ്പിതാവിന്റെ ധന്യസ്മരണയ്ക്ക് മുന്നിൽ സമർപ്പിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയത്. തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ വർഷം കുടുംബവർഷമായി കൂടി തിരുസ്സഭ ആചരിക്കുകയാണ്. ആയതിനാൽ തൊഴിലിനെയും

തൊഴിലാളികളെക്കുറിച്ചും കുടുംബങ്ങളെ കുറിച്ചും വിശദമായ പഠനങ്ങളും ധ്യാനങ്ങളും പരിചിന്തനങ്ങളും നടത്തേണ്ടതായിട്ടുണ്ട്. അതോടൊപ്പം തൊഴിലാളി ശക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

2. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു തുടക്കം കുറിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'പാത്രിസ് കോർദേ' (പിതാവിനോടൊപ്പം) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനം പ്രസിദ്ധീ കരിക്കുകയുണ്ടായി. മരപ്പണിക്കാരനും (മത്താ. 13:55) നീതിമാനുമായ (മത്താ. 1:19) യൗസേപ്പിതാവിന്റെ വ്യക്തിപ്രഭാവത്തിലെ ഗുണഗണങ്ങളെ വിവരിക്കുന്ന ഏഴ് ഖണ്ഡികകൾ ഈ അപ്പസ്തോലിക ലേഖനത്തിലുണ്ട്. അതിൽ ആറാമത്തെ ഖണ്ഡിക 'തൊഴിലെടുക്കുന്ന പിതാവ്' എന്ന തലക്കെട്ടിലാണു എഴുതിയിരിക്കുന്നത്. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ ജീവിതാനുഭവങ്ങളിലൂടെ തൊഴിലിന്റെ വ്യക്തിപരവും സാമൂഹികവുമായ മാനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും പാപ്പ അനാവരണം ചെയ്യുകയാണ്. "തന്റെ കുടുംബത്തെ പരിപാലിക്കുന്നതിനായി സത്യസന്ധമായ ജീവിതം നയിച്ച മരപ്പണിക്കാരനാണു വിശുദ്ധ യൗസേപ്പ്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലത്തിൽ നിന്നും ആഹാരം കഴിക്കണം എന്ന പ്രബോധനത്തിന്റെ മൂല്യവും അന്തസ്സും ആനന്ദവും യേശു സ്വാംശീകരിച്ചത് വിശുദ്ധ യൗസേപ്പിൽ നിന്നാണ്" (പാത്രിസ് കോർദേ, 6). യേശുവിന്റെ ജീവിതത്തിൽ വി. യൗസേപ്പിതാവിന്റെ തൊഴിൽ ജീവിതം ചെലുത്തിയ സ്വാധീനമാണു പാപ്പ വിശദീകരിക്കുന്നത്. തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വത്തെ സംബന്ധിച്ചും പാപ്പ പറയുന്നത് ശ്രദ്ധിക്കുക: "രക്ഷാകര പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള മാധ്യമമാണ് തൊഴിൽ. ദൈവരാജ്യത്തിന്റെ വരവിനെ വേഗത്തിലാക്കാനുള്ള അവസരമാണു തൊഴിൽ. കഴിവുകളും നൈപുണ്യവും വികസിപ്പിക്കാനുള്ള മാർഗമാണു

തൊഴിൽ. വ്യക്തികളുടെ മാത്രമല്ല കുടുംബത്തിന്റെയും ആത്മസഫലീകരണത്തിനായി തൊഴിൽ അനിവാര്യമാണ്"(പാ. കോ. 6). തൊഴിലിന്റെ സാമൂഹിക മാനങ്ങളെക്കുറിച്ചും പാപ്പ പഠിപ്പിക്കുന്നുണ്ട്. "നമ്മുടെ കാലഘട്ടത്തിലുള്ള സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രതിസന്ധികൾ തൊഴിലിന്റെ മൂല്യം, പ്രാധാന്യം, ആവശ്യകത എന്നിവയെ വീണ്ടും കണ്ടെത്തി ആരെയും പുറത്താക്കാത്ത ഒരു പുതിയ സാമൂഹിക ക്രമം രൂപപ്പെടുത്തുന്നതിനുള്ള ആഹ്വാനമായി കാണണം" (പാ. കോ. 6) എന്നാണു പാപ്പ പഠിപ്പിക്കുന്നത്.

3. ലോകത്തെ പുരോഗതിയിലേക്ക് നയിക്കുന്ന ഘടകമാണ് തൊഴിൽ. മനുഷ്യൻ തൊഴിൽ ചെയ്തില്ലായിരുന്നുവെങ്കിൽ ലോകം ഇന്നും സൃഷ്ടാവസ്ഥയിൽ തന്നെ തുടരുമായിരുന്നു. സൃഷ്ടിയിൽ അന്തർലീനമായിരിക്കുന്ന ദിവ്യതയിലും സർഗാത്മകതയിലുമുള്ള പങ്കുചേരലാണ് തൊഴിലെന്ന ബോധ്യം ഉണ്ടാകുകയെന്നതാണ് ഓരോ തൊഴിലാളിയും മെയ്ദിനത്തിൽ നിന്നും സ്വാംശീകരിക്കേണ്ട സന്ദേശം.

4. വ്യവസായവിപ്ലവത്തെ തുടർന്നു തൊഴിൽമേഖലയിൽ ഉണ്ടായ ചൂഷണത്തിനെതിരെ എട്ട് മണിക്കൂർ തൊഴിൽ, എട്ട് മണിക്കൂർ വിനോദം എട്ട് മണിക്കൂർ വിശ്രമം എന്ന ആവശ്യവുമായി തൊഴിലാളികൾ ചിക്കാഗോ നഗരത്തിൽ നടത്തിയ സമരം അധികാരികളാൽ അടിച്ചമർത്തപ്പെട്ടെങ്കിലും തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളി സമൂഹത്തിനു പിൽക്കാലത്ത് സാധിച്ചു. സമരമുഖത്തെ തൊഴിലാളികളുടെ സഹനത്തെയാണു മെയ്ദിനം നമ്മെ അനുസ്മരിപ്പിക്കുന്നത്.

5. "വ്യക്തി തന്റെ കായികവും ബുദ്ധിപരവും സർഗാത്മകവുമായ കഴിവുകളെ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനമാണു തൊഴിൽ" എന്നാണ് തിരുസ്സഭ നിർവചിച്ചിട്ടുള്ളത്. ഇതിൽ

നിന്നു തന്നെ കുടുംബ പുരോഗതിയിലും സാമൂഹിക വികസനത്തിലും തൊഴിലിന്റെയും തൊഴിലാളിയുടെയും പ്രാധാന്യം എടുത്തു കാണിക്കുന്നുണ്ട്. അതുകൊണ്ടാണ് തൊഴിലാളിക്ക് ലഭിക്കുന്ന വേതനം തൊഴിലാളിയുടെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും, നാളെയ്ക്കു വേണ്ടി അല്പം കരുതി വയ്ക്കുന്നതിനുമുള്ള വിധമായിരിക്കണമെന്നുമുള്ള നിലപാട് എടുത്തുകൊണ്ട് ജീവനക്കൂലി (living wages) കുടുംബക്കൂലി (family wages) എന്നീ ആശയങ്ങൾ തിരുസ്സഭ ഒരു നൂറ്റാണ്ടുകാലമായി സാമൂഹിക പ്രബോധനങ്ങൾ വഴി അവതരിപ്പിച്ചു കൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടന ഇക്കാര്യം തങ്ങളുടെ മാർഗനിർദ്ദേശ പട്ടികയിൽ ഉൾപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്. അദ്ധ്വാനത്തിലൂടെ സ്വകാര്യസ്വത്ത് ആർജിക്കുകയെന്നത് ഒരു വ്യക്തിയുടെ ഉത്തരവാദിത്വ മാണെന്നു കൂടി അസന്നിഗ്ദ്ധമായി സഭയുടെ സാമൂഹീക ചാക്രികലേഖനങ്ങളിലൂടെ പ്രബോധിപ്പിക്കുന്നുണ്ട്.

6. തൊഴിൽ ലഭിക്കുക, തൊഴിലിനു മാന്യമായ വേതനം ലഭിക്കുക, സുരക്ഷിതമായ തൊഴിൽസാഹചര്യം ലഭിക്കുക, തൊഴിലിനു ഉറപ്പ് ലഭിക്കുക എന്നത് തൊഴിലാളികളുടെ അവകാശങ്ങളാണ്. അതോടൊപ്പം ചികിത്സാനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യ ങ്ങൾ എന്നിവ ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ തുടങ്ങിയവയുടെ ലഭ്യതയെല്ലാം തൊഴിലാളിയുടെ അവകാശ മാണ്. ഇവ ഉറപ്പുവരുത്തുക ബന്ധപ്പെട്ട സർക്കാരുകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണു എന്നാണു തിരുസ്സഭ പഠിപ്പിക്കുന്നത് (സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ സംക്ഷേപം 301). ദൗർഭാഗ്യവശാൽ ഈ കർത്തവ്യ നിർവ്വഹണത്തിൽ നിന്നും ഏകപക്ഷീയമായി പിൻമാറുന്ന നയമാണ് സർക്കാരുകൾ പിന്തുടരുന്നത് എന്ന ദുഃഖകരമായ സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. മൂലധനത്തേക്കാൾ പ്രധാന്യം തൊഴിലാളികൾക്കാണു നൽകേണ്ടത് എന്നാണു സഭാ

പ്രബോധനങ്ങൾ പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിരന്തരം പരിദേവനം നടത്തുന്നതുപോലെ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രാധാന്യമാണു ഇക്കാലത്ത് നൽകപ്പെടുന്നത്. മൂലധന താത്പര്യങ്ങൾ സംരക്ഷിക്കാനായി പലപ്പോഴും തൊഴിലാളികളുടെ അവകാശങ്ങൾ നിഹനിക്കപ്പെടുന്നു.

7. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗമായ കർഷകർ തങ്ങളുടെ അവകാശസംരക്ഷണത്തിനായി സമരം തുടങ്ങിയിട്ട് ആറ് മാസങ്ങൾ കഴിഞ്ഞു. കർഷകരുമായി കൂടിയാലോചിക്കാതെ രൂപപ്പെടുത്തിയിട്ടുള്ള കർഷക നിയമങ്ങൾ തങ്ങളുടെ താത്പര്യങ്ങൾക്ക് എതിരാണെന്ന പരാതിയിലാണു കർഷകർ സമരം തുടരുന്നത്. നാലു ലേബർ കോഡുകളായി രൂപപ്പെടുത്തി പരിഷ്കരിച്ചിരിക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന നടപടി ക്രമങ്ങൾ രൂപപ്പെടുത്തുന്നത് അവസാനഘട്ടത്തിലാണ്. ഈ പരിഷ്ക്കാരങ്ങൾക്കെതിരെ തൊഴിലാളികളും പ്രതിഷേധത്തിലാണ്. വേണ്ടത്ര കൂടിയാലോചന നടത്താതെ രൂപപ്പെടുത്തി യിരിക്കുന്ന ഇവ തൊഴിലാളി താത്പര്യങ്ങൾക്കെതിരാണെന്നാണു അവർ ഉന്നയിക്കുന്ന പ്രധാന ആക്ഷേപം. നിലവിലുള്ള അവകാശങ്ങൾപോലും ഇല്ലാതാകുമെന്നു അവർ ഭയപ്പെടുന്നു. മാത്രമല്ല, രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ ഈ നിയമത്തിൽ ഉറപ്പാക്കിയിട്ടില്ലെന്ന പരാതിയും അവർ ഉന്നയിക്കുന്നുണ്ട്.

8. പ്രകൃതിവിഭവങ്ങളിൽ ആശ്രയിച്ച് ജീവിതം കെട്ടിപ്പടുത്തുയർത്തുന്ന കർഷകരെയും-തൊഴിലാളി സമൂഹത്തെയും നിരാശയിലേക്ക് നയിക്കുന്ന സാഹചര്യമാണു മലയോര മേഖലകളിൽ യുക്തിരഹിതവും അശാസ്ത്രീയവും ആയ വിധത്തിലുള്ള ബഫർസോൺ പ്രഖ്യാപനത്തിലൂടെയും, അന്യായമായി പട്ടയനിഷേധത്തിലൂടെയും ഉണ്ടായിരിക്കുന്നത്. തീരപരിപാലന നിയമത്തിലെ അപാകതകൾ, ദേശീയ മത്സ്യനയം, ബ്ലൂ ഇക്കോണമി സോൺ നയം, ആഴക്കടൽ

മത്സ്യബന്ധന കരാറുകൾ എന്നിവ തീരവാസികളുടെ, വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ജീവിതം കഷ്ടത്തിലാക്കിയിരിക്കുന്നു. എന്നാൽ മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും കോർപ്പറേറ്റുകൾക്കും ടൂറിസ്റ്റ് ലോബികൾക്കും എല്ലാവിധ ഒത്താശകളും ലഭിക്കുന്നു എന്നതാണു വൈരുദ്ധ്യം.

9. നിയമങ്ങൾ നിർമ്മിക്കുമ്പോഴും നയങ്ങൾ രൂപപ്പെടുത്തുമ്പോഴും ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തുവാൻ സർക്കാരുകൾ സന്നദ്ധമാകേണ്ടതുണ്ട്. മൂലധന താത്പര്യ സംരക്ഷണത്തേക്കാൾ തൊഴിലാളി കളുടെ സുസ്ഥിതിക്കും അവകാശങ്ങൾക്ക് മുൻതൂക്കം കൊടുത്തു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കുവാൻ പാടുള്ളൂ. പുതിയ നിയമങ്ങൾ നിർമ്മിക്കുമ്പോൾ വിശദമായ ചർച്ചകൾ നിയമനിർമ്മാണ സഭകളിൽ നടക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതുമാണ്. സാധാരണക്കാരായ ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കേണ്ടത്. ദീർഘകാലമായി സമരം ചെയ്യുന്ന കർഷകരോട് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കാനും അവരുടെ ആശങ്കകൾ പരിഹരിച്ച് സമരം സമാപിപ്പിക്കാനുമുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ നേതൃത്വം നൽകേണ്ടതാണ്.

10. വിശുദ്ധ യൗസേപ്പിന്റെ ജീവിതം മാതൃകയാക്കാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. അവകാശങ്ങളെ ക്കുറിച്ച് ചിന്തിക്കുന്നതോടൊപ്പം തങ്ങളുടെ കടമകളെകുറിച്ച് തൊഴിലാളികളെ ചിന്തിപ്പിക്കുന്നതിനുള്ള അവസരംകൂടിയാണ് മെയ്ദിനം. അവകാശങ്ങളെകുറിച്ചു മാത്രം ചിന്തിക്കുകയും കടമകളെ മറക്കാൻ ശ്രമിക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹം സ്വയംനാശത്തിലേക്ക് നിപതിക്കും. തദ്ഫലമായി രാഷ്ട്രത്തിന്റെ തകർച്ചയ്ക്ക് വരെ നിദാനമാകുകയും ചെയ്യും.

11. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹിക മേഖലയിലും പ്രതീക്ഷയുടേയും സന്തോഷത്തിന്റേയും വെളിച്ചം പരത്താൻ തൊഴിലാളിക്ക് കടമയുണ്ട്. ഇഷ്ടമുള്ള

ജോലി ചെയ്യുന്നതിലല്ല മറിച്ച് ലഭിച്ച തൊഴിൽ സന്തോഷ ത്തോടെ അതിന്റെ പൂർണ്ണതയിൽ ചെയ്യുമ്പോഴാണ് തൊഴിലാ ളിക്ക് തന്റെ ഉത്തരവാദിത്വം നിറവേറ്റാനാകുന്നത്. തൊഴിൽ മേഖലയിൽ സർഗാത്മകതയോടെ ഇടപെടുക, എല്ലാ മേഖലയിലും കരുതലെടുക്കുക, ത്യാഗമനസ്സുണ്ടാകുക, സഹകരണമനോഭാവം വളർത്തിയെടുക്കുക, പങ്കുവെയ്ക്ക ലിന്റെ രീതിശാസ്ത്രം പ്രയോഗവല്കരിക്കുക എന്നതെല്ലാം തൊഴിലാളികൾ തങ്ങളുടെ കടമകളാണെന്ന് തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് തൊഴിൽരംഗത്ത് വികസനവും സമാധാനവും സംജാതമാകുക. കുടുംബത്തിലുള്ള തന്റെ ചുമതലകൾ കർത്തവ്യബോധ ത്തോടെ തൊഴിലാളികൾ നിർവ്വഹിക്കണം. സാമൂഹിക പ്രതിബദ്ധതയും തൊഴിലാളികൾക്കുണ്ടാകണം (ഫ്രത്തേലി തൂത്തി 162).

12. ''മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ" (മത്ത. 7:12) എന്ന യേശു വചനത്തെ മലയിലെ പ്രസംഗത്തിലെ സുവർണ്ണ നിയമമെന്നാണു വിശേഷിപ്പിക്കുന്നത്. മാറ്റം തുടങ്ങേണ്ടത് നമ്മിൽ ഓരോരുത്തരിൽ നിന്നുമാണ്. അതിന് സ്വതന്ത്രചിന്ത അത്യാവശ്യമാണ്. സത്യാധിഷ്ഠിത പ്രവൃത്തിക ളാണു നമ്മെ സ്വതന്ത്രമാക്കുന്നത് (യോഹ 8:32). ജാതീയമായും മതപരമായും രാഷ്ട്രീയപരമായും വിഭജിതമായതും അടിമത്ത പരമായ വിധേയത്വം പുലർത്തുന്നതുമായ വ്യക്തികളുടെ കൂട്ടം ഒരു പുരോഗതിയും മുന്നോട്ടു വയ്ക്കുന്നില്ല. ഈ സാഹചര്യത്തെയാണു രാഷ്ട്രീയ, ഭരണ, കോർപ്പറേറ്റ് കൂട്ടുകെട്ടുകൾ പ്രയോജനപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് ഉള്ളവരായി മാറുകയെന്നതാണ് ഓരോ തൊഴിലാളിയുടേയും പരമപ്രധാനമായ കർത്തവ്യം. മാർ യൗസേപ്പിനെ പോലെ അവകാശങ്ങളെ കുറിച്ചും കടമകളെകുറിച്ചും ബോധ്യ മുള്ളവരായി തൊഴിലാളികൾ മാറണം.

13. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് ഇന്ത്യൻ മെത്രാൻ സമിതിയുടെ (CBCI) യുടെ വർക്കേർസ് ഇന്ത്യ ഫെഡറേഷനുമായി (WIF) സഹകരിച്ച് പ്രർത്തിക്കുന്നു. ഇന്ത്യയിലെ തൊഴിൽ, തൊഴിൽ ശക്തിയിലെ 94 ശതമാനം വരുന്ന അസംഘടിതതൊഴിലാളികളുടെ സംഘാടനവും ഉന്നമനവുമാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

14. തൊഴിൽപരമായ സംഘാടനം, നൈപുണ്യ പരിശീലനം, സാമൂഹിക സുരക്ഷാ പദ്ധതികളിലെ പങ്കാളിത്തം, ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ, അവകാശ നിഷേധങ്ങൾ ക്കെതിരെയുള്ള പ്രതിരോധം, തൊഴിലിനേയും ആദരിക്കുന്ന സംസ്കാരത്തെ രൂപപ്പെടുത്തൽ, ക്രിസ്തീയവും ധാർമ്മീകവുമായ ജീവിതരീതി പ്രദാനം ചെയ്യൽ തുടങ്ങിയവയാണ് കെ.എൽ.എം. ലക്ഷ്യം വയ്ക്കുന്നത്.

15. നിർമ്മാണതൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, തയ്യൽതൊഴിലാളി ഫോറം, ഗാർഹീകതൊഴിലാളി ഫോറം, പീടികതൊഴിലാളി ഫോറം, കർഷകതൊഴിലാളി ഫോറം, ചെറുകിടതോട്ടം, തൊഴിലാളി ഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം, വനിതാ ഫോറം എന്നിങ്ങനെ വിവിധ ഫോറങ്ങൾ വഴിയാണു കെ.എൽ.എം. പ്രവർത്തിച്ചുവരുന്നത്.

16. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ തൊഴിലാളി പ്രേഷിതത്വത്തിനു മുൻഗണന നൽകേണ്ടതാണ്. തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും വളരെ ഗൗരവപൂർവ്വം ഏറ്റെടുക്കുവാൻ താത്പര്യപ്പെടുന്നു. എല്ലാ ഇടവകകളിലും കെ.എൽ.എം. ന്റെ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സജീവമാക്കുകയും ചെയ്യണം. മെയ് ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നത് ഉചിതമാണ്.

17. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും വിശുദ്ധ യൗസേപ്പിന്റെ മാധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദ ങ്ങളുടെ മേൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും കാത്തു സംരക്ഷിക്കട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**

(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി 682 025

---

NB: 2021 ഏപ്രിൽ 25 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

# കൂരിയ വാർത്തകൾ

## TRANSFERS & NEW APPOINTMENTS

## March - June 2021

| | | |
|---|---|---|
| Rev. Fr. Chennakuzhy John | - | Relieved, PRO of Kottayam Archeparchy |
| Rev. Fr. Vengackal Graceson | - | Relieved, Archivist, Archbishop's House, Kottayam |
| Rev. Fr. Karukaparambil George | - | PRO of Kottayam Archeparchy & Archivist, Archbishop's House, Kottayam |

(With effect from March 25, 2021)

.................................................................................

| | | |
|---|---|---|
| Rev. Fr. Michael Paroosseril OFM Cap. | - | Relieved, Chaplain of Secular Franciscan Order (SFO) in the Archeparchy of Kottayam |
| Rev. Fr. Jinu Manthiyil OFM Cap. | - | Chaplain, Secular Franciscan Order (SFO) in the Archeparchy of Kottayam |

(With effect from May 15, 2021)

.................................................................................

| | | |
|---|---|---|
| Rev. Fr. Shaji Mekkara OSH | - | Vicar, Pulinjal |
| Rev. Fr. Stijo Thekkumkattil | - | Vicar, Kottody |
| Rev. Fr. Jegin Kolangayil | - | Appointed for Rajkot Mission |

(With effect from June 01, 2021)

All the transfers and appointments are with effect from respective dates unless otherwise mentioned

Abp. No. 49/2021

15. 05. 2021

The health commission of the Archeparchy of Kottayam is re-constituted with the following members:

1. Director, Caritas Hospital (Chairman)
2. Pro- Proto Syncellus
3. Directress General, Caritas Secular Institute
4. Director, Little Lourde Hospital, Kidangoor
5. Director, MUM Hospital, Monippally
6. Director, Mercy Hospital, Payyavoor
7. Secretary, Presbyteral Council
8. Dr. Sajan Chazhikatt
9. Dr. Mathew Joseph, Pullolil
10. Rev. Sr. Sunitha SVM

Inviting their total commitment and invoking God's blessings on all of them,

Mar Mathew Moolakkatt

Metropolitan Archbishop of Kottayam

# അതിരൂപത പാസ്റ്ററൽ കമ്മീഷൻ

## ബൈബിൾ കമ്മീഷൻ

### ബൈബിൾ കോഴ്സ്

ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അല്മായർക്ക് വേണ്ടി നടന്നു വരുന്ന ബൈബിൾ - തിയോളജി കോഴ്സ് വേനലവധിക്കു ശേഷം പുനരാരംഭിച്ചു. ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിലാണ് ക്ലാസ്സുകൾ നടന്നു വരുന്നത്.

**ഫാ. സജി കൊച്ചുപറമ്പിൽ**

ചെയർമാൻ

## വിശ്വാസ പരിശീലന കമ്മീഷൻ

### പ്രസ്താവന

പ്രിയമുള്ളവരേ,

ക്രൈസ്തവ-ഇസ്ലാമിക വിശ്വാസങ്ങളിലെ ചില താരതമ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വിവാദ വിഷയമാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില വിവാദങ്ങളിലെങ്കിലും സഭയുടെ മതപഠന ഗ്ര ന്ഥങ്ങളെ പ്രതിസ്ഥാനത്തുനിർത്തുന്ന പരാമർശങ്ങൾ കാണാൻ ഇടവന്നതിനാൽ സീറോമലബാർ സഭയുടെ മതബോധന കമ്മീഷൻ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്താൻ ആഗ്രഹിക്കു ന്നു.

1. ഇതര മതവിശ്വാസങ്ങളെയും അവരുടെ ആചാരങ്ങളെയും ആദ രവോടെ വിലയിരുത്തുന്നതിൽ ക്രൈസ്തവർക്കു വീഴ്ചവരാൻ പാടില്ല എന്ന രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ചിന്തയാണ് നമ്മുടെ പ്രബോധനങ്ങൾക്ക് വഴിവിളക്കാവുന്നത്. അനാവശ്യമാ യ താരതമ്യങ്ങളിലൂടെ ഇതരമതവിശ്വാസങ്ങളെ ഇകഴ്ത്തുന്ന എല്ലാ പ്രവണതകളിൽനിന്നും ക്രൈസ്തവർ ബോധപൂർവ്വം അ

കന്നുനിൽക്കണം. കാരണം. എല്ലാ മനുഷ്യരുടെയും സ്രഷ്ടാവും പരിപാലകനുമാണ് ദൈവം. ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ എല്ലാ മനുഷ്യരും നമുക്ക് സഹോദരങ്ങളാണ്.

2. ദൈവം ഒന്നേയുള്ളൂ. ആ ദൈവത്തിലാണ് എല്ലാ മതാനുയായികളും വിശ്വസിക്കുന്നത്. എന്നാൽ, ദൈവത്തെക്കുറിച്ചുള്ള അവബോധത്തിൽ വിവിധ മതങ്ങളുടെ പ്രബോധനങ്ങളിൽ വ്യതിരിക്തതകളുണ്ട്. പഴയ നിയമത്തിലെ യാഹ്വെയുമായി സാമ്യമുള്ള പല പരാമർശങ്ങളും ഖുറാനിലെ ദൈവമായ അള്ളായെക്കുറിച്ചും കാണാമെങ്കിലും ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ദൈവത്തെക്കുറിച്ചുള്ള ധാരണ ഒന്നാണെന്നു പറയുക സാധ്യമല്ല. ആ അർത്ഥത്തിൽ ഖുറാനിലെ ദൈവവും ബൈബിളിലെ ദൈവവും ഒന്നാണെന്ന പ്രസ്താവനയും ശരിയല്ല. സ്നേഹവും കരുതലും കരുണയുമുള്ള പിതാവായ ദൈവത്തെക്കുറിച്ച് അവിടുത്തെ പുത്രനായ ഈശോ നൽകിയ വെളിപ്പെടുത്തലുകൾക്ക് ഉപരിയായ മറ്റൊരു വെളിപാടും ക്രൈസ്തവ വിശ്വാസത്തിനു നിരക്കുന്നതല്ല.

3. ത്രിയേക ദൈവത്തിലെ രണ്ടാം ആളായ പുത്രൻ തമ്പുരാനായ ഈശോ മിശിഹായും ഖുറാനിൽ പരാമർശിക്കുന്ന ഈസാനബിയും തികച്ചും വ്യത്യസ്തരായ വ്യക്തികളാണ്. പുതിയ നിയമം എഴുതപ്പെട്ട് ആറുനൂറ്റാണ്ടുകൾക്കുശേഷം എഴുതപ്പെട്ട ഖുറാനിൽ ബൈബിളിലെ ഈശോ മിശിഹായുടെ ജനന വിവരണത്തിൽനിന്നുള്ള ചില പരാമർശങ്ങൾ ഈസാനബിയെക്കുറിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, കേവലം ഒരു പ്രവാചകനായ ഈസായും ദൈവപുത്രനും ലോകരക്ഷകനുമായ ഈശോയും തമ്മിൽ സാമ്യത്തെക്കാൾ വ്യത്യാസമുണ്ട്. സ്നേഹത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശിലേറി മരിച്ച് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനായ ക്രിസ്തുവിലാണ് ക്രൈസ്തവർ വിശ്വസിക്കുന്നത്. ആകാശത്തിനു കീഴിൽ മനുഷ്യനു വെളിപ്പെടുത്തപ്പെട്ട ഏകരക്ഷാമാർഗ്ഗം അവനാണ്. ക്രിസ്തുസംഭവത്തിലെ രക്ഷാകരരഹസ്യങ്ങളൊന്നും മുസ്ലീങ്ങൾ വിശ്വസിക്കുന്നില്ല

എന്നതിൽനിന്നും ഈസാനബിയും ഈശോമിശിഹായും ത മ്മിലുള്ള വ്യത്യാസം സ്പഷ്ടമാണ്.

4. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം ത്രിത്വൈക ദൈവ ത്തിലുള്ള വിശ്വാസമാണ്. പരിശുദ്ധത്രിത്വത്തെ നിഷേധിക്കു ന്ന ഇസ്ലാമിക വിശ്വാസം ക്രൈസ്തവവിശ്വാസത്തിൽനിന്ന് അ ടിസ്ഥാനപരമായി വ്യത്യസ്തമാണ്. ഏകദൈവം എങ്ങനെ മൂ ന്ന് ആളുകളാകുന്നു എന്ന ചോദ്യത്തിന് ക്രൈസ്തവ വിശ്വാസ ത്തിൽ വ്യക്തമായ ഉത്തരമുണ്ട്. ദൈവം തന്നെയായ ഈശോ ദൈവത്തെ ത്രിത്വമായി വെളിപ്പെടുത്തിയതിനാൽ ഈ വെളിപാ ട് സ്വീകരിച്ച് ഏറ്റുപറയുന്നവരാണ് ക്രൈസ്തവർ. ത്രിത്വൈക മല്ലാത്ത ദൈവവിശ്വാസങ്ങൾക്ക് ക്രിസ്തീയതയുമായി ബന്ധമില്ല.

5. ഈശോയുടെ അമ്മയായ മറിയവും ഖുറാനിലെ ഈസാനബി യുടെ അമ്മയായ മിറിയാമും തമ്മിൽ പേരിലുള്ള സാമ്യം മാത്ര മേയുള്ളൂ. പരിശുദ്ധമറിയം അമലോത്ഭവയും നിത്യകന്യകയും ദൈവമാതാവും സ്വർഗ്ഗാരോപിതയുമാണ്. ഈ സത്യങ്ങളൊന്നും ഖുറാനിലെ മിറിയാമിനു ചേരുന്നതല്ല. അടിസ്ഥാനപരമായ വ്യ ത്യാസങ്ങളെ തമസ്കരിച്ചുകൊണ്ടുള്ള അനാവശ്യ താദാത്മീക രണങ്ങൾ ക്രിസ്തീയ വിശ്വാസത്തിന്റെ തനിമയെ തകർക്കു ന്നതാണ്.

6. യഹൂദ-ക്രിസ്ത്യൻ-ഇസ്ലാം മതങ്ങൾ സെമിറ്റിക് പാരമ്പര്യത്തിൽ രൂപം കൊണ്ടതും ഏകദൈവവിശ്വാസത്തിലധിഷ്ഠിതവുമായ മൂന്നു ലോകമതങ്ങളാണ്. അതിനാൽതന്നെ മതഗ്രന്ഥങ്ങളിലെ വിവരണങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ചില സാദൃശ്യ ങ്ങൾ സ്വാഭാവികമാണ്. എന്നാൽ പ്രസ്തുത സാദൃശ്യങ്ങളുടെ വെളിച്ചത്തിൽ മൂന്നു മതവിശ്വാസങ്ങളും ഒന്നാണെന്നു വരുത്താ നുള്ള അനാവശ്യ വ്യഗ്രതയിൽ ചില ദുരുദ്ദേശങ്ങൾ സംശയി ച്ചാൽ കുറ്റം പറയാനാവില്ല. അനാവശ്യവും അടിസ്ഥാനരഹിത വുമായ ഇത്തരം താരതമ്യ പ്രസ്താവനകൾ പലപ്പോഴും ക്രൈ സ്തവ വിശ്വാസത്തിന്റെ അനന്യതയെ അപകടപ്പെടുത്തുന്ന

താണ്. അതിനാൽത്തന്നെ അവയെ അംഗീകരിക്കാൻ ക്രൈസ്തവർക്കു കഴിയില്ല. എന്നാൽ എല്ലാ മതവിശ്വാസികളെയും ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരങ്ങളായി കരുതി സ്നേഹിക്കാനും സേവിക്കാനും ക്രൈസ്തവർക്കു കടമയുണ്ട്. പരസ്പരം സ്നേഹിക്കുക എന്നതാണ് ക്രിസ്തുവിന്റെ കല്പനകളുടെ സാരസംഗ്രഹം. ക്രിസ്തീയവിശ്വാസത്തെ വളർത്തുന്നതും മതസൗഹാർദ്ദത്തെ പരിപോഷിപ്പിക്കുന്നതുമായ സത്യങ്ങൾ മാത്രമാണ് സഭയുടെ മതബോധനഗ്രന്ഥങ്ങളിലും (ഉദാ : പന്ത്രണ്ടാം ക്ലാസ്സ്, ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും. 69) അനുബന്ധ പഠനങ്ങളിലും (ഉദാ : ഡോ. മൈക്കിൾ കാരിമറ്റം, കത്തോലിക്കാ വിശ്വാസവും വെല്ലുവിളികളും) നൽകിക്കൊണ്ടിരിക്കുന്നത്.

7. പന്ത്രണ്ടാംക്ലാസ്സിലെ ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും എന്ന പാഠപുസ്തകം തയ്യാറാക്കിയ കാലഘട്ടത്തിൽ നിന്നും ഏറെ വ്യത്യസ്തമായ മതാത്മക കാഴ്ചപ്പാടുകളാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ അന്ന് നൽകിയ പ്രബോധനം, വിശ്വാസികൾക്ക് തെറ്റിദ്ധാരണകൾക്ക് ഇടയാകുമെന്ന് മനസ്സിലാക്കുന്നതിനാൽ തിരുത്തി ഇസ്ലാം മതത്തെക്കുറിച്ച് ഇപ്രകാരമാണ് 2021 മുതലുള്ള പുസ്തകത്തിൽ ചേർത്തിരിക്കുന്നത്: ആറാം നൂറ്റാണ്ടിൽ സൗദി അറേബ്യായിലെ മക്കയിൽ ജനിച്ച മുഹമ്മദ് നബിക്ക് ജബ്രീൽ എന്ന ദൈവദൂതൻ വഴി മുസ്ലീങ്ങളുടെ ദൈവമായ അള്ളാഹു നേരിട്ട് ഓതിക്കൊടുത്തു എന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്ന ഖുറാന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട മതമാണ് ഇസ്ലാം മതം. ഏകദൈവ വിശ്വാസികളാണ് മുസ്ലീങ്ങൾ. യഹൂദക്രൈസ്തവ വിശ്വാസപ്രമാണങ്ങൾ, ആചാരരീതികൾ, ദൈവശാസ്ത്ര വീക്ഷണങ്ങൾ എന്നിവയിൽ നിന്നും അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഇസ്ലാം മതം പുലർത്തുന്നു. ബൈബിളിൽ വെളിപ്പെടുത്തപ്പെടുന്ന ഏക സത്യ ദൈവത്തിൽ നിന്നും ഏറെ വിഭിന്നനാണ് ഖുറാനിലെ അള്ളാഹു. അതിനാൽ ഈ

വിഷയത്തെക്കുറിച്ച് ഇനിയും ആശയക്കുഴപ്പമുണ്ടാക്കാതിരിക്കാൻ ഏവരും ശ്രദ്ധിക്കുമല്ലോ.

സ്നേഹാദരങ്ങളോടെ,

12/05/2021
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

**ഫാ. തോമസ് മേൽവെട്ടത്ത്**
വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി

## വിശ്വാസ പരിശീലനത്തിന്റെ ഉദ്ഘാടനം

കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ (20212022) വിശ്വാസപരിശീലനം വെർച്വലായി കാര്യക്ഷമതയോടെ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഇതിന്റെ ഭാഗമായി സീറോ മലബാർ തലത്തിലുള്ള വിശ്വാസപരിശീലനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവ് മെയ് 30 ഞായറാഴ്ച്ച വെർച്വലായി SHALOM TV, SHEKINAH TV, GOODNESS TV കളുടെ സഹായത്തോടെ നിർവഹിച്ചു. കൂടാതെ,മതാധ്യാപകർക്കുള്ള orientation ക്ലാസ് ജൂൺ 6 ഞായറാഴ്ച്ചയും ക്രമീകരിച്ചിട്ടുണ്ട്.

## Mother's Day Challenge

മദേഴ്സ് ഡേ' യോടനുബന്ധിച്ച് അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ കുട്ടികൾക്കായി ഇടവകതലത്തിൽ രണ്ട് മത്സരങ്ങൾ നടത്തുന്നു. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള വർക്ക് 'ക്രിയേറ്റീവ് ഫോട്ടോ കൊളാഷ്' മത്സരവും എട്ടുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ളവർക്ക് '30 സെക്കൻഡിന്റെ ഒരു മൈക്രോ ഫിലിം' മത്സരവും നടത്തുന്നു.

1. മത്സരവിഷയം: അമ്മയ്ക്ക് ലോക്ഡൗൺ ഇല്ല
2. ഇടവകതലത്തിൽ ഓരോ വിഭാഗത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ഇടവകയിലെ വിശ്വാസ പരിശീലന കമ്മീഷൻ അംഗത്തിന്റെ നേതൃത്വത്തിൽ സമ്മാനങ്ങൾ നൽക്കേണ്ടതാണ്.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# കരിസ്മാറ്റിക് കമ്മീഷൻ

## മരിയൻ പ്രയർ ചലഞ്ച്

കോവിഡിനെതിരെ ഒരു പ്രാർത്ഥ നായജ്ഞം മെയ് 1 മുതൽ മെയ് 31 വരെ ഇൻഡ്യൻ സമയം രാത്രി 9 മണി മുതൽ രാത്രി 10 മണി വരെ നടത്തപ്പെട്ടു. ജപമാല, ലദീഞ്ഞ്, വചന സന്ദേശം, ആരാധന എന്നീ ശുശ്രൂഷകൾക്ക് നമ്മുടെ അതിരൂപതയിലെ വൈദികർ നേതൃത്വം നൽകി.

**ഫാ. ജിബിൽ കുഴിവേലിൽ**

ഡയറക്ടർ

# ഫാമിലി കമ്മീഷൻ

## വിവാഹ ഒരുക്ക സെമിനാർ

അതിരൂപത ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ഓൺലൈൻ വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെടുന്നു.

## മാതൃദിനാഘോഷം

മെയ് 9-ാം തീയതി മാതൃദിനാഘോഷം വിവിധ ഇടവകകളിൽ സംഘടിപ്പിച്ചു.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**

ചെയർമാൻ

# മീഡിയ കമ്മീഷൻ

## ലൈവ് ടെലികാസ്റ്റിംഗ്

മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ അപ്നാദേശ് ടി.വി വഴി വിവിധ ഇടവക ദൈവാലയങ്ങളിലെ തിരുനാൾ തത്സമയ സംപ്രേഷണം നടത്തി.

ബഹു. ജോൺ ചേത്തലിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ ലൈവ് ടെലികാസ്റ്റിംഗ് നടത്തി.

**ഫാ. റ്റിനേഷ് പിണർക്കയിൽ**

ചെയർമാൻ

# കെ.സി.വൈ.എൽ

## ജപമാല നടത്തപെട്ടു.

കെ.സി.വൈ.എൽ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ സി.ബി.സി.ഐയുടെ നിർദ്ദേശമനുസരിച്ച് പരിശുദ്ധ മാതാവിന്റെ വണക്കമാസത്തോടനുബന്ധിച്ച് സ്വസ്തി - prayer for healing ജപമാല ചൊല്ലി യുവജനങ്ങൾ പ്രാർത്ഥിച്ചു. ലോകമെമ്പാടും കോവിഡ് 19 അതിരൂക്ഷമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ പരിശുദ്ധ അമ്മയോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേയെന്നു സമർപ്പിച്ച് പ്രാർത്ഥിക്കുകയും അതി രൂപത സഹായമെത്രാൻ അഭി. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെ ആശീർവാദവും, അഭി. ഗീവർഗീസ് മാർ അപ്രേം പിതാവിന്റെ മഹനീയ സാന്നിദ്ധ്യവും യുവജനങ്ങൾക്ക് ലഭിച്ചു.

## ടാസ്ക് ഫോഴ്സ് – 14 മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

മെയ് മാസത്തിൽ അതിരൂപത ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ 14 മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## ടാസ്ക് ഫോഴ്സ് ഓറിയന്റേഷൻ ക്ലാസുകൾ നടത്തപ്പെട്ടു

ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റിലും, ഫൊറോനയിലും ആരംഭിക്കുന്നതിന്റെ ഭാഗമായി അതിരൂപത ടാസ്ക് ഫോഴ്സ് ഓറിയന്റേഷൻ ക്ലാസ്സുകൾ ഓൺലൈനായും, ഓഫ്‌ലൈനായും നൽകുന്നു. പടമുഖം ഫൊറോന, പിറവം ഫൊറോന, കുമരകം, പറമ്പഞ്ചേരി, മേമ്മുറി, നീണ്ടൂർ, ഞീഴൂർ, എസ്. എച്ച് മൗണ്ട്, പുന്നത്തുറ, ചേർപ്പുങ്കൽ എന്നീ യൂണിറ്റു കളിലും അതിരൂപത ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ ക്ലാസുകൾ നൽകുകയുണ്ടായി.

## കോവിഡ്കാല തുടർപ്രവർത്തനങ്ങൾ യുവജനങ്ങളിലൂടെ

കോവിഡ് കാലങ്ങളിൽ നടത്താൻ സാധിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി യുവജനങ്ങൾ ചേർന്ന് സൂം ആപ്ലിക്കേഷനിലൂടെ ചർച്ച ചെയ്തു. യോഗത്തിന് അതിരൂപത സഹായ മെത്രാൻ അഭി. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. വിവിധ മേഖലകളിൽ ഈ സാഹചര്യത്തിൽ ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും, അതിരൂപത വികാരി ജനറാൾ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് നല്ല നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോവിഡ് പ്രതിസന്ധി കാലങ്ങളിൽ സംഘടനയുടെ വിവിധ തലങ്ങളിൽ ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങളെപറ്റി അഭി. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവ് സംസാരിക്കുകയും ഇടവകയിൽ അഭിവന്ദ്യ മൂലക്കാട്ട് പിതാവിന്റെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ച ടാസ്ക് ഫോഴ്സിൽ കെ.സി.വൈ.എൽ യുവജനങ്ങൾ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് അതിരൂപത പ്രസിഡന്റ് ആവശ്യപ്പെടുകയും ചെയ്തു.

## തൊഴിൽക്കൂട്ടം പദ്ധതി

കെ.സി.വൈ.എൽ അതിരൂപത സമിതിയുടെ ആഹ്വാനപ്രകാരം വിവിധ യൂണിറ്റുകളിൽ തൊഴിൽക്കൂട്ടം പദ്ധതി ആരംഭിക്കുകയും, പ്രവർത്തനങ്ങൾ മുന്നോട്ട് പോവുകയും ചെയ്യുന്നു. പടമുഖം, കിടങ്ങൂർ എന്നീ യൂണിറ്റുകളിൽ തുടർച്ചയായ പ്രവർത്തനങ്ങൾ തൊഴിൽക്കൂട്ടം കൂട്ടായ്മ നടത്തിപ്പോരുന്നു.

## ബ്ലഡ് ഡൊണേഷൻ ചലഞ്ച്

കെ.സി.വൈ.എൽ ന്റെ നേതൃത്വത്തിൽ യുവജനങ്ങൾ കോട്ടയം കാരിത്താസ് ആശുപത്രിയിലും, മറ്റ് ആശുപത്രികളിലും ബ്ലഡ് ഡൊണേഷൻ നടത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി

അതിരൂപത സമിതിയുടെ ഫൊറോന തല ബ്ലഡ് ഡൊണേഷൻ ചലഞ്ച് തുടക്കം കുറിച്ചു. പടമുഖം, നീറികാട്, മാന്നാനം, ചാമക്കാല, സംക്രാന്തി, ചക്കുപള്ളം എന്നീ യൂണിറ്റുകളിലെ യുവജനങ്ങൾ ബ്ലഡ് ഡൊണേഷൻ നടത്തി.

**ഫാ. ചാക്കോ വണ്ടൻകുഴിയിൽ**
ചാപ്ലെയിൻ

# കാർട്ട്

## സിവിൽ സർവ്വീസ് യോഗ്യതാ പരിശീലന കോഴ്സിന് 47 കുട്ടികൾക്കു വഴിയൊരുക്കി കാർട്ട്

ക്നാനായ സമുദായത്തിലെ യുവജനങ്ങളുടെയും കുട്ടികളുടെയും സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗിന്റെ നേതൃത്വത്തിൽ 47 കുട്ടികൾക്കു സിവിൽ സർവ്വീസ് യോഗ്യതാ പരിശീലന കോഴ്സ് പരിശീലനത്തിനു വഴിയൊരുക്കി. സിവിൽ സർവ്വീസ് കോഴ്സിനും ഉന്നത മത്സരപരീക്ഷകൾക്കു യോഗ്യതനേടുന്നതിനും സഹായിക്കുന്ന ദീർഘകാല കോഴ്സിനു താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രാഥമിക പരിശീലനം നൽകുവാൻ കഴിഞ്ഞ ആറുമാസക്കാലമായി കാർട്ട് ക്രമീകരണങ്ങളൊരുക്കിയിരുന്നു. വിവിധ അവബോധക്ലാസ്സുകളുടെയും മാതാപിതാക്കളോടൊരുമിച്ചുള്ള സൂം മീറ്റിംഗുകളുടെയും തുടർച്ചയായി വേദിക് ഐ.എ.എസ് അക്കാദമിയുടെ സഹകരണത്തോടെ പത്തുദിവസം നീണ്ടുനിൽക്കുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് രണ്ടാംഘട്ടമായി കുട്ടികൾക്കു സൗജന്യമായി ലഭ്യമാക്കി.

ഫൗണ്ടേഷൻ കോഴ്സിൽ പങ്കെടുത്ത് തുടർ പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യവും തീരുമാനവുമെടുത്ത കുട്ടികൾക്കായി മാതാപിതാക്കളോടൊത്തു സംഘടിപ്പിച്ച ഓൺലൈൻ യോഗത്തിന്റെ തുടർച്ചയായി കുട്ടികൾ വേദിക് ഐ.എ.എസ് അക്കാദമി

യിൽ രജിസ്റ്റർ ചെയ്തു അഡ്മിഷൻ നേടുകയും ചെയ്തു. ഇപ്രകാരം രജിസ്റ്റർ ചെയ്ത 47 കുട്ടികളാണ് തുടർന്ന് വേദിക് അക്കാദമിയിലൂടെ പരിശീലനം നേടുന്നത്. രജിസ്റ്റർ ചെയ്തു പരിശീലനം ആരംഭിച്ച കുട്ടികൾക്കും മാതാപിതാക്കൾക്കും കാർട്ട് എക്സിക്യൂട്ടീവ് മെംമ്പേഴ്സിനും കാർട്ട് മെന്റേഴ്സിനുമായി സംഘടിപ്പിച്ച ഓൺലൈൻ സംഗമത്തിൽ കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് കുട്ടികൾക്ക് സന്ദേശം നൽകുകയും അനുഗ്രഹപ്രാർത്ഥന നടത്തുകയും ചെയ്തു. കാർട്ട് ഡയറക്ടറും വികാരി ജനറാളുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അക്കാദമിക് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, കാർട്ട് എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രൊഫ. ടി.എം. ജോസഫ്, ഫാ. ജോയി കട്ടിയാങ്കൽ, സിസ്റ്റർ ലീസാ എസ്.വി.എം, ഫാ.മാത്യു കുരിയത്തറ, ഡോ. അജിത് ജെയിംസ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
ഡയറക്ടർ

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

### ഓൺലൈൻ 'ടെലി കൗൺസിലിംഗ് സേവനവുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

കോവിഡ് മഹാമാരി അതിരൂക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഓൺലൈൻ ടെലി കൗൺസിലിംഗ് സേവനം ലഭ്യമാക്കുന്നു. കോവിഡ് രോഗബാധിതർക്കും കുടുംബാംഗങ്ങൾക്കും ഭിന്നശേഷിയുള്ളവർക്കും ഇതര കൗൺസിലിംഗ് സേവനം ആവശ്യമുള്ളവർക്കും കെ.എസ്.എസ്.എസ് ഓൺലൈൻ ടെലി കൗൺസിലിംഗ് യൂണീറ്റിന്റെ

സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങളിൽ നിന്ന് അയവ് ലഭിക്കുന്നതിനും മാനസിക സന്തോഷത്തിനും ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ടെലി കൗൺസിലിംഗ് സേവനങ്ങൾക്കായി 8848621296, 7025856398 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## കോവിഡ് വാക്സിൻ രജിസ്ട്രേഷൻ ഹെൽപ് ഡെസ്കുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സൗജന്യ കോവിഡ് വാക്സിൻ രജിസ്ട്രേഷന് അവസരം ഒരുക്കുന്നതിനായി വാക്സിൻ രജിസ്ട്രേഷൻ ഹെൽപ് ഡെസ്ക് ആരംഭിച്ചു. കമ്പ്യൂട്ടർ, മൊബൈൽ പരിജ്ഞാനമില്ലാത്തവർക്കും രജിസ്ട്രേഷൻ ചെയ്യാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും ഹെൽപ് ഡെസ്കിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. വാക്സിൻ രജിസ്ട്രേഷനായി 7034132431, 6282644959, 9656806722 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി കോട്ടയം അതിരൂപത

അതിരൂക്ഷമായ കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധങ്ങളായ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി മുന്നോട്ട് വന്നിരിക്കുകയാണ് കോട്ടയം അതിരൂപത. കോവിഡ് വ്യാപനത്തിന്റെ രണ്ടാം തരംഗത്തിൽ പ്രയാസപ്പെടുന്ന ആളുകൾക്ക് സഹായഹസ്തമൊരുക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപതയുടെ സാമൂഹ്യസേവനവിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓക്സിജൻ കോൺസന്റേറ്ററുകളുടെ വിതരണം, ശരീരത്തിലെ ഓക്സിജന്റെ തോത് അറിയുന്നതിനുള്ള പൾസ് ഓക്സിമീറ്റർ,

കോവിഡിനെ പ്രതിരോധിക്കുന്നതിനായി ആവി പിടിക്കുന്നതിനുള്ള സ്റ്റീം ഇൻഹീലർ, ആരോഗ്യ പ്രവർത്തകർക്കും വോളന്റീയേഴ്സിനുമായുള്ള പേഴ്സണൽ പ്രൊട്ടക്റ്റീവ് എക്യൂപ്മെന്റ് കിറ്റുകളുടെ വിതരണം, മാസ്ക്കുകൾ, സാനിറ്റൈസറുകൾ, ഹാന്റ് വാഷ് എന്നിവയുടെ വിതരണം കൂടാതെ ഭിന്നശേഷിയുള്ള വ്യക്തികളുള്ള കുടുംബങ്ങൾക്കും ഇതര നിർദ്ധന കുടുംബങ്ങൾക്കായുള്ള ഭക്ഷ്യക്കിറ്റുകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നത്. ഒപ്പം വിവിധ ഏജൻസികളുടെയും സംഘടനകളുടെയും സഹകരണത്തോടെ സർക്കാർ സ്വകാര്യ മേഖലകളിലെ ആശുപത്രികളിലേയ്ക്ക് കോവിഡ് പ്രതിരോധത്തിനായുള്ള മെഡിക്കൽ ഉപകരണങ്ങളുടെയും പ്രൊട്ടക്ഷൻ കിറ്റുകളുടെയും വിതരണവും വിഭാവനം ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൈപ്പുഴ, നീണ്ടൂർ, പഴയ കല്ലറ, പുതിയ കല്ലറ, കുറുമുള്ളൂർ, കടുത്തുരുത്തി, പേരൂർ, ഇടയ്ക്കാട്ട്, കിഴക്കേ നട്ടാശ്ശേരി, ഒളശ്ശ, കുമരകം, എസ്.എച്ച് മൗണ്ട്, കിടങ്ങൂർ, ഉഴവൂർ, എന്നിവിടങ്ങളിലായി സ്റ്റീം ഇൻഹീലറുകളും പൾസ് ഓക്സീ മീറ്ററുകളും ഓക്സിജൻ കോൺസന്റേറ്ററുകളും വിതരണം ചെയ്തു. മെഡിക്കൽ ഉപകരണങ്ങളുടെയും പ്രതിരോധ കിറ്റുകളുടെ വിതരണോദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറാൾ വെരി. റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. കോട്ടയം അതിരൂപത ചാൻസിലർ റവ. ഡോ. ജോൺ ചേന്നാകുഴി, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഡോ. ബിനു കുന്നത്ത്, കെ.എസ്.എസ്.എസ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, കെ.എസ്. എസ്.എസ് ബോർഡ് മെമ്പർ സിബി ഐക്കരത്തുണ്ടത്തിൽ, സിബിൽ ജയിംസ് സിബി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. വ്യക്തികളുടെയും സംഘടനകളുടെയും സഹകരണത്തോടെ വരും ദിനങ്ങളിൽ കൂടുതൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള തയ്യാറെടുപ്പിലാണ് കോട്ടയം അതിരൂപത.

## കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു

കോവിഡ് 19 രണ്ടാം തരംഗത്തിന്റെ അതിരൂക്ഷമായ വ്യാപനത്തെ തുടർന്ന് ഉണ്ടായ പ്രതിസന്ധികളിൽ ആളുകൾക്ക് കരുതലൊരുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു. ശരീരത്തിലെ ഓക്സിജന്റെ തോത് അറിയുന്നതിനുള്ള പൾസ് ഓക്സിമീറ്റർ, കോവിഡിനെ പ്രതിരോധിക്കുന്നതിനായി ആവി പിടിക്കുന്നതിനുള്ള സ്റ്റീം ഇൻഹീലർ, പേഴ്സണൽ പ്രൊട്ടക്റ്റീവ് എക്യൂപ്മെന്റ് കിറ്റുകൾ എന്നിവയാണ് വിതരണം ചെയ്തത്. കടുത്തുരുത്തി, പാഴുത്തുരുത്ത്, അറുനൂറ്റിമംഗലം, കരിപ്പാടം, കോതനല്ലൂർ, കുറുപ്പന്തറ, ഞീഴൂർ, പൂഴിക്കോൽ, തോട്ടറ, പിറവം, മാങ്കിടപ്പള്ളി, രാമമംഗലം, വെള്ളൂർ, ഉഴവൂർ, അമനകര, അരീക്കര, ചേറ്റുകുളം, ഇടക്കോലി, മോനിപ്പള്ളി, പയസ് മൗണ്ട്, പുതുവേലി, വെളിയന്നൂർ, കിടങ്ങൂർ, ചേർപ്പുങ്കൽ, ചെറുകര, കട്ടച്ചിറ, കൂടല്ലൂർ, ഏറ്റുമാനൂർ, നീറിക്കാട്, പുന്നത്തുറ, മാറിടം, മറ്റക്കര എന്നിവിടങ്ങളിലായി 756 സ്റ്റീം ഇൻഹീലറുകളും 20 പൾസ് ഓക്സീ മീറ്ററുകളും 66 പി.പി.ഇ കിറ്റുകളുമാണ് വിതരണം ചെയ്തത്. പ്രതിരോധ കിറ്റുകളുടെ വിതരണത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു. കെ. എസ്.എസ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, പ്രോഗ്രാം ഓഫീസർ സിജോ തോമസ്, ബിജോ ജോയി, വിഷ്ണുദാസ് റ്റി.ഡി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ചുങ്കം മേഖലയിൽ കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ചുങ്കം മേഖലയിൽ കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു. ശരീരത്തിലെ ഓക്സിജന്റെ തോത് അറിയുന്നതിനുള്ള

പൾസ് ഓക്സിമീറ്റർ, കോവിഡിനെ പ്രതിരോധിക്കുന്നതിനായി ആവി പിടിക്കുന്നതിനുള്ള സ്റ്റീം ഇൻഹീലർ, പേഴ്സണൽ പ്രൊട്ടക്റ്റീവ് എക്യൂപ്മെന്റ് കിറ്റുകൾ എന്നിവയാണ് വിതരണം ചെയ്തത്. ചുങ്കം, കരിങ്കുന്നം, മുട്ടം, മ്രാല, മാറിക, വടക്കുംമുറി, മണക്കാട്, പറമ്പഞ്ചേരി, വാരപ്പെട്ടി എന്നിവിടങ്ങളിലായാണ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തത്.

## കോവിഡ് പ്രതിരോധത്തിന് ആയുർവേദ കിറ്റുകളുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

കോവിഡ് പ്രതിസന്ധിയുടെ രണ്ടാം തരംഗത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്ക് കോവിഡ് പ്രതിരോധത്തിന് സഹായമാകുന്ന ആയുർവേദ കിറ്റുകൾ വിതരണം ചെയ്ത് കരുതലൊരുക്കുകയാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. കാരിത്താസ് ആയുർവേദ ആശുപത്രിയുമായി സഹകരിച്ചുകൊണ്ടാണ് ആയുർവേദ കിറ്റ് കെ.എസ്.എസ്.എസ് വിതരണം ചെയ്യുന്നത്. കോവിഡ്മൂലമുള്ള ആരോഗ്യ പ്രശ് നങ്ങളിൽ രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം വാസസ്ഥലം രോഗകാരികളായ അണുക്കളിൽ നിന്നും സംരക്ഷിക്കുന്നതിനും സഹായകമാകുന്ന ഇന്ദുകാന്ത കഷായം, വില്വാദി ഗുളിക, അപരാജിതധൂപചൂർണ്ണം എന്നിവയടങ്ങുന്ന ആയുർവേദ ഔഷധ കിറ്റുകളാണ് വിതരണം ചെയ്യുന്നത്. കിറ്റുകളുടെ വിതരണോദ്ഘാടനം കാരിത്താസ് ആയുർവേദ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെജി കൊച്ചുപറമ്പിൽ കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂരിന് ആയുർവ്വേദ കിറ്റ് നൽകിക്കൊണ്ട് നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, പ്രോഗ്രാം ഓഫീസർ സിജോ തോമസ്, സിസ്റ്റർ ആൻസിലിൻ എസ്.വി.എം, മേഴ്സി സ്റ്റീഫൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. കോവിഡ് പ്രതിരോധത്തിന് സഹായമാകുന്ന ആഴ്സനിക്കം ആൽബ് എന്ന മരുന്നാണ് വിതരണം ചെയ്തത്. കാരിത്താസ്, മള്ളൂശ്ശേരി, കണ്ണങ്കര, ചെങ്ങളം, ചാരമംഗലം, കിഴക്കേ നട്ടാശ്ശേരി, കുമരകം, ഒളശ്ശ, സംക്രാന്തി, പേരൂർ, എസ്.എച്ച് മൗണ്ട്, ഇടയ്ക്കാട്ട്, പാലത്തുരുത്ത്, ചാമക്കാലാ, ഇരവിമംഗലം, മാന്നാനം, മകുടാലയം, മേമ്മുറി, കൈപ്പുഴ, നീണ്ടൂർ, പഴയ കല്ലറ, പുതിയ കല്ലറ, കുറുമുള്ളൂർ, വെച്ചൂർ എന്നിവിടങ്ങളിലായി 2400 കുടുംബങ്ങൾക്കായുള്ള ഹോമിയോ പ്രതിരോധ മരുന്നുകളാണ് വിതരണം ചെയ്തത്. കൂടാതെ കോവിഡ് പ്രതിരോധത്തിന് സഹായകമാകുന്ന സ്റ്റീം ഇൻഹീലറുകളും പി.പി.ഇ കിറ്റുകളും വിതരണം ചെയ്തു. മരുന്നുകളുടെ വിതരണോദ്ഘാടനം കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, സിസ്റ്റർ ഷീബാ എസ്.വി.എം, ജിജി ജോയി, അലൻസ് റോസ് സണ്ണി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു

കോവിഡ് പ്രതിസന്ധിയോടൊപ്പം വെള്ളപ്പൊക്ക കെടുതികളും നേരിട്ട ആളുകൾക്ക് കരുതലൊരുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. അരി, പഞ്ചസാര, ഗോതമ്പുപൊടി, ചായപ്പൊടി, മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, ഉപ്പ്, കടുക് എന്നിവയടങ്ങുന്ന കിറ്റുകളാണ് വിതരണം ചെയ്തത്. കിറ്റുകളുടെ വിതരണോദ്ഘാടനം കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, മേഴ്സി സ്റ്റീഫൻ, ജിജി ജോയി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കുമരകം, ഒളശ്ശ, ചെങ്ങളം

പ്രദേശങ്ങളിലെ ആളുകൾക്കാണ് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തത്.

## മലങ്കര മേഖലയ്ക്ക് സഹായഹസ്തമൊരുക്കി കെ. എസ്. എസ്. എസ്

അതിരൂക്ഷമായ കോവിഡ് പ്രതിസന്ധിയോടൊപ്പം വെള്ളപ്പൊക്ക കെടുതികളും നേരിട്ട മലങ്കര മേഖലയിലെ ആളുകൾക്ക് സഹായഹസ്തമൊരുക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. മലങ്കര മേഖലയിലെ വിവിധ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ശരീരത്തിലെ ഓക്സിജന്റെ തോത് അറിയുന്നതിനുള്ള പൾസ് ഓക്സി മീറ്റർ, കോവിഡിനെ പ്രതിരോധിക്കുന്നതിനായി ആവി പിടിക്കുന്നതിനായി സ്റ്റീം ഇൻഹീലർ, പേഴ്സണൽ പ്രൊട്ടക്റ്റീവ് എക്യൂപ്മെന്റ് കിറ്റുകൾ, ആയുർവ്വേദ ഹോമിയോ പ്രതിരോധ മരുന്നുകൾ എന്നിവയാണ് കെ.എസ്.എസ്.എസ് വിതരണം ചെയ്തത്. ചിങ്ങവനം, ഇരവിപേരൂർ, റാന്നി, വാകത്താനം, പാച്ചിറ, വെളിയനാട്, കല്ലിശ്ശേരി, കുറ്റൂർ, തിരുവൻവണ്ടൂർ, തുരുത്തിക്കാട്, തെങ്ങേലി, കറ്റോട്, ഓതറ എന്നീ ഗ്രാമങ്ങളിലായാണ് കിറ്റുകൾ വിതരണം ചെയ്തത്. കിറ്റുകളുടെ വിതരണോദ്ഘാടനം കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗ്ഗീസ് മാർ അപ്രേം നിർവ്വഹിച്ചു. ഫാ. ഗ്രെയ്സൺ വേങ്ങയ്ക്കൽ, വിഷ്ണുദാസ് റ്റി.ഡി എന്നിവർ സന്നിഹിതരായിരുന്നു.

## കടുത്തുരുത്തി, പിറവം, ഉഴവൂർ, ചുങ്കം മേഖലകളിൽ കോവിഡ് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. കടുത്തുരുത്തി, പിറവം, ഉഴവൂർ, ചുങ്കം മേഖലകളിലെ വിവിധ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ആയുർവ്വേദ, ഹോമിയോ പ്രതിരോധ മരുന്നുകളാണ് വിതരണം ചെയ്തത്. കോവിഡ്

മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളിൽ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം വാസസ്ഥലം രോഗകാരികളായ അണുക്കളിൽ നിന്നും സംരക്ഷിക്കുന്നതിനും സഹായകമാകുന്ന ഇന്ദുകാന്ത കഷായം, വില്വാദി ഗുളിക, അപരാജിതധൂപചൂർണ്ണം എന്നിവ അടങ്ങുന്ന ആയുർവ്വേദ കിറ്റുകളും ആഴ്സനിക്കം ആൽബ് എന്ന ഹോമിയോ മരുന്നുമാണ് വിതരണം ചെയ്തത്. കടുത്തുരുത്തി, അറുനൂറ്റിമംഗലം, പാഴുത്തുരുത്ത്, കരിപ്പാടം, കോതനല്ലൂർ, കുറുപ്പന്തറ, ഞീഴൂർ, പൂഴിക്കോൽ, തോട്ടറ, പിറവം, മാങ്കിടപ്പള്ളി, രാമമംഗലം, വെള്ളൂർ, ഉഴവൂർ, അരീക്കര, ഇടക്കോലി, മോനിപ്പള്ളി, പയസ്മൗണ്ട്, പുതുവേലി, അമനകര, വെളിയന്നൂർ, ചേറ്റുകുളം, ചുങ്കം, കരിങ്കുന്നം, മണക്കാട്, മ്രാല, മാറിക, മുട്ടം, പറമ്പഞ്ചേരി, വാരപ്പെട്ടി, വടക്കുംമുറി എന്നീ ഗ്രാമങ്ങളിലാണ് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തത്.

## ഭിന്നശേഷിയുള്ളവർക്ക് അവശ്യമരുന്നുകൾ വീടുകളിൽ എത്തിച്ചു നൽകി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ലോക്ഡൗൺ മൂലം അവശ്യമരുന്നുകൾ വാങ്ങുവാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ഭിന്നശേഷിയുള്ള വ്യക്തികൾക്ക് മരുന്നുകൾ സൗജന്യമായി വീട്ടിൽ എത്തിച്ച് കരുതൽ ഒരുക്കുകയാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. ലോക് ഡൗണിനോടൊപ്പം വെള്ളപ്പൊക്ക കെടുതികളും നേരിട്ട് വീടുകളിൽ നിന്നും പുറത്തിറങ്ങാൻ സാധിക്കാത്ത കോട്ടയം ജില്ലയിലെ അറുപതോളം ഭിന്നശേഷി യുള്ള വ്യക്തികളുള്ള വീടുകളിലാണ് കെ.എസ്.എസ്.എസ് അവശ്യമരുന്നുകൾ ലഭ്യമാക്കിയത്. കെ.എസ്.എസ്.എസ് എക് സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, കെ.എസ്.എസ്.എസ് സന്നദ്ധപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലാണ്

അവശ്യമരുന്നുകൾ വീടുകളിൽ എത്തിച്ച് നൽകുന്നത്. കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെയും ഏറ്റുമാനൂർ നന്ദികുന്നേൽ മെഡിക്കൽസിന്റെയും സഹകരണത്തോടെയാണ് മരുന്നുകൾ വിതരണം ചെയ്തത്.

## കോവിഡ് പ്രതിരോധംകരുതലൊരുക്കി കെ.എസ്.എസ്.എസ് കർഷക കൂട്ടായ്മ

കോവിഡ് പ്രതിസന്ധിയിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക് കരുതലൊരുക്കി മാതൃകയാവുകയാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കടുത്തുരുത്തി മേഖലയിലെ അറുനൂറ്റിമംഗലം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന കൃപ കർഷക കൂട്ടായ്മയിലെ അംഗങ്ങൾ. കോവിഡ് രോഗ ബാധിതരുള്ള വീടുകളിലും ലോക്ക് ഡൗൺ മൂലം തൊഴിലില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്കും കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ ഭക്ഷ്യക്കിറ്റുകൾ ലഭ്യമാക്കിയാണ് കരുതലൊരുക്കിയത്. അരി, വെളിച്ചെണ്ണ, പഞ്ചസാര, മുളക് പൊടി, സോപ്പ്, തെയിലപ്പൊടി, ഉപ്പ്, ഉണക്ക കപ്പ, മാസ്ക്ക്, ഹാന്റ് വാഷ് എന്നിവയടങ്ങുന്ന കിറ്റുകളാണ് വിതരണം ചെയ്തത്. കിറ്റുകളുടെ വിതരണോദ്ഘാടനം കടുത്തുരുത്തി എം.എൽ.എ അഡ്വ. മോൻസ് ജോസഫ് നിർവ്വഹിച്ചു. മുളക്കുളം ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് മെമ്പർ മേരിക്കുട്ടി ലൂക്കാ, കർഷക കൂട്ടായ്മ പ്രസിഡന്റ് ജോയി മുണ്ടക്കപ്പറമ്പിൽ, കർഷക കൂട്ടായ്മ ലീഡർ രമണൻ കോലത്ത്കട്ടേൽ, ആനിമേറ്റർ കുഞ്ഞുമോൾ തോമസ്, സിറിയക് ജോസഫ്, ഗ്രൂപ്പ് ഭാരവാഹി കളായ ജോയി കണ്ണികുളം, സുദർശനൻ പ്ലാക്കോട്ടയിൽ, സൈമൺ കണ്ണികുളം, ജോയി കളപ്പുരയിൽ, ബെന്നി മുണ്ടക്കപ്പറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. സുനിൽ പെരുമാനൂർ**
എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## കോവിഡ്-19 സൗജന്യ മെഡിക്കൽ കിറ്റു വിതരണവുമായി മാസ്സ്

കണ്ണൂർ: കോട്ടയം അതിരൂപതയുടെ സാമൂഹിക സേവനവിഭാഗമായ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സൗജന്യമായി മാസ്സിന്റെ പ്രവർത്തനമേഖലകളായ പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, കർണ്ണാടക തുടങ്ങിയ സ്ഥലങ്ങളിലെ 50-ഓളം ഇടവകകളിലാണ് മെഡിക്കൽകിറ്റ് വിതരണം ചെയ്തത്. വിതരണോദ്ഘാടനം കോട്ടയം അതിരൂപത സഹായമെത്രാൻ മാർ.ജോസഫ് പണ്ടാരശ്ശേരിൽ ശ്രീപുരം പള്ളിവികാരി റവ.ഫാ.ജോസ് നെടുങ്ങാട്ടിന് നല്കികൊണ്ട് നിർവ്വഹിച്ചു.

## ടെലി കൗൺസിലിങ് ആരംഭിച്ചു

കോവിഡ്-19 വ്യാപനംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ടെലി കൗൺസിലിങ് രൂപീകരിച്ചു. ഈ മേഖലയിൽ പ്രാവിണ്യം തെളിയിച്ച അഞ്ച് കൗൺസിലർമാരെയാണ് മാസ്സ് നിയോഗിച്ചിരിക്കുന്നത്. രാവിലെ 8.30-മുതൽ വൈകുന്നേരം 5-മണിവരെ തികച്ചും സൗജന്യമായി ഇവരുടെ സേവനങ്ങൾ ലഭ്യമാണ്.

## മെഡിക്കൽകിറ്റു വിതരണം ചെയ്തു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അരയങ്ങാട്, പോത്തുകുഴി, തേറ്റമല, പുളിഞ്ഞാൽ, പുതുശ്ശേരി, പെരിക്കല്ലൂർ, ക്രൈസ്റ്റ്നഗർ, കാപ്പിസെറ്റ്, പയസ്നഗർ, ഏച്ചോം, കോട്ടത്തറ എന്നിവിടങ്ങളിൽ മെഡിക്കൽകിറ്റുകൾ വിതരണം ചെയ്തു. വിതരണോദ്ഘാടനം പെരിക്കല്ലൂർ സെന്റ് തോമസ് പള്ളിവികാരി.റവ.ഫാ.മാത്യു മേലേടത്ത് നിർവ്വഹിച്ചു.

## സൗജന്യ ആംബുലൻസ് സർവ്വീസ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ,കാസർഗോഡ് (രാജപുരം,മടമ്പം മേഖലകളിൽ) ജില്ലകളിൽ കോവിഡ്-19 മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവിധതരത്തിലുള്ള രോഗത്താൽ ആശുപത്രികളിൽ പോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും മറ്റുമായി സൗജന്യമായി ആംബുലൻസ് സൗകര്യം ക്രമീകരിച്ചിരിക്കുന്നു.

## മാസ്സ് സൗജന്യ മെഡിക്കൽകിറ്റു വിതരണം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മടമ്പം, അലക്സ്നഗർ, പന്നിയാൽ, കൊട്ടൂർവയൽ, പയ്യാവൂർ ടൗൺ, പയ്യാവൂർ വലിയപ്പള്ളി, ചമതച്ചാൽ, നുച്യാട്, തിരൂർ, മാങ്കുഴി, മൈക്കിൾഗിരി എന്നിവിടങ്ങളിൽ മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു. വിതരണോദ്ഘാടനം ചമതച്ചാൽ പള്ളിവികാരി റവ.ഫാ.സജി മെത്താനത്ത് നിർവ്വഹിച്ചു.

## മലബാർ ടാസക് ഫോഴ്സ് രൂപീകരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ്-19 ആദ്യതരംഗത്തിൽ മലബാർ റീജിയൻ കേന്ദ്രമായി 50-സന്നദ്ധപ്രവർത്തകരെ ഉൾപ്പെടുത്തി രൂപീകരിച്ച മലബാർ ടാസ്ക് ഫോഴ്സ് നിലനിർത്തികൊണ്ടുതന്നെ മലബാറിലെ ഇടവകകളിലും ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നു. കോവിഡ്-19 മൃതസംസ്ക്കാരം, വാക്സിനേഷൻ രജിസ്ട്രേഷൻ, ഹെൽപ്പ് ടെസ്ക്, അടിയന്തര സഹായങ്ങളായ ഭക്ഷണം, മരുന്ന്, വാഹനസൗകര്യങ്ങൾ, ശുചീകരണം, മൃഗപരിപാലനം മുതലായവയുടെ പ്രകൃതിദുരന്തവുമായി ബന്ധപ്പെട്ട സന്നദ്ധപ്രവർത്തനങ്ങളും ടാസ്ക് ഫോഴ്സ് ലക്ഷ്യം വയ്ക്കുന്നു.

# ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി

## ഗ്രാമങ്ങളിൽ സാന്ത്വന പരിചരണത്തിന് തുടക്കമായി.

ഇടുക്കി : കോട്ടയം അതിരൂപതയുടെ ഇടുക്കി ജില്ലയിലെ സാമൂഹ്യ സേവനവിഭാഗമായ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനഗ്രാമങ്ങളിൽ കിടപ്പു രോഗികൾക്കായി സാന്ത്വന പരിചരണം ആരംഭിച്ചു. ജി.ഡി.എസ്. രൂപപ്പെടുത്തിയ കർമ്മ പദ്ധതികളുടെ തുടർച്ചയായി ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്തിന്റെ നേതൃത്വത്തിൽ കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായ സിസ്റ്റർ ജിജി, സിസ്റ്റർ മോളി എന്നീ ആരോഗ്യപ്രവർത്തകർ നാരകക്കാനം ഗ്രാമത്തിലെ കിടപ്പ് രോഗികൾക്കും, കോവിഡ് ഭയത്താൽ ആശുപത്രിയിൽ പോകാൻ സാധിക്കാത്തവർക്കും സാന്ത്വന പരിചരണം നൽകി. അതോടൊപ്പം രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ഓക്സിജൻ പൾസ് റേറ്റിംഗ് എന്നിവയും പരിശോധിച്ച് വേണ്ട മാർഗനിർദ്ദേശങ്ങളും നൽകി വരുന്നു. വരും ദിവസങ്ങളിൽ തുടർച്ചയായി, സാന്ത്വനപരിശീലന ടീമംഗങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ആവശ്യമായ ക്രമീകരണങ്ങളോടെ ഗ്രാമങ്ങൾതോറും എത്തിച്ചേർന്ന് ആവശ്യമായ പരിചരണം ലഭ്യമാക്കുമെന്ന് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് അറിയിച്ചു.

## ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി മെഡിക്കൽ കിറ്റുകൾ ലഭ്യമാക്കി.

ഇടുക്കി: കോട്ടയം അതിരൂപതയുടെ ഇടുക്കി ജില്ലയിലെ സാമൂഹ്യ സേവനവിഭാഗം ആയ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കായി ലഭ്യമാക്കുന്ന മെഡിക്കൽ കിറ്റ് വിതരണത്തിന് തുടക്കം ആയി. ജി.ഡി.എസിന്റെ നേതൃത്വത്തിൽ ഗ്രാമതലങ്ങളിൽ തെരഞ്ഞെടുത്ത് പരിശീലനം നൽകിയതിന്റെ തുടർച്ചയായിട്ടാണ് റാപ്പിഡ് റെസ്പോൺസ് ഫോഴ്സ് ഈ കിറ്റ് ലഭ്യമാക്കിയത്. പദ്ധതിയുടെ ഉദ്ഘാടനം ഹൈറേഞ്ചിൽ സേവനം ചെയ്യുന്ന കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ സിസ്റ്റർ ജിജി വെളിഞ്ചായിൽ നിർവഹിച്ചു. ഗ്രീൻവാലി ഡെവലപ്പ്മെന്റ്

സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത്, സിസ്റ്റർ മോളി, പ്രൊജക്റ്റ് ഓഫീസർ സിറിയക് ജോസഫ് എന്നിവർ സന്നിഹിതർ ആയിരുന്നു. പൾസ് ഓക്സിമീറ്റർ, തെർമൽ സ്കാനർ, സാനിറ്റൈസർ, എൻ 95 മാസ്ക്, സർജിക്കൽ മാസ്ക്, പിപിഇ കിറ്റ്, ഫേസ് ഷിൽഡ്, ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ്, ബി.പി. അപ്പാരറ്റസ്, എപ്രൻ, ഗ്ലൗസ്, സ്റ്റീമർ എന്നിവ അടങ്ങുന്ന മെഡിക്കൽ കിറ്റുകൾ ആണ് ഓരോ ഗ്രാമത്തിലും ടാസ്ക് ഫോഴ്സിനായി ലഭ്യമാക്കുന്നതെന്ന് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് അറിയിച്ചു.

### ആദിവാസി മേഖലയിൽ കരുതലിനു കാവലായ് ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി

ഇടുക്കി: കോട്ടയം അതിരൂപതയുടെ ഇടുക്കിയിലെ സാമൂഹ്യ സേവന വിഭാഗം ആയ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളിൽ അടിയന്തര ഭക്ഷ്യകിറ്റ് വിതരണം നടത്തി. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ മണിയാറൻകുടി വട്ടമേട്, പെരുംകാല എന്നിവിടങ്ങളിലെ അശരണരായ ആദിവാസി കുടുംബങ്ങൾക്കാണ് ഭക്ഷണസൗകര്യം ഒരുക്കിയത്. പുറംലോകവുമായി അധികം ബന്ധം ഇല്ലാത്ത ഇവരിലേക്ക് അധികം ആനുകൂല്യങ്ങൾ ഒന്നും എത്താറില്ലെന്നു പ്രദേശവാസികൾ പറഞ്ഞു. വിതരണ പരിപാടികൾക്ക് ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത്, പ്രോഗ്രാം ഓഫീസർ സിറിക് ജോസഫ്, ജസ്റ്റിൻ ജോസ്, വാഴത്തോപ്പ് ഗ്രാമപഞ്ചായത് പ്രസിഡന്റ് ജോർജ് പോൾ, ഇടുക്കി കോവിഡ് കൺട്രോൾ മെഡിക്കൽ ഓഫീസർ സിബി ജോർജ്, വിവിധ മെമ്പർമാരായ സെലിൻ തോമസ്, ടിന്റു സുഭാഷ്, ഏലിയാമ്മ എന്നിവർ നേതൃത്വം നൽകി.

### ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി ഭക്ഷ്യകിറ്റ് വിതരണം നടത്തി

ഇടുക്കി: കോട്ടയം അതിരൂപതയുടെ ഇടുക്കിയിലെ സാമൂഹ്യ സേവനവിഭാഗം ആയ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യകിറ്റ് വിതരണം നടത്തി. ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ കോവിഡ് രണ്ടാംതരംഗത്തിൽ പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിൽ കഴിയുന്നവർക്കും ലോക്ക്ഡൗ

ണിൽ പെട്ട് ഭക്ഷ്യവസ്തുക്കൾ ശേഖരിക്കാനാകാത്തവർക്കും വേണ്ടിയാണ് ഭക്ഷ്യകിറ്റുകൾ വിതരണം നടത്തിയത്. വാഴത്തോപ്പ് പഞ്ചായത്തിലെ കിറ്റ് വിതരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ് പോൾ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത്, ഇടുക്കി കോവിഡ് കോൺട്രോൾ മെഡിക്കൽ ഓഫീസർ ഡോ. സിബി ജോർജ് മെമ്പർമാരായ സാബു, ഏലിയാമ്മ, സെലിൻ തോമസ് ടിന്റു സുഭാഷ്, സിജി എന്നിവർ പങ്കെടുത്തു. അരി, പഞ്ചസാര, എണ്ണ, ഉപ്പ്, മല്ലിപ്പൊടി, മുളകുപൊടി, സാമ്പാർപൊടി, കാപ്പിപ്പൊടി, കടുക്, ജീരകം, മാസ്ക്, സാനിറ്റൈസർ, ഫിനോയിൽ, ഡിഷ് വാഷ്, സോപ്പ് എന്നിങ്ങനെ 15 ഇനം അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റുകളാണ് വിതരണം ചെയ്തത് എന്ന് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് അറിയിച്ചു.

## ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി കോവിഡ് ടാസ്ക്ക് ഫോഴ്സ് ട്രെയിനിംഗ് സംഘടിപ്പിച്ചു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി ടാസ്ക്ക് ഫോഴ്സ് ട്രെയിനിംഗ് സംഘടിപ്പിച്ചു. കോട്ടയം അതിരൂപതയുടെ ഇടുക്കി ജില്ലയിലെ സാമൂഹ്യ സേവനവിഭാഗമായ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോവിഡ് രണ്ടാം തരംഗത്തെ അതിജീവിക്കുന്നതിനായി തയ്യാറാക്കിയ കർമ്മരേഖയുടെ അടിസ്ഥാനത്തിൽ രൂപം നൽകിയ ടാസ്ക്ക് ഫോഴ്സിലെ സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനം ഓൺലൈനായി സംഘടിപ്പിച്ചു. കോട്ടയം അതിരൂപത വികാരി ജനറാളും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് പരിശീലനം ഉദ്ഘാടനം ചെയ്തു. കോട്ടയം അതിരൂപത ടാസ്ക്ക് ഫോഴ്സിനു നേതൃത്വം നൽകുന്ന കെ.സി.വൈ.എൽ. ചാപ്ലെയിൻ ഫാ. ചാക്കോ വണ്ടൻകുഴിയിൽ പ്രസിഡന്റ് ലിബിൻ പാറയിൽ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി വൈസ് പ്രസിഡന്റ് ഫാ. ജോബി പൂച്ചുകണ്ടത്തിൽ, സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് എന്നിവർ പരിശീലനത്തിന്റെ കോർഡിനേഷൻ നിർവഹിച്ചു. ജി.ഡി.എസ്. ഗ്രാമവികസന സമിതി പ്രസിഡന്റുമാർ, സന്യാസസമർപ്പിത സമൂ

ഹങ്ങളിലെ പ്രതിനിധികൾ, കെ.സി.സി. പ്രതിനിധികൾ, കെ.സി. ഡബ്ല്യിയു.എ, കെ.സി.വൈ.എൽ. പ്രതിനിധികൾ തുടങ്ങി 45 പേർ പരിശീലനത്തിൽ പങ്കെടുത്തു. ഗ്രാമതലത്തിൽ പ്രവർത്തനസജ്ജ രാകുന്ന ടാസ്ക് ഫോഴ്സ് അംഗങ്ങൾക്ക് ആവശ്യമായ പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഒരുക്കുമെന്ന് ജി.ഡി.എസ്. സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് അറിയിച്ചു.

## കോവിഡ് രണ്ടാംതരംഗം സാന്ത്വന പരിചരണവുമായി ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി

ഇടുക്കി: കോട്ടയം അതിരുപതയുടെ ഇടുക്കിയിലെ സാമൂഹ്യസേവന വിഭാഗം ആയ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ് ടാസ്ക് ഫോഴ്സിന്റെ സഹകരണത്തോടെ ഇടുക്കി ജില്ലയിലെ കിടപ്പുരോഗികൾ ആയി ദുരിതം അനുഭവിക്കുന്നവരുടെ ഭവനങ്ങളിൽ എത്തി സാന്ത്വനപരിചരണം ഒരുക്കുന്ന പദ്ധതിക്ക് തുടക്കമായി. കിടപ്പുരോഗികളെ വീടുകളിൽ എത്തി അവർക്ക് ആവശ്യംവേണ്ട ശുശ്രൂഷകൾ നൽകുന്നതാണ് ഈ പദ്ധതി. കോട്ടയം അതിരൂപതയിലെ സമർപ്പിത സമൂഹമായ കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് നിർവഹിച്ചു. കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സഹോദരിമാരായ സിസ്റ്റർ ജിജി, സിസ്റ്റർ മോളി എന്നിവരാണ് നേതൃത്വം നൽകി വരുന്നത്.

## കോവിഡ് രണ്ടാംതരംഗം: ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി കെയർ സെന്ററിനു തുടക്കമായി

ഇടുക്കി: കോട്ടയം അതിരൂപതയുടെ ഇടുക്കി ജില്ലയിലെ സാമൂഹ്യസേവന വിഭാഗമായ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ് രണ്ടാംതരംഗം പ്രതിരോധപ്രവർത്തനങ്ങളുടെ കോർഡിനേഷനായി തടിയമ്പാട് മരിയസദൻ കേന്ദ്രമാക്കി കോവിഡ് കെയർ സെന്ററിനു തുടക്കമായി. ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി വൈസ് പ്രസിഡന്റ് ജോബി പുച്ചൂക്കണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗ

ത്തിൽ കോട്ടയം അതിരൂപത വികാരി ജനറാളും ഗ്രീൻവാലി ഡെവ ലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് കെയർ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രീൻവാലി ഡെവല പ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് ആശീർവ്വാദ പ്രാർത്ഥന നടത്തി. കോട്ടയം അതിരൂപതയിലെ സമർപ്പിത സമൂഹമായ കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ നഴ്സുമാരായ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലാണ് കോവിഡ് കെയർ സെന്റർ പ്രവർത്തിക്കുക. കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സിസ്റ്റർ ജിജി, സിസ്റ്റർ മോളി എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. കോവിഡ് കെയർ സെന്റർ കേന്ദ്രീക രിച്ച് ആവശ്യാനുസരണം വീടുകൾ സന്ദർശിച്ച് കിടപ്പു രോഗികൾക്ക് സാന്ത്വന പരിചരണം, ഹോസ്പിറ്റലിൽ പോകാൻ പറ്റാത്തവർക്ക് രക്തസമ്മർദ്ദ പരിശോധന പഞ്ചസാരയുടെ അളവ് പരിശോധന, എന്നിവയോടൊപ്പം വാക്സിനേഷൻ രജിസ്ട്രേഷൻ, അവശ്യ മരു ന്നുകളുടെ വിതരണം, ടെലി കൗൺസിലിംഗ് എന്നീ സേവനങ്ങളും ലഭ്യമാക്കുമെന്ന് ജി.ഡി.എസ്. സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് അറിയിച്ചു.

## കോവിഡ് രണ്ടാംതരംഗം ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി ഭക്ഷ്യകിറ്റുകളുടെ വിതരണം ആരംഭിച്ചു.

ഇടുക്കി: കോട്ടയം അതിരൂപതയുടെ ഇടുക്കിയിലെ സാമൂഹ്യസേ വന വിഭാഗം ആയ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ് രണ്ടാം തരംഗത്തിൽപ്പെട്ട് ഭക്ഷ്യ ദൗർലഭ്യം അനുഭവപ്പെടുന്ന കോവിഡ് ബാധിതർ, ക്വാറന്റൈനിൽ കഴിയുന്നവർ, ലോക്ക്ഡൗണിൽ ഭക്ഷ്യസാധനങ്ങൾ ശേഖരിക്കാൻ സാധിക്കാത്തവർ എന്നിവർക്കായി ഭക്ഷ്യകിറ്റുകളുടെ വിതരണം ആരംഭിച്ചു. പരിപാടിയുടെ ഉദ്ഘാടനം ഇടുക്കി കോവിഡ് കൺട്രോൾ കോ-ഓർഡിനേറ്റർ ഡോ. സിബി ജോർജ്ജ് നിർവ്വ ഹിച്ചു. കിറ്റുകളുടെ വിതരണത്തിനു സൊസൈറ്റി വൈസ് പ്രസി ഡന്റ് ഫാ. ജോബി പൂച്ചുകണ്ടത്തിൽ, സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് എന്നിവർ നേതൃത്വം നൽകി. അരി, പഞ്ചസാര, വെളിച്ചെണ്ണ, ഉപ്പ്, പലവ്യഞ്ജനങ്ങൾ, മാസ്ക്, സാനിറ്റൈസർ,

സോപ്പ്, ഡിഷ്‌വാഷ്, ഫിനോയിൽ മുതലായ 14 ഇനം അടങ്ങിയ കിറ്റുകളാണ് വിതരണം ചെയ്യുന്നതെന്ന് സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് അറിയിച്ചു.

## കോവിഡ് രണ്ടാംതരംഗം – ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി കർമ്മരേഖ തയ്യാറാക്കി.

ഇടുക്കി: കോട്ടയം അതിരൂപതയുടെ ഇടുക്കി ജില്ലയിലെ സാമൂഹ്യ സേവനവിഭാഗമായ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോവിഡ് രണ്ടാംതരംഗത്തെ അതിജീവിക്കുന്ന തിനായി കർമ്മരേഖ തയ്യാറാക്കി. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ അതിരൂപതയിലെ പതിനാലു ഫൊറോനകളുടെയും സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും വിദേശത്തും സ്വദേശത്തും ശുശ്രൂഷ ചെയ്യുന്ന വൈദീകരുടെയും സംയുക്ത യോഗത്തിൽ ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ മനസ്സിലാക്കി കർമ്മപദ്ധതികൾക്കു രൂപം നല്കണമെന്ന തീരുമാനത്തിന്റെ വെളിച്ചത്തിലാണ് ജി.ഡി.എസ്. പ്രത്യേകയോഗം ചേർന്നു കർമ്മപദ്ധതി തയ്യാറാക്കിയത്.

കോട്ടയം അതിരൂപത വികാരി ജനറാളും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പടമുഖം ഫൊറോന വികാരി ഫാ. ജോബി പുച്ചൂക്കണ്ടത്തിൽ, ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് എന്നിവരുടെ നേതൃത്വത്തിൽ പടമുഖം ഫൊറോനയിലെ വിവിധ ഇടവകകളിലെ വൈദികരും സമർപ്പിതപ്രതിനിധികളും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി ബോർഡ് അംഗങ്ങളും ഗ്രാമതല അനിമേറ്റേഴ്സും സമുദായ സംഘടനകളുടെ ഫൊറോന ഭാരവാഹികളും യോഗത്തിന് പങ്കെടുത്തു. നിലവിലെ സാഹചര്യങ്ങൾ യോഗം സമഗ്രമായി വിലയിരുത്തുകയും ക്രിയാത്മകമായ പ്രതിരോധ രോഗീപരിചരണ പ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും പ്രവർത്തനങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ തിരുമാനിക്കുകയും ചെയ്തു.

ഗവൺമെന്റ് പ്രവർത്തനങ്ങളോട് പൂർണ്ണമായി സഹകരിച്ച് സർക്കാർ സേവനങ്ങൾ ജനങ്ങളിലെത്തിക്കുക, അത്യാവശ്യ സ്ഥല നങ്ങളിൽ ആവശ്യമായ ഭക്ഷണകിറ്റുകൾ ലഭ്യമാക്കുക, മരുന്നുകളും ഇതര മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുക, ടെലികൗൺസ ലിംഗ് സൗകര്യം സജ്ജമാക്കുക, ഫൊറോന സെല്ലിന് തുടക്കം കുറിക്കുക, സാന്ത്വന രോഗീപരിചരണം, കോവിഡ് മൃതസംസ്ക്കാര ശുശ്രൂഷയുൾപ്പെടെയുള്ള സേവനങ്ങൾക്കായി അഞ്ച് പേരടങ്ങുന്ന ടാസ്ക്ക് ഫോഴ്സിനെ ഓരോ ഗ്രാമത്തിലും രൂപപ്പെടുത്തുക, അടി യന്തര ഇതരസഹായങ്ങൾ ലഭ്യമാക്കുക തുടങ്ങി നിരവധി പ്രവർ ത്തനങ്ങൾ നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനാവശ്യമായ വിഭവസമാഹരണം ഇടവക പ്രദേശങ്ങ ളിൽനിന്നും സുമനസ്സുകളിൽനിന്നും നടത്തുവാൻ തീരുമാനമായി. കർമ്മപദ്ധതികൾക്ക് മെയ് 13-ന് തുടക്കം കുറിക്കുമെന്ന് ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി വൈസ് പ്രസിഡന്റ് ഫാ. ജോബി പുച്ചൂക്കണ്ടത്തിൽ, സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് എന്നി വർ അറിയിച്ചു.

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## ഓൺലൈൻ ദമ്പതിസംഗമം സംഘടിപ്പിച്ചു

ക്നാനായ കത്തോലിക്ക കോൺഗ്രസ്സ് ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ സഹകരണത്തോടെ ഓൺലൈൻ ദമ്പതി സംഗമം സംഘടിപ്പിച്ചു. കെ.സി.സി പ്രസിഡന്റ് തമ്പി എരു മേലിക്കരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കോട്ടയം അതി രൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. ആഗോളകത്തോലിക്ക സഭയിലെ കുടുംബവീക്ഷണം എന്ന വിഷ യത്തിൽ അതിരൂപത ഫാമിലി കമ്മീഷൻ ചെയർമാൻ ഡോ. ബ്രസൻ ഒഴുങ്ങാലിൽ സംസാരിച്ചു. ദമ്പതികൾ സമകാലീന സാഹചര്യ ത്തിൽ എന്ന വിഷയത്തിൽ എ.കെ.സി.സി ഭാരവാഹികളായ

പ്രൊഫ. മേരി റെജീനയും ഭർത്താവ് ഷാജി ജെയിംസും ചേർന്ന് ക്ലാസ്സ് നയിച്ചു. അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് സന്ദേശം നൽകി.

## ഫൊറോന പ്രവർത്തനോദ്ഘാടനങ്ങൾ നടത്തപ്പെട്ടു

കോട്ടയം അതിരൂപതയുടെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ വിവിധ ഫൊറോനകളുടെ പ്രവർത്തനോദ്ഘാടനം നടത്തപ്പെട്ടു. കോവിഡ് സാഹചര്യത്തിൽ ഓൺലൈനായാണ് പ്രവർത്തനോദ്ഘാടനങ്ങൾ സംഘടിപ്പിച്ചത്. ഫൊറോന യൂണിറ്റ് ഭാരവാഹികളും യൂണിറ്റിൽ നിന്നുള്ള അംഗങ്ങളും പങ്കെടുക്കുകയും കോവിഡ് പശ്ചാത്തലത്തിൽ സംഘടനയ്ക്കു ചെയ്യാൻ കഴിയുന്ന വിവിധ പ്രവർത്തന സാധ്യതകൾ ചർച്ച ചെയ്തു കർമ്മപദ്ധതികൾക്കു രൂപം നൽകുകയും ചെയ്തുവരുന്നു. കൂടാതെ ഫൊറോനതലത്തിൽ മികവാർന്ന പ്രവർത്തനങ്ങൾ നടത്തുന്നവരെ ആദരിക്കുകയും ചെയ്തുവരുന്നു. വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും അതത് ഫൊറോനകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു.

## കോവിഡ് രോഗവിമുക്തരുടെ സംഗമം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയിലെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ അതിരൂപതയിലെ കോവിഡ് വിമുക്തി നേടിയ വൈദികർക്കും സമർപ്പിതർക്കും അൽമായർക്കുമായി സംഗമം സംഘടിപ്പു. റോഷി അഗസ്റ്റിൻ ഓൺലൈൻ കൂടിവരവ് ഉദ്ഘാടനം ചെയ്തു കോവിഡ് അനുഭവത്തിലൂടെ കടന്നുപോയപ്പോൾ കോവിഡ് ബാധിതരാകുന്നവർക്കും വിമുക്തി നേടുന്നവർക്കും എത്രമാത്രം ശ്രദ്ധയും കരുതലും തുടർന്നും അനിവാര്യമാണെന്ന് വ്യക്തിപരമായി മനസ്സിലായിട്ടുള്ളതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷനായിരുന്നു. കോവിഡ് ബാധിതരുടെ കരുതൽ സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വമായി കാണണമെന്ന് അദ്ധ്യക്ഷസന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് കെ.സി.

ഡബ്ല്യു.എ പ്രസിഡന്റ് ലിൻസി രാജൻ വടശ്ശേരിക്കുന്നേൽ , സെക്രട്ടറി ഷൈനി സിറിയക് ചൊള്ളമ്പേൽ എന്നിവർ പ്രസംഗിച്ചു.കോവിഡ് രോഗത്തിലൂടെ കടന്നുപോയവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും എന്ന വിഷയത്തിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ വിമൺ ഡോക്ടേഴ്സ് വിംഗ് സംസ്ഥാന ചെയർപേഴ്സണും ദേശീയ സെക്രട്ടറിയുമായ ഡോ. കവിത രവി ക്ലാസ്സ് നയിച്ചു. സംശയങ്ങൾക്കു മറുപടി നൽകി. കോവിഡ് ബാധിച്ചു വിമുക്തി നേടിയ 253 പേർ സംഗമത്തിൽ പങ്കെടുത്തു.

## ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷൻ മാതൃദിനാചരണം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷൻ ലോകമാതൃദിനത്തിന്റെ ഭാഗമായി ഓൺലൈൻ മാതൃദിനാചരണം സംഘടിപ്പിച്ചു. കെ.സി.ഡബ്ല്യു.എയുടെ പ്രഥമ പ്രസിഡന്റ് ശ്രീമതി ലീലാമ്മ മാക്കീൽ ദിനാചരണം ഉദ്ഘാടനം ചെയ്തു. കെ.സി.ഡബ്ല്യു.എ പ്രസിന്റ് ലിൻസി രാജൻ വടശ്ശേരിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം അതിരൂപതാ വികാരി ജനറാളും കെ.സി.ഡബ്ല്യു.എ ചാപ്ലെയിനുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. കെ.സി.ഡബ്ല്യു.എ മുൻഅതിരൂപതാ പ്രസിഡന്റ് ഡോ. മേഴ്സി ജോൺ മുഖ്യപ്രഭാഷണം നടത്തി. കെ.സി.ഡബ്ല്യു.എയുടെ പ്രഥമ പ്രസിഡന്റ് ശ്രീമതി ലീലാമ്മ മാക്കീലിനെ ചടങ്ങിൽ ആദരിച്ചു. കെ.സി.ഡബ്ല്യു.എ സെക്രട്ടറി ഷൈനി സിറിയക് ചൊള്ളമ്പേൽ, ജോയിന്റ് സെക്രട്ടറി ജിജി ഷാജി പൂവേലിൽ, വൈസ് പ്രസിഡന്റ് പെണ്ണമ്മ ജെയിംസ് എന്നിവർ പ്രസംഗിച്ചു.

കൂടാതെ മാതൃദിനത്തോടനുബന്ധിച്ച് കെ.സി.ഡബ്ല്യു.എ യുടെ ഓരോ യൂണിറ്റും ഈ പ്രതിസന്ധി ഘട്ടത്തിൽ അതത് ഇടവകളിൽ ലഭ്യമാക്കേണ്ട സേവനങ്ങൾക്കായുള്ള സന്നദ്ധത യൂണിറ്റ്

ചാപ്പ്ലെയിൻമാരെ അറിയിച്ചു. യൂണിറ്റിന്റെ പരിധിയിലുള്ള ഏതെങ്കിലും വീടുകളിലെ അമ്മമാർ മരണപ്പെട്ടിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ കുടുംബാംഗങ്ങൾ മരണപ്പെട്ട അമ്മമാരുണ്ടെങ്കിലോ അവരുടെ വീടുകളിലേക്ക് യൂണിറ്റ് ഭാരവാഹികളിലൊരാൾ വിളിച്ച് പിന്തുണ വാഗ്ദാനം ചെയ്തു. കെ.സി.ഡബ്ല്യൂ.എ അംഗങ്ങൾ സ്വന്തം അമ്മയെ വിളിക്കുകയും നന്ദിപ്രകാശിപ്പിക്കുകയും സ്നേഹം പങ്കുവയ്ക്കുകയും ചെയ്തു. യൂണിറ്റിലെ ഏതെങ്കിലും അമ്മമാർ രോഗ പശ്ചാത്തലത്തിലുള്ളവരെന്ന് അറിയുന്നുവെങ്കിൽ അവരെ വിളിച്ച് ക്ഷേമം അന്വേഷിക്കുകയും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഷൈനി സിറിയക്
സെക്രട്ടറി

# ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്

## ഓൺലൈൻ ദമ്പതിസംഗമം സംഘടിപ്പിച്ചു

**കോട്ടയം:** മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബവർഷത്തിന്റെയും ലോകമാതൃദിനാചരണത്തിന്റെയും പശ്ചാത്തലത്തിൽ കോട്ടയം അതിരൂപതയിലെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്ക കോൺഗ്രസ്സ് ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷന്റെ സഹകരണത്തോടെ ഓൺലൈൻ ദമ്പതി സംഗമം സംഘടിപ്പിച്ചു. കെ.സി.സി പ്രസിഡന്റ് തമ്പി എരുമേലിക്കരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായത്തിന്റെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കുവാനും തലമുറകൾക്കു കൈമാറുവാനും ദമ്പതികൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ആഗോളകത്തോലിക്കാ സഭയിലെ കുടുംബവീക്ഷണം എന്ന വിഷയത്തിൽ അതിരൂപതാ ഫാമിലി കമ്മീഷൻ ചെയർമാൻ ഡോ. ബ്രസൻ ഒഴുങ്ങാലിൽ സംസാരിച്ചു. ദമ്പതികൾ സമകാലീന

സാഹചര്യത്തിൽ എന്ന വിഷയത്തിൽ എ.കെ.സി.സി ഭാരവാഹി കളായ പ്രൊഫ. മേരി റെജീനയും ഭർത്താവ് ഷാജി ജെയിംസും ചേർന്ന് ക്ലാസ്സ് നയിച്ചു. അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് സന്ദേശം നൽകി. കെ.സി.ഡബ്ല്യു.എ പ്രസിഡന്റ് ലിൻസി വടശ്ശേരിക്കുന്നേൽ, കെ.സി.സി സെക്രട്ടറി ബിനോയി ഇടയാടി യിൽ, കെ.സി.ഡബ്ല്യു.എ സെക്രട്ടറി ഷൈനി ചൊള്ളമ്പേൽ എന്നി വർ പ്രസംഗിച്ചു. 492 ദമ്പതികൾ ഓൺലൈൻ സംഗമത്തിൽ പങ്കെ ടുത്തു.

## ഫൊറോന സംഗമങ്ങൾ സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഫൊറോന സംഗമങ്ങൾ സംഘടിപ്പിച്ചു. ഫൊറോന യൂണിറ്റ് ഭാര വാഹികളും യൂണിറ്റിൽ നിന്നുള്ള അംഗങ്ങളും പങ്കെടുക്കുകയും കോവിഡ് പശ്ചാത്തലത്തിൽ സംഘടനയ്ക്കു ചെയ്യാൻ കഴിയുന്ന വിവിധ പ്രവർത്തനസാധ്യതകൾ ചർച്ച ചെയ്തു കർമ്മപദ്ധതി കൾക്കു രൂപം നൽകുകയും ചെയ്തുവരുന്നു.

## കോവിഡ് പ്രവർത്തന കർമ്മരേഖ പ്രകാശനം ചെയ്തു

കോവിഡ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുസ മൂഹത്തിലും പ്രത്യേകിച്ച് ഇടവക കേന്ദ്രീകൃതമായി നടപ്പിലാക്കുന്ന തിനായി കെ.സി.സി സജ്ജമാക്കിയ കർമ്മരേഖ പ്രകാശനം ചെയ്തു. അതിരൂപത അൽമായ സംഘടനകളുടെ നേതൃസംഗമ ത്തിലാണ് കർമ്മരേഖ പ്രകാശനം ചെയ്തത്.

**ബിനോയി ഇടയാടിയിൽ**
സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർച്ച് 2021

6 തടിയമ്പാട് നടന്ന ജി.ഡി.എസ്.ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

\- ചക്കുപള്ളത്ത് നടന്ന കെ.സി.ഡബ്ലിയു.എ.യുടെ വനിതാദിനാഘോഷത്തിൽ പങ്കെടുത്തു.

7 കട്ടപ്പന പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

8 ചൈതന്യയിൽ നടന്ന കെ.എസ്.എസ്.എസ്. വനിതാദിനാഘോഷങ്ങളിൽ പങ്കെടുത്തു.

9 കടുത്തുരുത്തി ഫൊറോനയിൽ സേവനം ചെയ്യുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

\- വിജയപുരം രൂപതാമെത്രാൻ അഭി. സെബാസ്റ്റ്യൻ തെക്കേത്തച്ചേരി പിതാവിന്റെ നിര്യാതനായ പിതാവ് ദേവസ്യ തെക്കേത്തച്ചേരിയുടെ കല്ലിശ്ശേരിയിലെ ഭവനത്തിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 വടവാതൂർ സെമിനാരിയുടെ കൊൺവൊക്കേഷൻ ഡേ പരിപാടിയിൽ പങ്കെടുത്തു.

\- ഉഴവൂർ ഫൊറോനയിൽ സേവനം ചെയ്യുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

11 ചൈതന്യയിൽ നടന്ന കമ്പ്യൂട്ടർ സാക്ഷരത ബോധവത്കരണ പരിപാടിയും തയ്യൽമെഷീൻ വിതരണ പരിപാടിയും ഉദ്ഘാടനം ചെയ്തു.

12 കിടങ്ങൂർ ഫൊറോനായിൽ സേവനം ചെയ്യുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

\- സീറോ-മലബാർ സിനഡ് പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

13 എസ്.എച്ച്.മൗണ്ട് ദൈവാലയത്തിൽ നടന്ന 40 മണിക്കൂർ ആരാധനയുടെ സമാപന തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

14 കോട്ടയം സെന്റ്. ആൻസ് ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സമാപനച്ചട

ങ്ങിലും സ്കൂൾ വാർഷികാഘോഷത്തിലും അധ്യക്ഷസ്ഥാനം വഹിച്ചു.

16 കൈപ്പുഴ ഫൊറോനായിൽ സേവനം ചെയ്യുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

- കോട്ടയം അതിരൂപത കാര്യാലയത്തിൽ നടന്ന വാരപ്പെട്ടി പള്ളിയിലെ പാരിഷ് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

17. ചൈതന്യയിൽ നടന്ന കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമ്പത്തിക സാക്ഷരത ബോധവത്കരണ പരിപാടിയും യുവകേരള തൊഴിൽ നൈപുണ്യവികസന പരിശീല പരിപാടിയും ഉദ്ഘാടനം ചെയ്തു.

- ചുങ്കം ഫൊറോനായിൽ സേവനം ചെയ്യുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

18 ഇടയ്ക്കാട്ട് ഫൊറോനായിൽ സേവനം ചെയ്യുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

19 സെന്റ് ജോസഫ് ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു.

- അതിരൂപതയുടെ വിവിധ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

20 ചേർപ്പുങ്കൽ സമരിറ്റനിൽ നടന്ന പരിപാടിയിൽ നവീകരിച്ച ക്നാനായോളജി വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു.

- ക്നാനായ മലങ്കര പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഓൺലൈൻ ആയി നടത്തിയ ക്നാനായ മലങ്കര ശതാബ്ദി ദ്വിദിന സെമിനാർ ഉദ്ഘാടനം ചെയ്തു.

22 കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചൈതന്യയിൽ നടന്ന സൗഹൃദവേദി സംഗമവും കൃഷിപരിപാലന പദ്ധതി ധനസഹായവിതരണവും ഭൗമദിനാചരണവും ഉദ്ഘാടനം ചെയ്തു.

- ഓൺലൈനായി നടന്ന അതിരൂപതാ ഉപദേശകസമിതി (consultors) മീറ്റിംഗിൽ പങ്കെടുത്തു.

- കാരിത്താസ് ഇടവകാംഗമായ, നിര്യാതനായ തോമസ് ഇടയാടിയുടെ മൃതസംസ്കാര സമാപനശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

23 വിയാനി ഹോമിൽ വി. കുർബാന അർപ്പിച്ചു.

- ഉഴവൂർപള്ളി ഇടവകാംഗമായ, നിര്യാതനായ തോമസ് നീലനിരപ്പേലിന്റെ മൃതസംസ്കാര സമാപനശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

24 കല്ലറ പഴയപള്ളി ഇടവകാംഗം, നിര്യാതനായ പെരുന്തുരുത്ത്, മ്യാലിൽ പുത്തൻപുരയിൽ (പഴയപുരയിൽ) ജോസഫ് മത്തായി (കുട്ടപ്പൻ)-യുടെ മൃതസംസ്കാര സമാപന ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

25 കാക്കനാട് നടന്ന സ്ഥിരം സിനഡ് അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

26 ചാമക്കാല പള്ളി ഇടവകാംഗം, നിര്യാതയായ മായമ്മ ഷാജി (മേയമ്മ) പുല്ലാനപ്പള്ളിയുടെ ഭവനത്തിൽപോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- ഉഴവൂർപള്ളി ഇടവകാംഗം, നിര്യാതനായ ജെയ്മോൻ (ജപ്പായി) വെമ്മേലിയുടെ മൃതസംസ്കാര സമാപന ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

27 കിടങ്ങൂർ ഫൊറോന പള്ളിയിൽ നടന്ന 40 മണിക്കൂർ ആരാധനയുടെ സമാപനശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

- ചൈതന്യയിൽ നടന്ന ഹൈടെക് കോഴിവളർത്തൽ പരിശീലന പരിപാടിയും യൂണിറ്റുകളുടെ വിതരണവും പുനർജ്ജനി-ജീവനോപാധി പുനസ്ഥാപന പദ്ധതിയുടെ ഉദ്ഘാടനവും നിർവ്വഹിച്ചു.

- ഓൺലൈനായി നടന്ന അതിരൂപത ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

28 ഓശാന തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

29. വിസിറ്റേഷൻ സമൂഹാംഗമായ, നിര്യാതയായ സഹോദരി ലീല കുന്നക്കാട്ട് മലയിലിന്റെ മൃതസംസ്കാര സമാപന ശുശ്രൂഷ കൾക്ക് കിടങ്ങൂർ ഫൊറോന പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 2021**

1 വലിയ ആഴ്ചയിലെ പെസഹാവ്യാഴാഴ്ചയുടെ തിരുക്കർമ്മ ങ്ങൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

2 ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രൽ ദൈവാലയ ത്തിൽ കാർമ്മികത്വം വഹിച്ചു.

3 ദുഃഖശനി തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

4 ഉയർപ്പുതിരുനാൾ തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രൽ ദൈവാ ലയത്തിൽ കാർമ്മികത്വം വഹിച്ചു.

6 ലോകാരോഗ്യദിനത്തോടനുബന്ധിച്ച്, കാരിത്താസ് ആശുപ ത്രിയിൽ വരുന്നവർക്ക് യാത്ര ചെയ്യുവാനായി ബഗ്ഗി കാർ സർവ്വീസ് ഉദ്ഘാടനം ചെയ്തു.

7 ബഹുമാന്യരായ പഴുക്കായിൽ സൈമണച്ചന്റെയും ജോൺ ചേത്തലിൽ അച്ചന്റെയും വിയാനി ഹോമിൽ നടന്ന പൗരോ ഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

– ചൈതന്യയിൽ നടന്ന കിസാൻ സേവന പദ്ധതി ധനസഹാ യവിതരണവും ലോകാരോഗ്യദിനാചരണവും ഉദ്ഘാടനം ചെയ്തു.

9 യു.കെ. ക്നാനായ മിഷനിൽ സേവനം ചെയ്യുന്ന അതിരൂപ തയിലെ വൈദികരുമായി ഓൺലൈൻ മീറ്റിംഗ് നടത്തി.

10 ആർപ്പൂക്കര വിസിറ്റേഷൻ മഠത്തിന്റെ രജതജൂബിലി ആഘോ ഷത്തിന്റെ ഭാഗമായും സി. എൽസി എസ്.വി.എം., സി. ജോസ് മേരി എസ്.വി.എം. എന്നിവരുടെ സന്ന്യാസവ്രതവാഗ്ദാന ത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെയും ഭാഗമായും ആർപ്പൂക്കര മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം

നല്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

- എസ്.ജെ.സി. സുപ്പീരിയർ ജനറൽ സി. അനിത എസ്.ജെ.സി.യുടെ നിര്യാതയായ മാതാവിനുവേണ്ടി വെളിയന്നൂർ ഉള്ള ഭവനത്തിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- ഓൺലൈൻ കോഴ്സ് വഴിക്കുറായിയുടെ സർട്ടിഫിക്കറ്റുകൾ ചൈതന്യയിൽ നടന്ന മീറ്റിംഗിൽവച്ച് വിതരണം ചെയ്തു.
- പേരൂർ ഇടവകാംഗം നിര്യാതനായ ചാണ്ടി തണ്ടാശ്ശേരിലിന്റെ മൃതസംസ്കാര സമാപന ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

11 ഏറ്റുമാനൂർ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

- മണ്ണൂർ ഇടവകാംഗം നിര്യാതനായ ജോർജ് വാരികാട്ടിന്റെ മൃതസംസ്കാര സമാപന ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

12 വിയാനി ഹോമിൽ നടന്ന ബഹു. ചൊള്ളമ്പേൽ ജേക്കബ് അച്ചന്റെ നവതി ആഘോഷങ്ങളിൽ പങ്കെടുത്തു.

13 ചൈതന്യയിൽ നടന്ന വരുമാന സംരംഭകത്വ ലോൺമേളയും പുരുഷ കർഷക മേഖലാസംഗമവും സംഘകൃഷി പ്രോത്സാഹന പദ്ധതി ധനസഹായവും ഉദ്ഘാടനം ചെയ്തു.

14 കോതനല്ലൂർ പള്ളിയിൽ നടന്ന LDSJG സിസ്റ്റേഴ്സിന്റെ പ്രഥമവ്രതവാഗ്ദാനകർമ്മങ്ങളിലും വി. കുർബാനയിലും കാർമ്മികത്വം വഹിച്ചു.

15 വിസിറ്റേഷൻ സന്യാസ സമൂഹാംഗം, സഹോദരി മോളി എസ്.വി.എം.ന്റെ മൃതസംസ്കാര സമാപന ശുശ്രൂഷകൾക്ക് പാലത്തുരുത്ത് പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

16 അതിരൂപതയിലെ യുവവൈദികരുടെ (പൗരോഹിത്യ ജീവിതത്തിൽ ഒന്ന് മുതൽ പത്തു വർഷം വരെ ആയവർ) ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17 കാരിത്താസ് ആശുപത്രി ഏറ്റെടുത്ത പുത്തനങ്ങാടിയിലെ KMM ഹോസ്പിറ്റൽ വെഞ്ചരിക്കുകയും ഉദ്ഘാടനം ചെയ്യു

കയും ചെയ്തു.

- ചൈതന്യയിൽ നടന്ന സാമ്പത്തിക സാക്ഷരത ബോധവത്ക്കരണ പരിപാടിയും യുവകേരള തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടിയും ഉദ്ഘാടനം ചെയ്തു.
- ജർമ്മനിയിൽ ഉള്ള ക്നാനായക്കാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.
- യു.കെ. ക്നാനായ മിഷനിലെ വൈദികർ, കൈക്കാരന്മാർ, വിശ്വാസപരിശീലന പ്രധാനാദ്ധ്യാപകർ എന്നിവരുടെ ഓൺലൈൻ മീറ്റിൽ പങ്കെടുത്തു.

18 മണ്ണൂർ പള്ളിയിൽ തിരുനാളിനോട് അനുബന്ധിച്ചു റാസ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു.

**മെയ് 2021**

6 അതിരൂപത ഹെൽത്ത് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

8 ഫൊറോന വികാരിമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

- ഓൺലൈൻ ആയി നടന്ന പ്രെസ്ബിറ്റേറിയത്തിൽ പങ്കെടുത്തു.

11 ഓൺലൈൻ ആയി നടന്ന വടവാതൂർ സെമിനാരി മീറ്റിംഗിൽ പങ്കെടുത്തു.

12 ഓൺലൈൻ ആയി നടന്ന സ്ഥിരം സിനഡ് അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

13 ഓൺലൈൻ ആയി നടന്ന അതിരൂപതയിലെ ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

21 വേദിക് അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഐ.എ.എസ്. ഓൺലൈൻ പരിശീലന പരിപാടിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

- ഓൺലൈൻ ആയി നടന്ന സിറോ-മലബാർ സിനഡ് പിതാക്കന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

24 വിസിറ്റേഷൻ സന്യാസ സമൂഹാംഗം, സഹോദരി സി.നേരി

എസ്.വി.എം.ന്റെ മൃതസംസ്കാര സമാപന ശുശ്രൂഷകൾക്ക് എസ്.എച്ച്.മൗണ്ട് പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

27 ഓൺലൈൻ ആയി നടന്ന യു.കെ.മിഷനിൽ സേവനം ചെയ്യുന്ന അതിരൂപതയിലെ വൈദികരുടെ മീറ്റിംഗിൽ പങ്കെടുത്തു.

28 ഓൺലൈൻ ആയി നടന്ന അതിരൂപത പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

29 ഓൺലൈൻ ആയി നടന്ന അതിരൂപത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

\- കാരിത്താസ് ആശുപത്രിയുടെ 60-ാം വാർഷികത്തോട് അനുബന്ധിച്ചുള്ള ആഘോഷപരിപാടിയിൽ പങ്കെടുത്തു.

31\. ക്നാനായ ഗ്ലോബൽ പ്രയറിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

\- നിര്യാതനായ ബഹു. ചേത്തലിൽ ജോണച്ചന്റെ കൂടല്ലൂർ പള്ളിയിലെ മൃതസംസ്കാര സമാപനശുശ്രൂഷകളിലും വി.കുർബാനയിലും കാർമ്മികത്വം വഹിച്ചു.

# ENGAGEMENTS

## Mar Mathew Moolakkatt

**2021 June**

| | |
|---|---|
| 01-03 | KCBC Online meeting |
| 04 | KCWA online meeting on post Covid care |
| 13 | Malankara Centenary Symposium at Kallissery |
| 23 | Vadavathoor Seminary Commission visit |
| 24 | Vestition and profession of Visitation sisters |
| 30 | Monthly recollection of Syro-Malabar Synod Bishops |

**2021 July**

| | |
|---|---|
| 02 | $60^{th}$ Jubilee inauguration of Vadavathoor Seminary |
| 04 | Conclusion of Malankara Centenary Celebration |

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഏപ്രിൽ 2021**

4 കൊട്ടൂർവയൽ പള്ളിയിലെ ഉയിർപ്പുതിരുന്നാൾ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

7 പയ്യാവൂർ ടൗൺ ഇടവക ഡീക്കൺ ജഗിൻ കോളങ്ങായിലിന് പുരോഹിതപട്ടം നല്കി.

9 യു.കെ.യിലെ ക്നാനായ വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

10 പേരൂർ ഇടവക പരേതനായ തണ്ടാശ്ശേരിൽ ചാണ്ടിക്കുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി -വെളിയന്നൂർ ഇടവക പരേതനായ പുളിക്കൽ മറിയക്കുട്ടി മത്തായിയുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ സമാപനകർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

13 പൂഴിക്കോൽ ഇടവക പരേതയായ മൂർത്തിക്കൽ ഏലിക്കുട്ടിയുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ സമാപന കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

\- അതിരൂപത മെത്രാസന മന്ദിരത്തിൽകൂടിയ കോളേജുകളുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

14 മറ്റക്കര പള്ളിയുടെ ഇടവകദിനാഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും, മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു.

15 ചൈതന്യയിൽ KSSSന്റെ ആഭിമുഖ്യത്തിലുള്ള ന്യൂനപക്ഷ ഫണ്ട് വിതരണം ചെയ്തു.

16 അതിരൂപതയിലെ 2010-2020 കാലഘട്ടത്തിൽ തിരുപ്പട്ടം സ്വീകരിച്ച യുവവൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

17 ജർമ്മനിയിലുള്ള ക്നാനായ യുവജനങ്ങളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

\- യു.കെ. ക്നാനായ മിഷനിലെ വൈദികർ, കൈക്കാരന്മാർ, വിശ്വാസപരിശീലന പ്രധാനാദ്ധ്യാപകർ എന്നിവരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

18 ഏറ്റുമാനൂർ പള്ളിയിൽ വി. കുർബാന അർപ്പിച്ച് കുട്ടികൾക്ക് ആഘോഷമായ വി. കുർബാന സ്വീകരണം നല്കി.

24 KCWA മലബാർ റീജിയണിന്റെ നേതൃത്വത്തിൽ ഓൺലൈൻ സംഗമത്തിൽ പങ്കെടുത്ത് ആശംസയർപ്പിച്ചു.

26 കരിങ്കുന്നത്ത് 'ലാന്റ് ഫോർ ലാന്റ്ലെസ്' പദ്ധതിയുടെ ഭാഗമായി പണി കഴിപ്പിച്ച അഞ്ചു വീടുകളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

– കരിങ്കുന്നത്ത് പുതുക്കിപ്പണിത വിസിറ്റേഷൻ മഠത്തിന്റെ വെഞ്ചരിപ്പുകർമ്മത്തിലും, വി. കുർബാനയിലും കാർമ്മികത്വം വഹിച്ചു.

27 പറമ്പഞ്ചേരിയിൽ പുതുക്കിപ്പണിത വിസിറ്റേഷൻ മഠത്തിന്റെ വെഞ്ചരിപ്പുകർമ്മത്തിലും, വി. കുർബാനയിലും കാർമ്മികത്വം വഹിച്ചു.

28 കെ.സി.വൈ.എൽ ഇടവക - ഫൊറോന, അതിരൂപത ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത് KCYL@Covid 21നെക്കുറിച്ച് സംസാരിച്ചു.

30 CBCI youth active, ഫൗണ്ടേഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

– ദുബായ് ക്നാനായ കുടുംബയോഗ ഓൺലൈൻ വാർഷികം ഉദ്ഘാടനം ചെയ്തു.

**മെയ് 2021**

1. KCWA അതിരൂപത ഓൺലൈൻ നേതൃത്വ സംഗമം ഉദ്ഘാടനം ചെയ്തു.

6. അതിരൂപത ഹെൽത്ത് കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

7 അതിരൂപത സെമിനാരി വിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങളും, ഡീക്കൺപട്ടവും അതിരൂപത മൈനർ സെമിനാരിയിൽവച്ച് നല്കി.

– കടുത്തുരുത്തി ഇടവക പരേതയായ കീഴങ്ങാട്ട് ഏലിയാമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

8. അതിരൂപത ഫൊറോന വികാരിമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

9 പയ്യാവൂർ മേഴ്സി ഹോസ്പിറ്റൽ മോണിറ്ററിംഗ് (ഓൺലൈൻ) മീറ്റിംഗിൽ പങ്കെടുത്തു.

13 അതിരൂപത ഹെൽത്ത് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോവിഡ് കാലത്ത് ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഓൺലൈൻ ആലോചന മീറ്റിംഗിൽ പങ്കെടുത്തു.

- കോവിഡ്കാല പ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളുമായി ഓൺലൈനായി നടത്തിയ ആലോചനായോഗത്തിൽ പങ്കെടുത്തു.

14 ശ്രീപുരത്തിന്റെ കീഴിലുള്ള സ്കൂളുകളുടെ പ്രിൻസിപ്പൽമാരുടെയും, വൈസ്പ്രിൻസിപ്പൽമാരുടെയും ഓൺലൈൻ മാറ്റിംഗിൽ പങ്കെടുത്തു.

15 അതിരൂപത ക്നാനായ ഡോക്ടേഴ്സ് ഫോറം ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

16 മലബാർ റീജിയൺ വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17 അതിരൂപത സമുദായസംഘടനാ കേന്ദ്ര കമ്മറ്റികളുടെ സംയുക്ത മീറ്റിംഗിൽ പങ്കെടുത്തു.

18 അതിരൂപത സോഷ്യൽ ആക്ഷൻ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

- ചൈതന്യ കമ്മീഷൻ ചെയർമാൻമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

21 സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കോവിഡ്കാലത്ത് നടത്തപ്പെടുന്ന കൗൺസിലിംഗിനെക്കുറിച്ചുള്ള ഓൺലൈൻ ആലോചനാമീറ്റിംഗിൽ പങ്കെടുത്തു.

- സീറോ-മലബാർ മെത്രാന്മാർക്കായി നടത്തപ്പെട്ട ഓൺലൈൻ ഏകദിന ധ്യാനത്തിൽ പങ്കെടുത്തു.

22 യൂറോപ്പ് സീറോമലബാർ അപ്പോസ്തോലിക് വിസിറ്റേഷന്റെ കീഴിലുള്ള സ്ഥലങ്ങളിലെ യുവജനങ്ങളുമായി നടത്തപ്പെട്ട

ഓൺലൈൻ യുവജനസംഗമ (മിസ്സിയോ)ത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

23 അതിരൂപത വിൻസെന്റ് ഡി പോൾ കേന്ദ്രക്കമ്മറ്റി മീറ്റിംഗിൽ (ഓൺലൈൻ) പങ്കെടുത്തു സംസാരിച്ചു.

– കെ.സി.വൈ.എൽ. ഇടവകതല അതിരൂപതാതല പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

25 മലബാർ റീജിയൺ സമുദായസംഘടനകൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എന്നിവരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

26 സീറോ-മലബാർ മൈഗ്രന്റ് കമ്മീഷൻ അംഗങ്ങളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

27 കാരിത്താസ് ആശുപത്രി ട്രസ്റ്റ് മീറ്റിംഗിൽ (ഓൺലൈൻ) സംബന്ധിച്ചു.

28 അതിരൂപത വൈദികസമിതി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

29 അതിരൂപത പാസ്റ്ററൽ കൗൺസിൽ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

30 ക്നാനായ ഗ്ലോബൽ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഓൺലൈൻ അഖണ്ഡപ്രാർത്ഥനായജ്ഞത്തിൽ സന്ദേശം നല്കി.

31 നിര്യാതനായ ബഹു. ചേത്തലിൽ ജോണച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് കാർമ്മികത്വം വഹിക്കുകയും തുടർന്നുള്ള കർമ്മങ്ങളിലും വി. കുർബാനയിലും സഹകാർമ്മികനായിരിക്കുകയും ചെയ്തു.

**ജൂൺ 2021**

1–3 കേരളമെത്രാൻ സമിതിയുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

# അഭി. അഫ്രേം പിതാവിന്റെ ഡയറിയിൽ നിന്ന്

**മാർച്ച് 2021**

7 വനിതാദിനത്തോട് അനുബന്ധിച്ച് നടന്ന ചിക്കാഗോയിലെ ക്നാനായ വനിതകളുടെ ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

8 ഓൺലൈൻ ആയി നടന്ന കെ.സി.ഡബ്ല്യു. എ. മീറ്റിംഗിൽ പങ്കെടുത്തു.

\- അതിരൂപതിയിലെ യുവവൈദികരുടെ (പൗരോഹിത്യ ജീവിതത്തിൽ ഒന്ന് മുതൽ പത്തു വർഷം വരെ ആയവർ) ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

9 തിരുവല്ലയിലെ എസ്.സി.എസ്.ഹൈസ്കൂളിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

12 കണ്ണങ്കര സ്കൂളിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

13 എസ്.എച്ച്.മൗണ്ട് ദൈവാലയത്തിൽ നടന്ന 40 മണിക്കൂർ ആരാധനയുടെ സമാപനത്തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

14 ഉഴവൂർ ഫൊറോനാ കെ.സി.സി.മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

16 ബി.സി.എം.കോളേജിൽ നടന്ന കലാപ്രദർശനം (Art Exhibition) ഉദ്ഘാടനം ചെയ്തു.

18 അതിരൂപത കാര്യാലയത്തിൽ നടന്ന കടുത്തുരുത്തി മ്യൂസിയം കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

19 യൗസേപ്പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് കോട്ടയം കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

\- ചൈതന്യയിൽ നടന്ന ഭിന്നശേഷിക്കാർക്കായുള്ള കാരുണ്യദൂത് പദ്ധതിയുടെ ഭാഗമായുള്ള അവശ്യമരുന്നുകളുടെ വിതരണം ഉദ്ഘാടനം ചെയ്തു.

20 ചേർപ്പുങ്കൽ സമരിറ്റനിൽ നടന്ന ക്നാനായോളജിയുടെ നവീകരിച്ച വെബ്സൈറ്റിന്റെ പ്രകാശനകർമ്മത്തിൽ പങ്കെടുത്തു.

20-21 ക്നാനായ മലങ്കര പുനരൈക്യ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഓൺലൈനിൽ നടത്തിയ ക്നാനായ മലങ്കര ശതാബ്ദി ദ്വിദിന സെമിനാറിൽ പങ്കെടുക്കുകയും പേപ്പർ അവതരിപ്പിക്കുകയും ചെയ്തു.

22 ഓൺലൈൻ ആയി നടന്ന അതിരൂപത കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

– റാന്നിയിൽ നടന്ന കത്തോലിക്ക കരിസ്മാറ്റിക് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

23 ചൈതന്യയിൽ നടന്ന കെ.സി.വൈ.എം.ന്റെ ഡയറക്ടർമാരുടെയും അനിമേറ്റർമാരുടെയും മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

– വലിയ ആഴ്ചയിലെ മലങ്കര തിരുക്കർമ്മങ്ങളെ സംബന്ധിച്ച് മലങ്കര ഫൊറോനയിൽ സേവനം ചെയ്യുന്ന വൈദികർക്കായുള്ള കല്ലിശ്ശേരിയിൽ നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്തു.

24. ബി.സി.എം.കോളേജിൽ നടന്ന ബി.സി.എം. മെറിറ്റ് ഡേ ആഘോഷങ്ങളിലും പ്രിൻസിപ്പലിനുള്ള വിടവാങ്ങൽ (sent off) മീറ്റിംഗിലും പങ്കെടുത്തു.

25 കൊല്ലത്തു നടന്ന ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ ക്രിസ്ത്യൻ കോഴ്സിന്റെ കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

– തൊടുപുഴയിൽ ഉള്ള ഡിവൈൻ മേഴ്സി സെന്ററിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

26 കുറുമുള്ളൂർ പള്ളിയിൽ കോട്ടയം കരിസ്മാറ്റിക് കമ്മീഷൻ സോൺ ഉദ്ഘാടനം ചെയ്തു.

28 കറ്റോട് ദൈവാലയത്തിൽ ഓശാന തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

31. കറ്റോട് ക്നാനായ യാക്കോബായ പള്ളിയിൽ ഫാ. ജിജോ തെക്കേതിലിന്റെ നിര്യാതനായ പിതാവിനുവേണ്ടി പ്രാർത്ഥിച്ചു.

**ഏപ്രിൽ 2021**

1 കുറ്റൂർ ദൈവാലയത്തിൽ പെസഹാ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

2 കല്ലിശ്ശേരി ദൈവാലയത്തിൽ ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

3 ചെങ്ങളം ദൈവാലയത്തിൽ ഉയർപ്പുതിരുനാൾ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

7 വിയാനിഹോമിൽ നടന്ന ബഹുമാന്യരായ പഴുക്കായിൽ സൈമൺ അച്ചന്റേയും ചേത്തലിൽ ജോൺ അച്ചന്റേയും പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

9 പാലാ ചേർപ്പുങ്കൽ ഇംപാക്ട് സെന്ററിൽ നടന്ന തൊഴിൽ നൈപുണ്യ വികസന പരിശീല പരിപാടി സർട്ടിഫിക്കറ്റ് വിതരണവും പുതിയ ബാച്ചിന്റെ ഉദ്ഘാടനവും നടത്തി.

– കാരിത്താസ് പള്ളിയിൽ വി. തോമാശ്ലീഹായുടെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

10 കല്ലറ പഴയപള്ളിയിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

11 കാറ്റോട് പള്ളിയിൽ വിസീത്താ നടത്തി.

12 തിരുവല്ല അതിരൂപതയിലെ തെള്ളിയൂർപള്ളിയുടെ കൂദാശകർമ്മത്തിൽ പങ്കെടുത്തു.

16 ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് കരുതൽ നൽകുന്നതിന്റെ ഭാഗമായി ചൈതന്യയിൽ നടന്ന ഭക്ഷ്യകിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം നടത്തി.

– എഫാത്താമിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓൾ ഇന്ത്യ ബൈബിൾ ക്വിസ് മത്സരത്തിന്റെ സമ്മാനദാനം ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ നടത്തി.

- അതിരൂപതയിലെ യുവവൈദികരുടെ (പൗരോഹിത്യ ജീവിതത്തിൽ ഒന്ന് മുതൽ പത്തുവർഷംവരെ ആയവർ) ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17 കാരിത്താസ് ആശുപത്രി ഏറ്റെടുത്ത പുത്തനങ്ങാടിയിലെ KMM ഹോസ്പിറ്റൽ വെഞ്ചരിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

18 ഡിട്രോയിറ്റ് ക്നാനായ ഇടവകക്കാർക്കായി ഈസ്റ്റർ സന്ദേശം നൽകി.

- ചെങ്ങളം പള്ളിയിൽ വിസീത്താ നടത്തി.

20 പുതുക്കിപ്പണിത ചിങ്ങവനം വിസിറ്റേഷൻ മഠം വെഞ്ചരിച്ചു.

22 മോനിപ്പള്ളി എം.യു.എം. ആശുപത്രിയിൽ കീഹോൾ ശസ്ത്രക്രിയ ഉദ്ഘാടനം ചെയ്തു.

23 തിരുവല്ല അതിരൂപതയിലെ ചുങ്കപ്പാറ പള്ളിയിൽ തിരുനാൾ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

24 ഒളശ്ശ പള്ളിയിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായി വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**മെയ് 2021**

13 ഓൺലൈൻ ആയി നടന്ന അതിരൂപതയിലെ കൗൺസിലിങ് നടത്തുന്നവരുടെ മീറ്റിംഗിൽ പങ്കെടുത്തു.

- ഓൺലൈൻ ആയി നടന്ന അതിരൂപതയിലെ ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

20 ഓൺലൈൻ ആയി നടന്ന ചെങ്ങനാശ്ശേരി അതിരൂപതയുടെ അതിരൂപതാദിന ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു.

28 ഓൺലൈൻ ആയി നടന്ന അതിരൂപത പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

- കെ.സി.ഡബ്ല്യു.എ. മലങ്കര ഫൊറോനായുടെ പുതിയ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവരെ സ്വാഗതം ചെയ്ത മീറ്റിംഗിൽ പങ്കെടുത്തു.

29. ഓൺലൈൻ ആയി നടന്ന അതിരൂപത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

- ക്നാനായ ഗ്ലോബൽ പ്രയറിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

30 ഗ്ലോബൽ ക്നാനായ വിമൻസ് പാനൽ ചർച്ച ഉദ്ഘാടനം ചെയ്തു.

31. നിര്യാതനായ ബഹു. ചേത്തലിൽ ജോണച്ചന്റെ കൂടല്ലൂർ പള്ളിയിലെ മൃതസംസ്ക്കാര ശുശ്രൂഷ തിരുക്കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിച്ചു.

# ENGAGEMENTS

## Gheevarghese Mar Aphrem

**2021 June**

01 Online Malankara centenary committee meeting

12 Holy Mass at Monippally

13 Malankara Centenary Sympossium

# വാർത്തകൾ

## പ്രതിസന്ധിയുടെ നടുവിലും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് സഹായഹസ്തമൊരുക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വം: ആർച്ചുബിഷപ്പ് കുര്യൻ വയലുങ്കൽ

ചെറുതോണി: പ്രതിസന്ധിയുടെ നടുവിലും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് സഹായഹസ്തമൊരുക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് അപ്പസ്തോലിക നൂൺഷ്യോ ആർച്ചുബിഷപ്പ് കുര്യൻ വയലുങ്കൽ. കോട്ടയം അതിരൂപതയുടെ ഇടുക്കിയിലെ സാമൂഹ്യസേവന വിഭാഗമായ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹൈറേഞ്ചിന്റെ പ്രത്യേക പശ്ചാത്തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്വാശ്രയസംഘാംഗങ്ങൾക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ശൗചാലയങ്ങളുടെ നിർമ്മാണം തുടങ്ങിയ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്ക് സഹായമൊരുക്കുന്നതാണ് സൊസൈറ്റിയുടെ പുതിയ പദ്ധതി. ചടങ്ങിൽ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി വൈസ് പ്രസിഡന്റ് ഫാ. ജോബി പൂച്ചുക്കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത്, ഗ്രാമതല അനിമേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

## കൃഷി സമുദ്ധാരണ പ്രവർത്തനങ്ങളോടൊപ്പം ഉപവരുമാനമാർഗ്ഗങ്ങളും സുസ്ഥിര വികസനത്തിന് അനിവാര്യം : മാർ മാത്യു മൂലക്കാട്ട്

ചെറുതോണി: കൃഷി സമുദ്ധാരണ പ്രവർത്തനങ്ങളോടൊപ്പം ഉപവരുമാനമാർഗങ്ങളും അനിവാര്യമാണെന്ന് മാർ മാത്യു മൂലക്കാട്ട്. കോട്ടയം അതിരൂപതയുടെ ഇടുക്കിയിലെ സാമൂഹ്യസേവന വിഭാഗം ആയ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി കൃഷി

സമുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന വരുമാനദായക പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സ്വയം പര്യാപ്തത കൈവരിക്കുവാനും ഉപവരുമനമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുവാനും ഓരോരുത്തരും തയ്യാറാകണമെന്നും അദ്ദേഹം പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ടു പറഞ്ഞു. കൃഷിയോടൊപ്പം പശു, ആട്, മുയൽ, കോഴി, കാട തുടങ്ങിയ ഉപവരുമാന മാർഗങ്ങളിലൂടെ കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കണ്ടെത്താനാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സൊസൈറ്റി ഇടുക്കി ജില്ലയിലെ 14 പഞ്ചായത്തുകളിൽ ആണ് ഈ വരുമാന പദ്ധതികൾ നടപ്പിലാക്കുന്നത്. വിവിധ ഗ്രാമങ്ങളിലെ 100 വനിതകൾക്ക് വരുമാനം കണ്ടെത്തുന്നതിനായി ഹൈടെക് കോഴിക്കൂട്, മുയൽക്കൂട്, കാടക്കൂട് എന്നിവ വിതരണം നടത്തുമെന്ന് സൊസൈറ്റി സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത് അറിയിച്ചു. ചടങ്ങിൽ കോട്ടയം അതിരൂപത വികാരി ജനറാളും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, സൊസൈറ്റി വൈസ് പ്രസിഡന്റ് ഫാ. ജോബി പൂച്ചുകണ്ടത്തിൽ, ഷാജി കണ്ടച്ചാൻകുന്നേൽ, വിവിധ സ്വാശ്രയസംഘം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## കാർഷിക വൃത്തിയിലൂടെ മാത്രമേ ഭക്ഷ്യസുരക്ഷ കൈവരിക്കാനാകൂ : മാർ മാത്യു മൂലക്കാട്ട്

ചെറുതോണി: നിറഞ്ഞ മനസ്സോടെയുള്ള കാർഷിക വൃത്തിയിലൂടെ മാത്രമേ ഭക്ഷ്യസുരക്ഷ കൈവരിക്കാനാകുകയുള്ളു എന്ന് കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട്. കോട്ടയം അതിരൂപതയുടെ ഇടുക്കി ജില്ലയിലെ സാമൂഹ്യസേവന വിഭാഗം ആയ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈററി തടിയമ്പാട് മരിയ സദൻ അനിമേഷൻ സെന്ററിൽ ആരംഭിച്ച വിത്ത് ബാങ്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നല്ല വിത്തുകളുടെ സംഭരണവും വിതരണവും കാർഷികമേഖലയ്ക്ക് അനിവാര്യം ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ

കോട്ടയം അതിരൂപത വികാരി ജനറാളും ജി.ഡി.എസ്. പ്രസിഡന്റു മായ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി വൈസ് പ്രസിഡന്റ് ഫാ. ജോബി പൂച്ചുകണ്ടത്തിൽ, സെക്രട്ടറി ഫാ. ജോബിൻ പ്ലാച്ചേരിപ്പുറത്ത്, വിവിധ ഗ്രാമങ്ങളിൽ നിന്നെത്തിയ ജി.ഡി.എസ്. സ്വാശ്രയസംഘ ഭാരവാഹികൾ എന്നി വർ പങ്കെടുത്തു.

## വിശക്കുന്നവർക്ക് ഭക്ഷണം നല്കിയ കുറ്റത്തിന് വൈദികന് തടവുശിക്ഷ

ഇസ്താംബുൾ/തുർക്കി: വിശക്കുന്നവർക്ക് ഭക്ഷണം നൽകു ന്നത് തെറ്റാണോ എന്നൊരു ചോദ്യമാണ് ഇപ്പോൾ ഉയരുന്നത്. ക്രൈസ്തവവിരുദ്ധ നടപടികളുടെ പേരിൽ കുപ്രസിദ്ധിയാർജിച്ച തുർക്കിയിൽനിന്നാണ് ഈ വാർത്തയും. ആശ്രമകവാടത്തിൽ ഭക്ഷണം ചോദിച്ചെത്തിയ രണ്ടുപേർക്ക് ഭക്ഷണം കൊടുത്തതിന്റെ പേരിൽ 'ഭീകരവാദ' കുറ്റം ചുമത്തപ്പെട്ട് വൈദികന് 25 മാസത്തെ തടവുശിക്ഷ വിധിച്ചിരിക്കുകയാണ് തുർക്കി കോടതി.

അസീറിയൻ വൈദികനായ ഫാ. സെഫർ ബിലെസനാണ് തട വുശിക്ഷയ്ക്ക് വിധിക്കപ്പെട്ടത്. ഭക്ഷണം നല്കിയത് നിരോധിക്ക പ്പെട്ട ഭീകരസംഘടനയിലെ അംഗങ്ങൾക്കാണെന്നും അതിനാൽ വൈദികൻ ഭീകരരെ സഹായിക്കുകയാണ് ചെയ്തതെന്നുമാണ് കോടതിയുടെ വിചിത്രമായ കണ്ടെത്തൽ.

പ്രത്യേക കുർദിഷ് രാഷ്ട്രത്തിനായി പോരാടുന്ന നിയമവിരുദ്ധ 'കുർദിഷ് വർക്കേഴ്സ് പാർട്ടി' (പി.കെ.കെ) അംഗങ്ങൾക്ക് ഭക്ഷണം നല്കിയെന്ന കുറ്റത്തിന് ജനുവരി ഒൻപതിന് ഫാ. സെഫറിനെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. എന്നാൽ, ജനങ്ങളുടെ പ്രതിഷേ ധത്തെ തുടർന്ന് നാല് ദിവസത്തിനുശേഷം അദ്ദേഹത്തെ പോലീ സിന് വിട്ടയയ്ക്കേണ്ടിവന്നെങ്കിലും കോടതിയിലൂടെ നിയമ നടപ ടികൾ തുടരുകയായിരുന്നു.

സർക്കാരിന്റെ ആരോപണം ശരിവച്ച് ഫാ. സെഫർ കുറ്റക്കാര നാണെന്ന് കോടതി വിധിയെഴുതിയത് ഏതാനും ദിവസങ്ങൾക്കു മുമ്പാണ്. വിശന്നുവലഞ്ഞെത്തിയവരെക്കുറിച്ച് മറ്റൊന്നും അറിയി

ല്ലെന്ന് കസ്റ്റഡിയിൽ എടുത്ത സമയത്തും വൈദികൻ വ്യക്തമാക്കിയിരുന്നു. പി.കെ.കെയും സുരക്ഷാസേനയും തമ്മിലുള്ള സംഘട്ടനത്തിന്റെ കേന്ദ്രമായിരുന്ന കുർദിഷിന്റെ തെക്കുകിഴക്കൻ ഭാഗത്താണ് ഫാ. സെഫറിന്റെ ആശ്രമം.

ഹാഗിയ സോഫിയ, കൊറാ ചർച്ച് എന്നിവ മോസ്ക് ആക്കി മാറ്റിയ തുർക്കി പ്രസിഡന്റ് തയിബ് എർദോഗന്റെ നടപടി ലോകമെമ്പാടുമുള്ള ക്രൈസ്തവരെ വേദനിപ്പിച്ചിരുന്നു. അതിന്റെ മുറിവുണങ്ങുന്നതിന് മുമ്പാണ് വിശന്നെത്തിയവർക്ക് ഭക്ഷണം നല്കിയതിന്റെ പേരിൽ വൈദികനെ ജയിലിലടച്ച സംഭവം.

## സംവിധായകനും ഫുട്ബോളറും – ഇനി ക്രിസ്തുവിന്റെ പുരോഹിതൻ

ഏപ്രിൽ 25 നു റോമിൽ ഫ്രാൻസിസ് മാർപാപ്പയിൽനിന്നു പൗരോഹിത്യം സ്വീകരിക്കുന്നവരിൽ മുൻ ചലച്ചിത്രസംവിധായകനും മുൻനിര പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബിലെ കളിക്കാരനും ഉൾപ്പെടുന്നു. ആകെ ഒമ്പതു പേരാണ് റോം അതിരൂപതയ്ക്കുവേണ്ടി പാപ്പായിൽനിന്നു പട്ടമേൽക്കുന്നത്. 26 മുതൽ 43 വയസ്സുവരെ പ്രായമുള്ളവർ ഇവരിലുണ്ട്.

28 കാരനായ സാമുവൽ പിയെർമേരിനി ആണ് ഫുട്ബോൾ കളിക്കാരനെന്ന കരിയർ ഉപേക്ഷിച്ചു സെമിനാരിയിൽ ചേർന്നത്. 2011-ൽ അദ്ദേഹം റോമിലെ ദിവ്യരക്ഷകമാതാ സെമിനാരിയിൽ ചേർന്നു. ഫുട്ബോൾ കളിക്കാൻ താൻ ഇപ്പോഴും ഇഷ്ടപ്പെടുന്നുവെന്ന് സാമുവൽ പറഞ്ഞു. റോമിലെ പുരോഹിതരുടെയും പുരോഹിതവിദ്യാർത്ഥികളുടെയും ഒരു ഫുട്ബോൾ ടൂർണമെന്റ് അദ്ദേഹം സംഘടിപ്പിക്കുകയും ചെയ്തിരുന്നു. റോം സ്വദേശികളായ ഒരു കുടുംബത്തിലെ നാലു മക്കളിൽ ഇളയ മകനാണ് സാമുവൽ.

നാൽപതുകാരനായ റിക്കാർദോ സെൻഡാമോ ആണ് ചലച്ചിത്രരംഗം ഉപേക്ഷിച്ച് സെമിനാരിയിൽ ചേർന്ന് ഇപ്പോൾ വൈദികനാകുന്നത്. സിനിമയിൽ പ്രവർത്തിച്ചിരുന്നപ്പോഴും പൗരോഹിത്യത്തിലേക്കുള്ള വിളി തനിക്കറിയാമായിരുന്നുവെന്നും അതു

പക്വത പ്രാപിക്കുന്നതിനുള്ള കാത്തിരിപ്പിലായിരുന്നു താനെന്നും അദ്ദേഹം പറഞ്ഞു. ഒമ്പതു പേരിൽ ആറു പേരും ഇറ്റലിക്കാരാണ്. മൂന്നു പേർ റൊമേനിയ, കൊളംബിയ, ബ്രസീൽ എന്നിവിടങ്ങളിൽ നിന്നു കുടിയേറിയവരാണ്.

## ത്രിതല പഞ്ചായത്തു പ്രതിനിധികളുടെ ഓൺലൈൻ സംഗമം സംഘടിപ്പിച്ചു

വർദ്ധിച്ചു വരുന്ന കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കോട്ടയം അതിരൂപതാംഗങ്ങളായ ത്രിതല പഞ്ചായത്തു പ്രതിനിധികളുടെ ഓൺലൈൻ സംഗമം സംഘടിപ്പിച്ചു. സമകാലിക സാഹചര്യങ്ങൾ വിലയിരുത്തി അതിരൂപതയുടെ വിവിധ ജില്ലകളിലെ ഇടവകപ്രദേശങ്ങളിൽ തുടർപ്രവർത്തനസാധ്യതകൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിനായാണു യോഗം സംഘടിപ്പിച്ചത്. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സഹായ മെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം, വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫൊറോന വികാരിമാർ, അതിരൂപതയിലെ ആശുപത്രി ഡയറക്ടർമാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർമാർ, സമർപ്പിത സമൂഹങ്ങളുടെ മേലധികാരികൾ, തുടങ്ങിയവർ പങ്കെടുത്തു. കോട്ടയം അതിരൂപതയിൽ നിന്നു ത്രിതല പഞ്ചായത്തുകളിൽ സ്ഥാനം വഹിക്കുന്ന 82 അംഗങ്ങളിൽ 62 പേർ ഈ യോഗത്തിൽ ആദ്യന്തം പങ്കെടുത്തു. കിടങ്ങൂർ ബ്ലോക്ക് പഞ്ചായത്തു മെമ്പർ ഡോ. മേഴ്സി ജോൺ മൂലക്കാട്ട്, കാസർഗോഡ് ജില്ലാപഞ്ചായത്ത് വെൽഫെയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഷിനോജ് ചാക്കോ, ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണിസ് പി. സ്റ്റീഫൻ എന്നിവർ ഇടവകതല പ്രവർത്തന സാധ്യതകൾ പങ്കുവച്ചു. കോട്ടയം അതിരൂപത ആരോഗ്യമേഖലയിൽ പൊതുവായും പ്രത്യേകിച്ച് കാരിത്താസ് ആശുപത്രിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അതിരൂപതാ ഹെൽത്ത് കമ്മീഷൻ ചെയർമാൻ റവ. ഡോ. ബിനു കുന്നത്ത് അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ ജനപ്രതിനിധികൾ

വിവിധ പ്രദേശങ്ങളിൽ പ്രവർത്തന നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. ത്രിതലപഞ്ചായത്തു പ്രതിനിധികളുടെ പങ്കാളിത്തത്തിലും നേതൃത്വത്തിലും ഓരോ പ്രദേശത്തെയും ആവശ്യങ്ങൾ മനസ്സിലാക്കി കോവിഡ് രണ്ടാം തരംഗത്തെ അതിജീവിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്കു യോഗത്തിൽ രൂപം നൽകി.

## കോട്ടയം അതിരൂപതാ അൽമായ സംഘടനാ നേതൃസംഗമം സംഘടിപ്പിച്ചു

കോവിഡ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുസമൂഹത്തിലും പ്രത്യേകിച്ച് ഇടവക കേന്ദ്രീകൃതമായി നടപ്പിലാക്കാൻ പറ്റുന്ന പ്രവർത്തന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി കോട്ടയം അതിരൂപതയിലെ അൽമായ സംഘടനകളുടെ നേതൃസംഗമം സംഘടിപ്പിച്ചു. ഓൺലൈനായി സംഘടിപ്പിച്ച സംഗമത്തിൽ അതിരൂപത വികാരി ജനറാളും കെ.സി.സി കെ.സിഡബ്ല്യു.എ ചാപ്ലെയിനുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് വിഷയാവതരണം നടത്തി. കോവിഡ് പശ്ചാത്തലത്തിൽ കെ.സി.സി നടപ്പിലാക്കുന്ന കോവിഡ് പ്രതിരോധ കർമ്മരേഖയും കെ.സി.ഡബ്ല്യു.എ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെയും കർമ്മരേഖകൾ പ്രകാശനം ചെയ്തു. കെ.സി.സി പ്രസിഡന്റ് തമ്പി എരുമേലിക്കര കെ.സി.സിയുടെ പ്രവർത്തനങ്ങൾ വിശദമാക്കി. കെ.സി.ഡബ്ല്യു.എയുടെ പ്രവർത്തനങ്ങൾ പ്രസിഡന്റ് ലിൻസി രാജനും അവതരിപ്പിച്ചു. അതിരൂപതയിലെ ടാസ്ക്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കെ.സി.വൈ.എൽ ചാപ്ലെയിൻ ഫാ. ചാക്കോ വണ്ടൻകുഴി, പ്രസിഡന്റ് ലിബിൻ പാറയിൽ എന്നിവർ വിശദീകരിച്ചു. അതിരൂപത ഹെൽത്ത് കമ്മീഷൻ കോവിഡ് കാലത്തു നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചെയർമാൻ ഡോ. ബിനു കുന്നത്ത് വിശദീകരിച്ചു. ജനറൽ സെക്രട്ടറിമാരായ ബിനോയി ഇടയാടിയിൽ, ഷൈനി ചൊള്ളമ്പേൽ എന്നിവർ സംസാരിച്ചു. കോവിഡ് മഹാമാരിയെ അതിജീവിക്കാനുള്ള നൂതനകർമ്മ പദ്ധതികൾക്കു യോഗത്തിൽ രൂപം നൽകി. കെ.സി.സി, കെ.സി. ഡബ്ല്യു.എ സംഘടനകളുടെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളും യൂണിറ്റ് ഭാരവാഹികളും, ഫൊറോന ഭാരവാഹികളും സംഗമത്തിൽ പങ്കെടുത്തു.